VOL NO: 06 I ISSUE 07
www.nerpatham.com
mail@nerpatham.com
2022 FEBRUARY 12 I ₹10

# നേർപഥം

വാരിക

## സമസ്ത-ശീഈ ആദർശ സാധർമ്യത്തിന്റെ ആഴവും പരപ്പും

ശാസ്ത്രത്തിന്റെ വളർച്ച മറ്റേതൊരു രംഗത്തെയുമെന്ന പോലെ വിശ്വാസമേഖലയെയും വിമലീകരിച്ചിട്ടുണ്ട്, തീർച്ച! അന്ധവിശ്വാസങ്ങളിൽ പലതും ശാസ്ത്രവളർച്ചയിൽ കടപുഴകി വീണതാണ്. എന്നാൽ ശാസ്ത്രമെന്നത് ദൈവത്തിന്റെയും മതത്തിന്റെയും ശത്രുവാണെന്ന് ചിത്രീകരിക്കാൻ നവനാസ്തികർ കിണഞ്ഞ് ശ്രമിക്കുന്നുണ്ട്. എന്താണ് വസ്തുത?




# ശാസ്ത്രം ദൈവത്തെ ഇല്ലാതാക്കിയോ?

## നവനാസ്തികരുടെ വിഭ്രാന്തികൾ!

II ദയാവധം അനുവദിക്കാനാകുമോ?

II ക്വുർആൻ പഠനവും മുൻഗാമികളും

II ആരോഗ്യസംരക്ഷണം വിശ്വാസിയുടെ ബാധ്യത




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm

# 0264

# നേർപഥം
വാരിക

2022 ഫെബ്രുവരി 12
1442 റജബ് 10
പുസ്തകം 06 / ലക്കം 07






Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri


Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



**05**
മുഖമൊഴി
പ്രവാചക ദൗത്യത്തിന്റെ വിവിധ വശങ്ങൾ

**06**
ലേഖനം
സമസ്ത - ശീഈ സാധർമ്യത്തിന്റെ ആഴവും പരപ്പും
മൂസ സ്വലാഹി കാര

**18**
കൂട്ടായ്മ
പിണങ്ങുമ്പോൾ സംഭവിക്കുന്നത്?!
ടി.കെ. അശ്റഫ്

**21**
മധുരം ജീവിതം
'ഉപ്പ്' എന്ന രണ്ടക്ഷരം
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

**23**
ക്വുർആൻ ദർശനം
ക്വാഫ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

**26**
ചരിത്രപഥം
മക്കാ വിജയം
ഹുസൈൻ സലഫി

**32**
ലേഖനം
ക്വുർആൻ പഠനനും മുൻഗാമികളും
പി.എൻ അബ്ദുല്ലത്തീഫ് മദനി

**34**
ആരോഗ്യപഥം
ആരോഗ്യസംരക്ഷണം വിശ്വാസിയുടെ ബാധ്യത
ഡോ. യാസ്മിൻ എം. അബ്ബാസ്

# മാധ്യമ സ്ഥാപനങ്ങൾക്ക് അകാരണമായി വിലക്കേർപ്പെടുത്തുന്നത് അംഗീകരിക്കാനാവില്ല:

### വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

കോഴിക്കോട്: ജനാധിപത്യത്തിന്റെ നാലാം തൂണായ മാധ്യമങ്ങൾക്ക് അകാരണമായി വിലക്കേർപ്പെടുത്തുന്നത് അംഗീകരിക്കാനാവില്ലെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡണ്ട് പി.എൻ അബ്ദുല്ലത്തീഫ് മദനി, ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ് എന്നിവർ വാർത്താ കുറിപ്പിൽ വ്യക്തമാക്കി. മീഡിയ വണ്ണിന്റെ സംപ്രേഷണം കേന്ദ്ര വാർത്താവിതരണ മന്ത്രാലയം വീണ്ടും തടഞ്ഞിരിക്കുന്നു. വിലക്കേർപ്പെടുത്താൻ പ്രത്യേകിച്ച് ഒരു കാരണവും ചൂണ്ടിക്കാണിച്ചിട്ടില്ല. സുരക്ഷാപ്രശ്നങ്ങൾ മുൻനിർത്തിയാണെന്ന് മൊത്തത്തിൽ പറഞ്ഞതൊഴികെ മറ്റു വിശദാംശങ്ങൾ സർക്കാർ പുറത്തുവിട്ടിട്ടില്ലായെന്നത് ദുരൂഹതയുളവാക്കുന്നതാണ്.

രാജ്യസുരക്ഷക്ക് പോലും പോറലേൽപിക്കും വിധം പെഗാസസ് പോലുള്ള സോഫ്റ്റ്‌വെയർ ഉപയോഗിച്ച് മന്ത്രിമാരുടെയും പ്രതിപക്ഷ പാർട്ടികളുടെയും പ്രധാന വ്യക്തികളുടെയും രഹസ്യങ്ങൾ ചോർത്തിയെന്ന ആരോപണംകൊണ്ട് പാർലമെന്റ് പ്രക്ഷുബ്ധമാകുമ്പോൾ ഇത്തരം അനീതിക്കെതിരെ ശബ്ദിക്കുന്ന മാധ്യമങ്ങളെ സുരക്ഷാകാരണങ്ങളുടെ പേരിൽ ഇല്ലാതാക്കാനുള്ള ശ്രമം അത്യന്തം അപഹാസ്യവും അപലപനീയവുമാണ്. ഇത് ജനാധിപത്യ രാജ്യത്തിന്റ അന്തസ്സിന് യോജിച്ചതല്ലെന്നും ഭരണഘടനാ അവകാശങ്ങളുടെ ലംഘനവുമാണെന്നും ഭാരവാഹികൾ ചൂണ്ടിക്കാട്ടി.

ജനാധിപത്യം ഉറപ്പുനൽകുന്ന അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും മാധ്യമ സ്വാതന്ത്ര്യത്തിന്റെയും കടയ്ക്കൽ കത്തിവെക്കുന്ന നടപടി കേന്ദ്ര ഭരണകൂടത്തിന്റെ മാധ്യമ വിരുദ്ധവും ജനാധിപത്യ വിരുദ്ധമായ നിലപാടുകളെയാണ് തുറന്നുകാട്ടുന്നതെന്നും പ്രസിഡന്റും ജനറൽ സെക്രട്ടറിയും വാർത്താകുറിപ്പിൽ കൂട്ടിച്ചേർത്തു.

### മുഹമ്മദ്ബ്നു അബ്ദുൽവഹാബ്(റഹി);

# ആരോപണങ്ങൾക്ക് മറുപടി ശ്രദ്ധേയമായി

ശൈഖ് മുഹമ്മദ്ബ്നു അബ്ദുൽവഹാബി(റഹി)നെ സംബന്ധിച്ച് യാതൊരു അടിസ്ഥാനവുമില്ലാത്ത ആരോപണങ്ങൾ ഉന്നയിച്ച് തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്ന റഹ്മത്തുല്ല ഖാസിമി അടക്കമുള്ളവരുടെ കള്ളത്തരങ്ങൾ തുറന്നുകാണിച്ചുകൊണ്ട് 2022 ഫെബ്രുവരി 3 വ്യാഴാഴ്ച വൈകുന്നേരം 8:30ന് യുവപണ്ഡിതൻ പി. എൻ അബ്ദുറഹ്മാൻ അബ്ദുല്ലത്തീഫ് നടത്തിയ ഓൺലൈൻ പ്രഭാഷണം ഏറെ ശ്രദ്ധേയമായി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തലാണ് പ്രഭാഷണം നടന്നത്.

ശീഇസത്തിന്റെ ആശയങ്ങൾ കേരളത്തിൽ പ്രചരിപ്പിക്കുന്ന ഖാസിമിയുടെ തനിനിറം വ്യക്തമാക്കുന്ന വിധം ചില പ്രോഗ്രാമുകൾ സംഘടിപ്പിക്കപ്പെട്ടപ്പോൾ അതിൽനിന്ന് ശ്രദ്ധ തിരിക്കാനും സമസ്തയിൽ തനിക്ക് നഷ്ടപ്പെടുന്ന സ്വീകാര്യത തിരിച്ചുപിടിക്കുന്നതിനുമായി വഹാബിസത്തെ വിമർശിക്കാൻ ഞാൻ മാത്രമേയുള്ളൂ എന്ന് സമസ്തയിലെ സാധാരണക്കാരെ ബോധ്യപ്പെടുത്താനുമായാണ് പഴകിപ്പുളിച്ച ആരോപണങ്ങൾ വീണ്ടും ഉന്നയിച്ച് രംഗത്തുവരുന്നത്.

ശൈഖിനെക്കുറിച്ചുള്ള വിമർശനങ്ങൾ അദ്ദേഹത്തെസംബന്ധിച്ച് കൂടുതൽ പഠിക്കാനും അദ്ദേഹം പ്രബോധനം ചെയ്ത ആശയങ്ങൾക്കു സ്വീകാര്യത ലഭിക്കാനും മാത്രമെ കാരണമായിട്ടുള്ളൂ. ശൈഖ് തന്നെ തന്റെ ഗ്രന്ഥങ്ങളിൽ മറുപടി നൽകാത്ത പുതിയൊരു ആരോപണവും ആർക്കും ഉന്നയിക്കാൻ ആവുന്നില്ല എന്ന് അദ്ദേഹത്തിന്റെ രചനകൾ മുൻനിർത്തി സവിസ്തരം വിശദീകരിച്ച വേറിട്ടൊരു അവതരണമാണ് പി.എൻ അബ്ദുറഹ്മാൻ നിർവഹിച്ചത്.

# പ്രവാചക ദൗത്യത്തിന്റെ വിവിധ വശങ്ങൾ

ഇബ്റാഹീം നബി(അ) പ്രാർഥിച്ചു: ''ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് (ഞങ്ങളുടെ സന്താനങ്ങൾക്ക്) നിന്റെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപിച്ചു കൊടുക്കുകയും, വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും, അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽനിന്നുതന്നെ നീ നിയോഗിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞാനിയുമാകുന്നു'' (ക്വുർആൻ 2:129).

ഈ പ്രാർഥന അല്ലാഹു സ്വീകരിക്കുകയും മുഹമ്മദ് നബി(സ്വ)യെ അന്തിമ ദൂതനായി നിയോഗിക്കുകയും ചെയ്തു. മുഹമ്മദ് നബി(സ്വ)യുടെ നിയോഗമനത്തെക്കുറിച്ച് അല്ലാഹു പറയുന്നു: ''നമ്മുടെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപിച്ച് തരികയും, നിങ്ങളെ സംസ്കരിക്കുകയും, നിങ്ങൾക്ക് വേദവും വിജ്ഞാനവും പഠിപ്പിച്ചുതരികയും, നിങ്ങൾക്ക് അറിവില്ലാത്തത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യുന്ന, നിങ്ങളുടെ കൂട്ടത്തിൽനിന്നു തന്നെയുള്ള ഒരു ദൂതനെ നിങ്ങളിലേക്ക് നാം നിയോഗിച്ചത് (വഴി നിങ്ങൾക്ക് ചെയ്ത അനുഗ്രഹം) പോലെത്തന്നെയാകുന്നു ഇതും'' (ക്വുർആൻ 2:151).

അല്ലാഹുവിന്റെ മതത്തിന്റെ സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക, അവർക്ക് വേദഗ്രന്ഥം പഠിപ്പിക്കുകയും അവരെ എല്ലാവിധത്തിലും സംസ്കരിക്കുകയും ചെയ്യുക എന്നതാണ് പ്രവാചകന്റെ ദൗത്യം എന്ന് ഈ സൂക്തം മനസ്സിലാക്കിത്തരുന്നു. ആ ദൗത്യം നബി(സ്വ) ഭംഗിയായി നിർവഹിച്ചുകൊണ്ടാണ് ഈ ലോകത്തോട് യാത്ര പറഞ്ഞത്. ഒരു വിശ്വാസി എങ്ങനെയാണ് ജീവിക്കേണ്ടത് എന്ന് നബി(സ്വ) സ്വജീവിതത്തിലൂടെ കാണിച്ചുതന്നു. മതത്തിന്റെ എല്ലാ നിയമങ്ങളും (ശരീഅത്ത്) അവിടുന്ന് സമൂഹത്തെ പഠിപ്പിച്ചു. അത് പാലിക്കേണ്ടതിന്റെ അനിവാര്യതയും പാലിക്കാതിരുന്നാലുള്ള ദോഷവും എന്തെന്ന് വിശദമാക്കിത്തന്നു.

നിസ്സാരമായി ജനങ്ങൾ കണക്കാക്കുന്ന കാര്യങ്ങൾ മുതൽ ഗൗരവതരമായ വിഷയങ്ങളിൽ വരെ അല്ലാഹുവിന്റെ ദിവ്യബോധനം അനുസരിച്ചുള്ള നിയമങ്ങൾ ഇസ്‌ലാമിന്റെ സവിശേഷതയാണ്. കുടുംബപരവും സാമൂഹികവും വൈയക്തികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ കാര്യങ്ങൾ മുതൽ ഇതരജീവികളോട് അനുവർത്തിക്കേണ്ട കാര്യങ്ങൾവരെ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. യുദ്ധത്തിലും സമാധാനത്തിലും സന്ധിയിലും കൈകൊള്ളേണ്ട നിയമങ്ങൾ അതിൽ ഉണ്ട്.

വ്യക്തികളും കുടുംബങ്ങളും ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ ശാന്തമായ പ്രയാണത്തിന് നിയമങ്ങളും മാർഗരേഖകളും അനിവാര്യമാണ്. അവ പാലിക്കപ്പെടുമ്പോഴാണ് ശക്തവും സംഘടിതവുമായ ഒരു ജനത രൂപപ്പെടുന്നത്. മനുഷ്യരാൽ ഉണ്ടാക്കപ്പെട്ട നിയമങ്ങൾ സർവരാലും സുസമ്മതമായിത്തീരുകയോ സാർവകാലികവും സർവജനീനവുമായി അംഗീകരിക്കപ്പെടുകയോ ചെയ്യുന്നില്ല.

മനുഷ്യേന്ദ്രിയങ്ങൾക്ക് പരിധിയും പരിമിതിയും ഉണ്ട് എന്ന യാഥാർഥ്യം അംഗീകരിക്കുന്നതോടൊപ്പം മനുഷ്യബുദ്ധിയുടെ അതിരുകളും ഇത് നമ്മെ അറിയിക്കുന്നു. ചിലർക്ക് സദാചാരമായിത്തീരുന്നത് മറ്റു ചിലർക്ക് ദുരാചാരമായി കാണേണ്ടിവരുന്നു. ചില ദേശക്കാർക്ക് അനുകൂലമായ കാര്യങ്ങൾ മറ്റുചിലർക്ക് പ്രതികൂലമായിത്തീരുന്നു. മനുഷ്യബുദ്ധിക്ക് എത്രതന്നെ വികാസം സംഭവിച്ചാലും ഇത്തരം പരിമിതികളിൽ നിന്നും പുറത്തുപോകാനാവില്ല. എങ്കിൽ സ്ഥലകാലങ്ങൾക്ക് അതീതമായവന്റെ ആജ്ഞാനിർദേശങ്ങൾ അനിവാര്യമാണെന്ന് നാം അംഗീകരിക്കേണ്ടി വരുന്നു.

മുൻ വേദഗ്രന്ഥങ്ങളും പ്രവാചകന്മാരും നിശ്ചിത സമയത്തേക്കോ ഏതെങ്കിലും സ്ഥലത്തേക്കോ സമൂഹത്തിലേക്കോ മാത്രം പരിമിതമായിരുന്നുവെങ്കിൽ മുഹമ്മദ് നബിയാൽ സമാപ്തി കുറിച്ച ഇസ്‌ലാം സർവലോകർക്കുമുള്ള സന്ദേശവും വിശുദ്ധ ക്വുർആൻ എല്ലാ കാലത്തേക്കുമുള്ള ജീവിതരേഖയുമാണ്.



# സമസ്ത-ശീഈ ആദർശ സാധർമ്യത്തിന്റെ ആഴവും പരപ്പും

മൂസ സ്വലാഹി കാര
:97473 45768

മതത്തെ കളങ്കപ്പെടുത്തിയും അതിന്റെ പ്രമാണങ്ങളെ അപഹസിച്ചും സച്ചരിത സരണിയെ നിരസിച്ചും പ്രയാണം നടത്തുന്ന ശിയാക്കളും സമസ്തയും ഒരു കൂട്ടിലെ ഇണക്കിളികളാണെന്ന് സമസ്തയുടെ പണ്ഡിതൻ തന്നെ വെളിപ്പെടുത്തുന്നത് കാണുക:

"അടിസ്ഥാന വിശ്വാസമായ തൗഹീദിൽ സുന്നികളും ശിയാക്കളും യോജിക്കുന്നു. സുന്നികളും ശിയാക്കളും തമ്മിലുള്ള ഭിന്നത ആരംഭിക്കുന്നത് മതത്തിന്റെ രാഷ്ട്രീയ വശത്തിലാണ്. അതായത് ഇമാമത്ത്-ഖിലാഫത്ത് പ്രശ്നത്തിലാണ്'' (അൽമുബാറക്, 1989 ആഗസ്റ്റ് 16, പേജ് 5).

വിശദീകരണം ആവശ്യമില്ലാത്തവിധം ഇവർ തമ്മിലുള്ള സാധർമ്യം വ്യക്തമായല്ലോ. ഇരുകൂട്ടരും തമ്മിലുള്ള ആശയ സൗഹൃദത്തിന്റെ ആഴം സമൂഹത്തെ ബോധ്യപ്പെടുത്തുന്നതോടൊപ്പം സന്മാർഗത്തിൽ ഉറച്ച് നിൽക്കാനും നന്മയിൽ ധൃതികാണിക്കാനും നമുക്ക് സാധിക്കണം. അല്ലാഹു പറയുന്നു: ``ആകയാൽ അല്ലാഹുവിൽനിന്ന് ആർക്കും തടുക്കാനാവാത്ത ഒരു ദിവസം വരുന്നതിന് മുമ്പായി നീ നിന്റെ മുഖം വക്രതയില്ലാത്ത മതത്തിലേക്ക് തിരിച്ച് നിർത്തുക. അന്നേദിവസം ജനങ്ങൾ (രണ്ടുവിഭാഗമായി) പിരിയുന്നതാണ്. വല്ലവനും നന്ദികേട് കാണിച്ചാൽ അവന്റെ നന്ദികേടിന്റെ ദോഷം അവന്നുതന്നെയായിരിക്കും. വല്ലവനും സൽകർമം ചെയ്യുന്നപക്ഷം തങ്ങൾക്കുവേണ്ടി തന്നെയാണ് അവർ സൗകര്യമൊരുക്കുന്നത്'' (ക്വുർആൻ 30:43,44).

മതാധ്യാപനങ്ങൾ വിശ്വാസികൾക്ക് പകർന്നുകിട്ടിയത് സച്ചരിതരായ പൂർവികരിൽനിന്നാണ്. അവരെ സത്യസന്ധമായി പിൻപറ്റുന്നവർക്ക് മാത്രമെ നേർമാർഗം പ്രാപിക്കാനാകൂ. അല്ലാഹു പറയുന്നു:``നിങ്ങൾ ഈ വിശ്വസിച്ചത് പോലെ അവരും വിശ്വസിച്ചിരുന്നാൽ അവർ നേർമാർഗത്തിലായിക്കഴിഞ്ഞു. അവർ പിന്തിരിഞ്ഞ് കളയുകയാണെങ്കിലോ അവരുടെ നിലപാട് കക്ഷിമാത്സര്യം മാത്രമാകുന്നു. അവരിൽ നിന്ന് നിന്നെ സംരക്ഷിക്കാൻ അല്ലാഹു മതി, അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമത്രെ'' (ക്വുർആൻ 2:137).

അൽമുബാറകിൽ വീണ്ടും പറയുന്നു: ``മരിച്ചുപോയ പ്രവാചകന്മാർക്കും ഔലിയാഅ് എന്ന് പറയുന്ന പുണ്യാത്മാക്കൾക്കും അവരുടെ മരണശേഷവും ഭൗതികലോകത്തെ കാര്യങ്ങളിൽ ഇടപെടാനും ലോകരെ സഹായിക്കാനും വേണമെങ്കിൽ ഉപദ്രവിക്കാനും അല്ലാഹു കഴിവ് നൽകുമെന്നാണ് അശ്അരി മാതുരീതി സുന്നികളുടെ വിശ്വാസം. ഇതുതന്നെയാണ് ശിയാക്കളും വിശ്വസിക്കുന്നത്'' (അൽമുബാറക്, 1989 ആഗസ്റ്റ് 16, പേജ് 5).

മുഅ്തസിലി അഭിപ്രായങ്ങളിലൂടെ വളരുകയും പിന്നീട് ഇബ്നുകുല്ലാബ് ഉണ്ടാക്കിയ വചനശാസ്ത്ര മദ്ഹബ് സ്വീകരിക്കുകയും ശേഷം ഇമാം അഹ്മ്മദി(റ)ന്റെ പാതയിലേക്ക് മടങ്ങുകയും ചെയ്ത അബുൽ ഹസൻ അൽഅശ്അരിയിലേക്ക് ചേർക്കപ്പെടുന്ന വിഭാഗമാണ് അശ്അരികൾ. ഞങ്ങളിൽ ശാഫിഈകളും മാലികികളുമുണ്ടെന്നാണ് ഇവരുടെ വാദം.

കുല്ലാബിനെ കണ്ടുമുട്ടാതെ അദ്ദേഹത്തെ ശൈഖായി സ്വീകരിച്ച് അശ്അരിയ്യത്തിന്റെ വഴിയെ വളർന്നുവന്ന അബൂ മൻസൂറുൽ മാതുരീദിയുടെ അനുയായികളായ മാതുരീദികൾ ഹനഫി വക്താക്കളുമാണ്. ഖവാരിജുകളും ശിയാക്കളും തുറന്ന വ്യതിയാന വാതിലിലൂടെ പ്രവേശിച്ചുണ്ടായ ഇവർ പടച്ചുണ്ടാക്കിയ വികല ആശയങ്ങളിൽ ചിലത് സൂചിപ്പിക്കാം:

ആരാധന അല്ലാഹുവല്ലാത്തവർക്ക് നൽകുന്നത് ശിർക്കല്ലെന്നും അവന്റെ വിശേഷണങ്ങളെ നിഷേധിക്കൽ തൗഹീദാണെന്നും ഇവർ വിശ്വസിക്കുന്നു. അല്ലാഹുവിന്റെ വിശേഷണങ്ങളെ ദുർവ്യാഖ്യാനിക്കുന്നു. അവയിൽ ആലങ്കാരികമായവ ഉണ്ടെന്നും വാദിക്കുന്നു. അദ്വൈത, അവതാര വിശ്വാസങ്ങളും തെളിവുകളെക്കാൾ ബുദ്ധിയെ മുന്തിക്കുന്ന രീതിയും ഇവരിലുണ്ട്. മാരണവും അമാനുഷികതയും ഒന്നാണെന്നും ക്വുർആനിന്റെ പദങ്ങൾ സൃഷ്ടിയാണെന്നും ഇവർ ജൽപിക്കുന്നു.

വിശ്വാസമെന്നാൽ സത്യപ്പെടുത്തൽ മാത്രമാ

ണെന്നും മലക്കുകൾ ശരീരമില്ലാത്ത ആത്മാക്കളാണെന്നും അവർ ഔലിയാക്കളിൽ ഇറങ്ങുമെന്നും പ്രചരിപ്പിക്കുന്നു. പരലോകത്ത് വിശ്വാസികൾ അല്ലാഹുവിനെ കണ്ണുകൊണ്ട് കാണുമെന്നതിനെ നിഷേധിക്കുന്നു. മാത്രമല്ല അബൂ ഹാമിദ് അൽഗസ്സാലി അൽഖുശൈരിയിലൂടെ സൂഫിസവും ക്വുബൂരിസവും ഇവരിൽ പ്രവേശിച്ചതിനാൽ ക്വബ്റാരാധനയും മരണപ്പെട്ടവരോടുള്ള സഹായതേട്ടവും ഔലിയാക്കളോടുള്ള പ്രാർഥനയും ശക്തമായിത്തന്നെ ഇവർക്കിടയിൽ നിലനിൽക്കുന്നു.

ഗ്രീക്ക് തത്ത്വശാസ്ത്രം, തർക്കശാസ്ത്രം, പ്രമാണങ്ങളിൽനിന്ന് അകന്നുപോയ തെറ്റായ വഴികളിൽ പ്രവേശിക്കൽ, നബിചര്യയെ വെടിഞ്ഞ് ദേഹേച്ഛയെ പിൻപറ്റൽ എന്നീ കാരണങ്ങളാൽ മുഅ്തല്ലത്ത്, മുർജിഅത്ത്, ജഹ്മിയ്യത്ത്, ജബ്രിയ്യത്ത്, കുല്ലാബിയ്യത്ത്, കലാമിയ്യത്ത്, അക്വ്ലാനിയ്യത്ത്, ക്വുബൂരിയ്യത്ത്, സൂഫിയ്യത്ത്, ഫൽസഫത്ത് തുടങ്ങിയ നാമങ്ങളിലെല്ലാം ഇരുവിഭാഗങ്ങളും അറിയപ്പെട്ടിട്ടുണ്ട്.

നാല് മദ്ഹബുകളുടെ ഇമാമുകളോ, പ്രമുഖരായ ഹദീസ് പണ്ഡിതന്മാരോ ഇവരുടെ പക്ഷക്കാരല്ല. എന്നാലും ഞങ്ങൾ അഹ്ലുസ്സുന്ന വൽജമാഅയാണെന്ന് ഇവർ വാദിക്കുകയും ചെയ്യുന്നു.

ഇബ്നു മസ്ഊദ്(റ) പറഞ്ഞു: ''നിങ്ങൾ അറിവുള്ളവരാവുക. മതത്തിൽ പുതുതായി ഉണ്ടാക്കുന്നതിനെയും അതിൽ അതിര് വിടുന്നതിനെയും അമിതമാകുന്നതിനെയും നിങ്ങൾ സൂക്ഷിക്കുക. പൂർവികരെ നിങ്ങൾ ചേർത്തുപിടിക്കുക.''

കർമരംഗത്ത് സമസ്ത ശീലിച്ച അന്ധമായ അനുകരണത്തിനും അവർക്ക് മാതൃക ശിയാക്കളാണെന്ന്. അവർ പറയുന്നത് നോക്കൂ:

''കർമശാസ്ത്രപരമായി ജഅ്ഫരി, സൈദി മദ്ഹബുകളിലൊന്ന് സ്വീകരിക്കൽ നിർബന്ധമാണെന്ന് ശിയാക്കൾ വിശ്വസിക്കുന്നു. സുന്നികൾക്കും ഇതുപോലെ മദ്ഹബ് സ്വീകരിക്കൽ നിർബന്ധമാണ്'' (അൽ മുബാറക്, പേജ് 5).

അല്ലാഹുവിനെയും നബി(സ)യെയും അനുസരിക്കുന്നവർ പ്രമാണങ്ങൾ കൊണ്ട് പ്രബലമായ അഭിപ്രായത്തെയാണ് സ്വീകരിക്കുക. അല്ലാഹു പറയുന്നു:

''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽനിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും'' (ക്വുർആൻ 4:59).

അജ്ഞതയിലും അനാചാരങ്ങളിലും ജനങ്ങളെ കെട്ടിയിടാൻ പൗരോഹിത്യം മറയാക്കിയത് അഹ്ലുസ്സുന്നയുടെ ഇമാമുമാരായ അബൂഹനീഫ(റഹി), ശാഫിഈ(റഹി) എന്നിവരെയാണ്. എന്നാൽ അവർ പഠിപ്പിച്ചതെന്താണ്?

അബൂഹനീഫ(റ) പറഞ്ഞു: ''അല്ലാഹുവിന്റെ കിതാബിനും റസൂലി(സ)ന്റെ സുന്നത്തിനും എതിരായി ഞാൻ വല്ലതും പറഞ്ഞിട്ടുണ്ടെങ്കിൽ എന്റെ വാക്കുകൾ നിങ്ങൾ ഉപേക്ഷിക്കുക.''

ഇമാം ശാഫിഈ(റഹി) പറഞ്ഞു: ''എന്റെ ഗ്രന്ഥത്തിൽ നബി(സ)യുടെ സുന്നത്തിന് വിരുദ്ധമായത് വല്ലതും നിങ്ങൾ കണ്ടാൽ നബി(സ)യുടെ സുന്നത്ത് നിങ്ങൾ സ്വീകരിക്കുക. ഞാൻ പറഞ്ഞത് നിങ്ങൾ ഉപക്ഷിക്കുക.''

**ആരാധന അല്ലാഹുവല്ലാത്തവർക്ക് നൽകുന്നത് ശിർക്കല്ലെന്നും അവന്റെ വിശേഷണങ്ങളെ നിഷേധിക്കൽ തൗഹീദാണെന്നും ഇവർ വിശ്വസിക്കുന്നു. അല്ലാഹുവിന്റെ വിശേഷണങ്ങളെ ദുർവ്യാഖ്യാനിക്കുന്നു. അവയിൽ ആലങ്കാരികമായവ ഉണ്ടെന്നും വാദിക്കുന്നു. അദ്വൈത, അവതാര വിശ്വാസങ്ങളും തെളിവുകളെക്കാൾ ബുദ്ധിയെ മുന്തിക്കുന്ന രീതിയും ഇവരിലുണ്ട്. മാരണവും അമാനുഷികതയും ഒന്നാണെന്നും ക്വുർആനിന്റെ പദങ്ങൾ സൃഷ്ടിയാണെന്നും ഇവർ ജൽപിക്കുന്നു.**

ഇത് കാണാത്തവരല്ലല്ലോ മുസ്ലിയാക്കന്മാർ? എന്നിട്ടും സമസ്തയിലെ ഒരു മുതിർന്ന മുസ്ലിയാർ പറയുന്നത് നോക്കൂ:

''ഇസ്ലാമിൽ കർമപരവും വിശ്വാസപരവുമായ കാര്യങ്ങളുണ്ട്. വിശ്വാസകാര്യങ്ങൾ ഇമാം അശ്അരിയും ഇമാം മാതുരീദിയും ക്രോഡീകരിച്ചിട്ടുണ്ട്. അതിനെതിരായ വിശ്വാസം ഇസ്ലാമിന്റെ വിശ്വാസമല്ല. കർമപരമായ കാര്യങ്ങൾ നാലിലൊരു മദ്ഹബനുസരിച്ചാവലും അനിവാര്യമാണ്. വിശ്വാസവും കർമവും ഇപ്പറഞ്ഞതിനെതിരായാൽ അത് ഇസ്ലാമല്ലാത്തതാണ്. ഇങ്ങനെയാണ് മുസ്ലിം ലോകത്തിന്റെ ഏകകണ്ഠമായമായ തീരുമാനം'' (ഇവരെ എന്തുകൊണ്ട് അകറ്റണം?, എ.പി അബൂബക്കർ മുസ്ലിയാർ ചാലിയം, പേജ് 19).

മതം പറഞ്ഞിട്ടില്ലാത്ത കാര്യങ്ങളെ മതമായി പഠിപ്പിക്കുന്ന ഈ വിഭാഗങ്ങളെ കരുതിയിരിക്കുക. നമ്മുടെ പരലോകത്തെ ബാധിക്കുന്ന വിഷയമാണിത്.

അല്ലാഹു പറയുന്നു: ''അല്ലാഹുവിന്റെ ബാധ്യതയാകുന്നു നേരായ മാർഗം (കാണിച്ചുതരിക) എന്നത്. അവയുടെ (മാർഗങ്ങളുടെ) കൂട്ടത്തിൽ പിഴച്ചവയുമുണ്ട്.

അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെയെല്ലാം അവൻ നേർവഴിയിലാക്കുമായിരുന്നു'' (ക്വുർആൻ 16:9).

സൂറഃ മുഹമ്മദിലെ 24ാം വചനത്തിന്റെ വിശദീകരണത്തിൽ ഇമാം ശൻക്വീത്വി(റഹി) പറഞ്ഞത് കൂടി ഓർമ്മിപ്പിക്കട്ടെ:

''ക്വുർആൻ പഠിക്കുന്നതും അതനുസരിച്ച് പ്രവർത്തിക്കുന്നതും അതിനെപ്പറ്റി ചിന്തിക്കുന്നതും മനസ്സിലാക്കുന്നതുമൊക്കെ മുസ്‌ലിംകൾക്ക് ഒഴിച്ചുകൂടാനാവാത്തതാണ് എന്ന് ഈ പ്രസ്താവിക്കപ്പെട്ട ആയത്തുകൾ അറിയിക്കുന്നു. ഇത്തരം(ക്വുർആനെപ്പറ്റി ആലോചിക്കൽ) കാര്യങ്ങളിൽ വ്യാപൃതരാകുന്നവരാണ് ജനങ്ങളിലേറ്റവും ഉത്തമർ എന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. ഉസ്മാനുബ്‌നു അഫ്ഫാനി (റ)ൽനിന്ന് ഉദ്ധരിക്കുന്ന സ്വഹീഹുൽ ബുഖാരിയിലെ ഹദീഥിൽ പ്രവാചകൻ(സ) ഇപ്രകാരം പറഞ്ഞതായി സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്: 'നിങ്ങളിലേറ്റവും ഉത്തമർ ക്വുർആൻ പഠിക്കുന്നവരും പഠിപ്പിക്കുന്നവരുമാണ്.' അല്ലാഹു പറഞ്ഞു: 'നിങ്ങൾ വേദഗ്രന്ഥം പഠിപ്പിച്ച് വരുന്നതുകൊണ്ടും നിങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടും നിങ്ങൾ 'റബ്ബാനികൾ' (മതോപദേഷ്ടാക്കൾ) ആയിത്തീരുവീൻ എന്നായിരിക്കും (അദ്ദേഹം പറയുക).'

ക്വുർആൻ പാരായണം ചെയ്യൽ, അത് മനസ്സിലാക്കൽ, ക്വുർആനും ക്വുർആനിന്റെ വിശദീകരണമായ സ്ഥിരപ്പെട്ട സുന്നത്തുകളുമനുസരിച്ച് പ്രവർത്തിക്കൽ എന്നിവയിൽനിന്ന് ഒരുപാട് പേർ പിന്തിരിയുന്നു എന്നത് വളരെ മോശമായതും വമ്പിച്ചതുമായ തെറ്റാണ്. അങ്ങനെ പ്രവർത്തിക്കുന്നവർ സ്വയം സന്മാർഗത്തിലാണെന്ന് വിചാരിച്ചാലും ശരി.

ഇമാമുമാരുടെ ക്രോഡീകരിക്കപ്പെട്ട മദ്ഹബുകളിൽ തങ്ങൾക്ക് മതിയായതെല്ലം ഉള്ളതിനാൽ

**അജ്ഞതയിലും അനാചാരങ്ങളിലും ജനങ്ങളെ കെട്ടിയിടാൻ പൗരോഹിത്യം മറയാക്കിയത് അഹ്‌ലുസ്സുന്നയുടെ ഇമാമുമാരായ അബൂഹനീഫ(റഹി), ശാഫിഈ (റഹി) എന്നിവരെയാണ്. എന്നാൽ അവർ പഠിപ്പിച്ചതെന്താണ്? അബൂഹനീഫ(റ) പറഞ്ഞു: ''അല്ലാഹുവിന്റെ കിതാബിനും റസൂലി(സ)ന്റെ സുന്നത്തിനും എതിരായി ഞാൻ വല്ലതും പറഞ്ഞിട്ടുണ്ടെങ്കിൽ എന്റെ വാക്കുകൾ നിങ്ങൾ ഉപേക്ഷിക്കുക.''**

ക്വുർആനും സുന്നത്തും ആവശ്യമില്ല, മദ്ഹബുകൾ മാത്രം മതി എന്നു വിചാരിച്ചുകൊണ്ട് ക്വുർആനും സുന്നത്തുമനുസരിച്ച് പ്രവർത്തിക്കേണ്ടതില്ല എന്നു പറയുന്നതിലെ വലിയ വിഡ്ഢിത്തം ബുദ്ധിയുള്ള ആർക്കും മനസ്സിലാകും. അല്ലാഹുവിന്റെ ഗ്രന്ഥത്തിനും പ്രവാചകന്റെ സുന്നത്തിനും സ്വഹാബാക്കളുടെ ഇജ്മാഉനും (ഏകാഭിപ്രായത്തിനും) നാല് ഇമാമുമാരുടെ വാക്കുകൾക്കും എതിരാണിത്. ഇങ്ങനെ പ്രവർത്തിക്കുന്നവർ അല്ലാഹുവിനും റസൂലിനും സ്വഹാബാക്കൾക്കും പണ്ഡിതന്മാർക്കുമെല്ലാം എതിരാണ്'' (അള്‌വാഉൽ ബയാൻ).

ശ്രേഷ്ഠരായ സ്വഹാബിമാർക്കിടയിൽ നാല് പേർക്ക് മാത്രം പ്രത്യേകത കൽപിക്കുകയും അവരെ സ്‌നേഹിക്കലും പിൻപറ്റലുമാണ് മതമെന്നും അവരിൽനിന്ന് വന്നത് മാത്രമാണ് സ്വീകരിക്കേണ്ടതെന്നുമുള്ള വ്യാജവാദങ്ങൾ ഉയർത്തിവിട്ടാണ് ശിയാക്കൾ നിലനിൽക്കുന്നത്.

നബികുടുംബത്തോട് പ്രിയമുണ്ടെന്ന് വരുത്തിത്തീർത്ത് നിഗൂഢ ലക്ഷ്യങ്ങൾ നടപ്പിലാക്കുകയാണ് അവരുടെ കാര്യപരിപാടി. സമസ്തയുടെയും ജീവവായു ഇതുതന്നെ. അവർ എഴുതിയത് കാണുക: ''ഒരർഥത്തിൽ പറഞ്ഞാൽ ശിയാക്കളും സുന്നികൾ തന്നെയാണ്. കാരണം അവരും നബിയുടെ സുന്നത്ത് അനുഗമിക്കുന്നവർ തന്നെയാണ്. പക്ഷേ, അഹ്‌ലുബൈത്ത് റിപ്പോർട്ട് ചെയ്യുന്ന ഹദീസുകളെ അവർ സ്വീകരിക്കുകയുള്ളുവെന്നതാണ് വ്യത്യാസം'' (അൽമുബാറക്, പേജ് 5).

വിശുദ്ധ ക്വുർആൻ 42 ൽ 23ാം വചനത്തിന്റെ പ്രബല വ്യാഖ്യാനത്തെ അട്ടിമറിച്ച് ഒരു മുസ്‌ലിയാർ എഴുതിയത് കാണുക:

''അഹ്‌ലുബൈത്തിന്റെ സവിശേഷ സ്ഥാനവും പദവിയും പരിശുദ്ധ ഖുർആൻ വഴി സ്ഥാപിതമായതാണ്. അവരെ സ്‌നേഹിക്കലും ആദരിക്കലും നമുക്ക് കടമയാണ്. അല്ലാഹു പറയുന്നു: നബിയേ തങ്ങൾ പറയുക; ഇതിന്റെ(പ്രബോധനത്തിന്റെ) പേരിൽ പ്രതിഫലമൊന്നും നിങ്ങളോട് ഞാൻ ചോദിക്കുന്നില്ല. എന്റെ കുടുംബത്തെ സ്‌നേഹിക്കലല്ലാതെ'' (എസ്.വൈ.എസ് അറുപതാം വാർഷികോപഹാരം, പേജ് 123).

ഈ ആയത്തിലെ 'അൽക്വുറുബ' എന്നത് ക്വുറൈശികളെല്ലാം നബി(സ)യുമായി കുടുംബബന്ധമുണ്ടെന്നാണ് സൂചപ്പിക്കുന്നതെന്ന് ഇബ്‌നു അബ്ബാസി(റ)ൽനിന്ന് ഇമാം ബുഖാരി(റഹി) ഉദ്ധരിച്ചിട്ടുണ്ട്. ഇബ്‌നുകഥീറും ഈ അഭിപ്രായത്തെയാണ് മുന്തിച്ചിട്ടുള്ളത്.

നബി(സ)യുടെ പത്‌നിമാർ, സന്തതികൾ, ബനൂ ഹാശിം, ബനൂ മുത്വലിബ് എന്നിവരടങ്ങുന്ന അവിടുത്തെ കുടുംബത്തെ അലി(റ)യിലേക്ക് മാത്രമായി ചുരുക്കുന്നത് ഉത്‌കൃഷ്ടരായ മറ്റു സ്വഹാബത്തിനോടുള്ള അനിഷ്ടത്തെയല്ലേ സൂചിപ്പിക്കുന്നത്?

മേൽ പറയപ്പെട്ട കാര്യത്തെ ഒന്നുകൂടി ഊട്ടിയുറപ്പിച്ചത് കാണുക: ''കേരള മുസ്‌ലിംകൾ എക്കാലവും ആദർശങ്ങളിൽ മധ്യമ നിലപാട് സ്വീകരിച്ചവരായിരുന്നു. ശാഫിഈ, അശ്അരി പാത പിന്തുടരുന്നതോ

ടൊപ്പം പ്രവാചക കുടുംബത്തോടുള്ള സ്നേഹാദരവുകൾ ഉള്ളിൽ സൂക്ഷിച്ച് അതിന്റെ പവിത്രത ഉൾകൊണ്ട് ജീവിക്കുന്നവരാണ്'' (തെളിച്ചം മാസിക/മാർച്ച് 2017/ പേജ്,21:)

അഹ്ലുസ്സുന്ന വൽ ജമാഅയുടെ പക്ഷത്തുള്ള സലഫികൾ അഹ്ലു ബൈത്തിനെ അനാദരിക്കുന്നവരും അവഗണിക്കുന്നവരുമാണെന്ന ദുഷ്പ്രചാരണം പുരോഹിതന്മാർ വ്യാപകമായി നടത്താറുണ്ട്. എന്നാൽ അവരുടെ കാര്യത്തിലുള്ള അതിരുവിട്ട വിശ്വാസങ്ങളെ ശക്തമായി എതിർക്കുന്നതോടൊപ്പം അവർക്കുള്ള സ്ഥാനവും പദവിയും ഒട്ടും കുറയ്ക്കാതെ നൽകുന്നവരാണ് സലഫികൾ.

അഹ്മദുബ്നു ഹമ്പൽ(റഹി) പറഞ്ഞു: ''ഈ സമുദായത്തിൽ പ്രവാചകന് ശേഷം അബൂബക്കർ(റ), ഉമർ(റ), ഉസ്മാൻ(റ) എന്നിവരാണ് ഉത്തമർ. പ്രവാചകന്റെ അനുചരന്മാർ അവരെ മുന്തിച്ചത് പോലെ നാം മുന്തിക്കുന്നു. അതിലവർ അഭിപ്രായ വ്യത്യാസമുള്ളവരായിട്ടില്ല. ഈ മൂന്നുപേർക്ക് ശേഷം കൂടിയാലോചന സമിതിയിലെ അംഗങ്ങളായ അലിയ്യുബ്നു അബീത്വാലിബ്(റ), ത്വൽഹത്ത്(റ), സുബൈർ(റ), അബ്ദുറഹ്മാനുബ്നു ഔഫ്(റ), സഅ്ദ്(റ) എന്നീ അഞ്ചു പേരാണ്. ഇവരെല്ലാം ഖിലാഫത്തിന് പറ്റുന്നവരും ഇമാമുമാരുമാണ്. ഇബ്നു ഉമറി(റ)ന്റെ ഹദീസിൽ കാണാം: 'നബി(സ)യും അവിടുത്തെ സ്വഹാബത്തും ജീവിച്ചിരിക്കെ അബൂബക്കർ(റ), ഉമർ(റ), ഉസ്മാൻ(റ) എന്നിങ്ങനെ ഞങ്ങൾ എണ്ണാറുണ്ടായിരുന്നു. അപ്പോൾ നബി(സ) അതിനെ എതിർക്കാറുണ്ടായിരുന്നില്ല'' (ഉസൂലുസ്സുന്ന).

ഈ ക്രമം നബി(സ) അവിടുത്തെ ഇഷ്ടത്തിനോ, ഇച്ഛക്കോ അനുസരിച്ച് വരുത്തിയതല്ല. അല്ലാഹുവിന്റെ നിശ്ചയ പ്രകാരമാണത്.

**അഹ്ലുസ്സുന്ന വൽ ജമാഅയുടെ പക്ഷത്തുള്ള സലഫികൾ അഹ്ലു ബൈത്തിനെ അനാദരിക്കുന്നവരും അവഗണിക്കുന്ന വരുമാണെന്ന ദുഷ്പ്രചാരണം പുരോഹിതന്മാർ വ്യാപകമായി നടത്താറുണ്ട്. എന്നാൽ അവരുടെ കാര്യത്തിലുള്ള അതിരുവിട്ട വിശ്വാസങ്ങളെ ശക്തമായി എതിർക്കുന്നതോടൊപ്പം അവർക്കുള്ള സ്ഥാനവും പദവിയും ഒട്ടും കുറയ്ക്കാതെ നൽകുന്നവരാണ് സലഫികൾ.**

ക്വുർആൻ പറയുന്നു: ''നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും, (ഇഷ്ടമുള്ളത്) തെരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് തെരഞ്ഞെടുക്കുവാൻ അർഹതയില്ല. അല്ലാഹു എത്രയോ പരിശുദ്ധനും അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം ഉന്നതനുമായിരിക്കുന്നു'' (28:68).

ഇബ്നു തൈമിയ്യ(റഹി) അവരെക്കുറിച്ച് പറഞ്ഞു: ''നിർബന്ധമായും സംരക്ഷിക്കേണ്ടതായ അവകാശങ്ങൾ അവർക്കുണ്ട്. കാരണം അല്ലാഹു അവർക്ക് ഫയ്ഇലും ഖുമുസിലും (യുദ്ധാർജിത മുതലുകൾ) അവകാശം നൽകിയിട്ടുണ്ട്. പ്രവാചകന് വേണ്ടി പ്രർഥിക്കുന്നതോടൊപ്പം അവർക്ക് വേണ്ടി പ്രാർഥിക്കാനും അല്ലാഹു കൽപിച്ചു'' (മജ്മൂഅ് ഫതാവ).

മതപരമായ ഭിന്നതകളുണ്ടാകുമ്പോൾ സച്ചരിതരായ ഖലീഫമാരുടെ പാത മുറുകെ പിടിക്കണമെന്നത് നബി(സ)യുടെ ഉപദേശമാണ്. അവർ തന്നെയും പരസ്പരമുള്ള സ്ഥാനങ്ങളെ അംഗീകരിച്ചവരും വരാനുള്ള കുഴപ്പങ്ങളെ നബിവചനങ്ങളിലൂടെ തിരിച്ചറിഞ്ഞവരുമാണ്. എല്ലാ സ്വഹാബത്തും പിൻപറ്റപ്പെടേണ്ടവരായതിനാൽ അവരെല്ലാം വിശ്വാസികൾക്ക് മാർഗദർശികളാണ്.

ഇബ്നു മസ്ഊദ്(റ)പറഞ്ഞു: ''നിങ്ങളിൽ ആരെങ്കിലും മാതൃകയാക്കുന്നുവെങ്കിൽ മുഹമ്മദ് നബി(സ)യുടെ സ്വഹാബത്തിനെ മാതൃകയാക്കട്ടെ. അവരാണ് ഈ സമൂഹത്തിലെ ഏറ്റവും നല്ല അവസ്ഥയിലുള്ളവർ, അഗാധജ്ഞാനമുള്ളവർ, കൃത്രിമത്വം ഒട്ടുമില്ലാത്തവർ, നേർമാർഗത്തിൽ നിലകൊണ്ടവർ, തന്റെ പ്രവാചകന്റെ അനുയായികളാവാൻ അല്ലാഹു തെരഞ്ഞെടുത്തവരാണവർ. നിങ്ങൾ അവരുടെ ശ്രേഷ്ഠത അംഗീകരിക്കണം. അവരുടെ കാൽപാടുകളെ നിങ്ങൾ പിൻപറ്റണം. കാരണം അവരായിരുന്നു നേർമാർഗത്തിൽ നിലകൊണ്ടവർ'' (ഇബ്നു അബ്ദുൽബർറ്/ ജാമിഉ ബയാനിൽ ഇൽമ്).

സൂറഃ തൗബയിലെ 100-ാം വചനത്തെ വിശദീകരിച്ച് ഇമാം ശൻക്വീഥി(റ) പറഞ്ഞത് കൂടി കാണുക: ''മുഹാജിറുകളിൽനിന്നും അൻസാറുകളിൽനിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു എന്ന കാര്യം അല്ലാഹു ഈ ആയത്തിൽ വ്യക്തമാക്കി എന്നതിൽ അവ്യക്തതയില്ല. ആരാണോ അവരെ ചീത്ത വിളിക്കുന്നതും അവരോട് ദേഷ്യം വച്ചുപുലർത്തുന്നതും അവൻ വഴിതെറ്റിയവനും അല്ലാഹുവിനെതിരായവനുമാണെന്നതിന് വ്യക്തമായ തെളിവാണ് ഈ ആയത്ത്. കാരണം അല്ലാഹു തൃപ്തിപ്പെട്ടവനെയാണല്ലോ അവൻ വെറുത്തത്. അല്ലാഹു തൃപ്തിപ്പെട്ടവരെ വെറുക്കുന്നത് അല്ലാഹുവിനോടുള്ള ധിക്കാരവും അതിരുലംഘിക്കലും എതിരാവലുമാണെന്നതിൽ സംശയമില്ല'' (അള്വാഉൽ ബയാൻ).

വ്യതിയാന കക്ഷികളിൽനിന്ന് ഉണ്ടാകുന്ന പരീക്ഷണങ്ങളെ ജാഗ്രതയോടെ കാണാനും സമൂഹത്തെ ബോധവാന്മാരാക്കാനും നമുക്ക് സാധിക്കണം. ■





> ശാസ്ത്രത്തിന്റെ വളർച്ച മറ്റേതൊരു രംഗത്തെയുമെന്ന പോലെ വിശ്വാസമേഖലയെയും വിമലീകരിച്ചിട്ടുണ്ട്, തീർച്ച! അന്ധവിശ്വാസങ്ങളിൽ പലതും ശാസ്ത്ര വളർച്ചയിൽ കടപുഴകി വീണതാണ്. എന്നാൽ ശാസ്ത്രമെന്നത് ദൈവത്തിന്റെയും മതത്തിന്റെയും ശത്രുവാണെന്ന് ചിത്രീകരിക്കാൻ നവനാസ്തികർ കിണഞ്ഞ് ശ്രമിക്കുന്നുണ്ട്. എന്താണ് വസ്തുത?

# ശാസ്ത്രം ദൈവത്തെ ഇല്ലാതാക്കിയോ?
## നവനാസ്തികരുടെ വിഭ്രാന്തികൾ!

റൈഹാൻ അബ്ദുൽ ശഹീദ്
✆ : 8921259204

ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ ഗണിതശാസ്ത്ര പ്രൊഫസറായ ജോൺ ലെനോക്സ് എഴുതുന്നു: ''നിരീശ്വരവാദം പാശ്ചാത്യ ലോകത്ത് പ്രയാണത്തിലാണ്. നിരീശ്വരവാദികൾ അവരുടെ നിരീശ്വരവാദത്തിൽ ലജ്ജിക്കാതെ, ഒരു ഏകീകൃത സൈന്യമായി നിലകൊള്ളാനും പോരാടാനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു യോജിച്ച ശ്രമം നടത്തുന്നു. ശത്രു ദൈവമാണ്.'' (1)

നവനാസ്തികരുടെ വാദപ്രകാരം ശാസ്ത്രം ദൈവത്തെ ഉപേക്ഷിച്ചിരിക്കുന്നു. നിരീശ്വരവാദമാണത്രെ ആധുനിക ചിന്താഗതിക്കാരന് വിശ്വസിക്കാൻ പറ്റുന്ന ഏക യുക്തിയുള്ള പ്രത്യയശാസ്ത്രം! ശാസ്ത്രവും മതവും തമ്മിൽ യാതൊരു നിലയ്ക്കും യോജിച്ചുപോവില്ല എന്നും ഇവർ ആരോപിക്കുന്നു.

നവനാസ്തികരുടെ വാദങ്ങളെ നമുക്ക് ഇങ്ങനെ വായിക്കാം: ''ഏതൊരു അറിവും നമുക്ക് നേടാൻ കഴിയണമെങ്കിൽ അത് ശാസ്ത്രീയമായ രീതികളിലൂടെ മാത്രമെ സാധ്യമാവുകയുള്ളൂ. ശാസ്ത്രത്തിന് കണ്ടെത്താൻ കഴിയാത്തത് മനുഷ്യവർഗത്തിന് അറിയാൻ കഴിയില്ല.'' (2)

സത്യത്തിലേക്കുള്ള ഏകമാർഗം ശാസ്ത്രമാണെന്നും തത്ത്വത്തിൽ അതിന് എല്ലാം വിശദീകരിക്കാൻ കഴിയുമെന്നുമുള്ള, ദൈവത്തിനെതിരായ നവനാസ്തികരുടെ കടന്നാക്രമണത്തിന്റെ മൂന്ന് പ്രധാന വാദങ്ങളിൽ ഒന്നാണ് മുകളിൽ നാം വായിച്ചത്. പറയപ്പെട്ട ആ മൂന്ന് വാദങ്ങൾ ഏതൊക്കെയാണ് എന്ന് നമുക്കൊന്ന് പരിശോധിക്കാം:

1. കാര്യങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് ശാസ്ത്രം വിശദീകരിക്കുന്നുണ്ട്. അതിനാൽ അവിടെ നാം ദൈവത്തെ കൊണ്ടുവരേണ്ടതില്ല.
2. പ്രകൃതിയല്ലാതെ മറ്റൊന്നില്ല. ഇത് കാരണത്തിന്റെയും ഫലത്തിന്റെയും (cause and effect) ഒരു അടഞ്ഞ സംവിധാനമാണ്. ദൈവികമോ അമാനുഷികമോ എന്നൊരു മണ്ഡലമില്ല. 'പുറം' (പ്രപഞ്ചാതീതം) എന്ന ഒന്നില്ല!
3. ശാസ്ത്രത്തിന് എല്ലാം വിശദീകരിക്കാൻ കഴിയും. ശാസ്ത്രത്തിനോ ശാസ്ത്രജ്ഞർക്കോ അറിയാൻ കഴിയാത്തതായി ഒന്നുമില്ല. ഇതിനെ നമുക്ക് Epistemic Scientism എന്ന് പറയാം. ശാസ്ത്രവും മതവും തമ്മിലുള്ള സംവാദത്തിന്റെ കാതൽ യഥാർഥത്തിൽ ഇതാണ്.

ദൈവവിശ്വാസത്തിനെതിരിലുള്ള നവനാസ്തികരുടെ ആക്രമണത്തിന് നേതൃത്വം നൽകിവരുന്ന റിച്ചാർഡ് ഡോക്കിൻസ് ഇക്കാര്യത്തിൽ തികച്ചും ഉചിതമായ ഒരു സിദ്ധാന്തം കൊണ്ടുവരുന്നുണ്ട്. അദ്ദേഹം പ്രസ്താവിക്കുന്നു:

''അടുത്ത തവണ ആരെങ്കിലും നിങ്ങളോട് എന്തെങ്കിലും സത്യമാണെന്ന് പറഞ്ഞാൽ, എന്തുകൊണ്ട് അവരോട് 'അതിന് എന്ത് തെളിവാണ് ഉള്ളത്' എന്ന് ചോദിച്ചുകൂടാ? അവർക്ക് നിങ്ങളോട് ഒരു നല്ല ഉത്തരം നൽകാൻ കഴിയുന്നില്ലെങ്കിൽ, അവർ പറയുന്ന ഒരു വാക്ക് നിങ്ങൾ വിശ്വസിക്കുന്നതിന് മുമ്പ് നിങ്ങൾ ശ്രദ്ധാപൂർവം ചിന്തിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.'' (3)

മുകളിൽ പ്രസ്താവിച്ച നവനാസ്തികരുടെ ആ മൂന്ന് വിശ്വാസങ്ങളിൽ ഓരോന്നും എടുത്ത് അവ എത്രത്തോളം യുക്തിസഹമാണ് എന്ന് നമുക്കൊന്ന് പരിശോധിച്ച് നോക്കാം. അതായത് ഡോക്കിൻസ് മുന്നോട്ടുവച്ച ഈ 'ലിറ്റ്മസ് ടെസ്റ്റി'നെ നമുക്കിവിടെ ഒരു പരിശോധനയ്ക്ക് വിധേയമാക്കി നോക്കാം.

**1. 'കാര്യങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് ശാസ്ത്രം വിശദീകരിക്കുന്നു, ഒരു വിശദീകരണമായി അവിടെ നമുക്ക് ദൈവത്തിന്റെ ആവശ്യമില്ല.'**

ശാസ്ത്രത്തിന്റെ നേട്ടങ്ങൾ ശ്രദ്ധേയമാണ്, അതിൽ സംശയങ്ങളൊന്നുമില്ല. തികച്ചും വിസ്മയിപ്പിക്കുന്ന പലതും ശാസ്ത്രം സംഭാവന ചെയ്തിട്ടുണ്ട്. ശാസ്ത്രം ജീവിതവും ജീവിതസാഹചര്യങ്ങളും മെച്ചപ്പെടുത്തി, എണ്ണമറ്റ രോഗങ്ങളെ ഇല്ലാതാക്കി, നമ്മുടെ പ്രപഞ്ചം എങ്ങനെ പ്രവർത്തിക്കുന്നു എന്നതിന് പിന്നിലെ മെക്കാനിക്സ് അനാവരണം ചെയ്യാനും സഹായകമായിട്ടുണ്ട്. അന്ധവിശ്വാസപരമായ പല ഭയങ്ങൾക്കും അറുതിവരുത്താനും അത് സഹായിച്ചിട്ടുണ്ട്.

ഭയങ്കരമായ ഒരു രാക്ഷസൻ മൂലമാണ് ഗ്രഹണം സംഭവിക്കുന്നത് എന്നോ അല്ലെങ്കിൽ ഒരുതരം ദുശ്ശകുനമാണ് അതെന്നോ വിശ്വസിച്ചിരുന്ന ആളുകൾ ഇനി ഭയപ്പെടേണ്ടതില്ല. പ്രസ്തുത സംഭവവികാസത്തിന്റെ ശാസ്ത്രീയ കാരണങ്ങൾ ഇന്ന് അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു.

നബി (സ്വ)യുടെ മകൻ ഇബ്റാഹീം മരിച്ചത് ഗ്രഹണം നടന്ന ദിവസത്തിലായിരുന്നു. ഇബ്റാഹീമിന്റെ മരണമാണ് ഗ്രഹണം സംഭവിക്കാൻ കാരണമായത് എന്ന് ജനങ്ങൾക്കിടയിൽ ഒരു സംസാരമുണ്ടായി. അത് തെറ്റായ ധാരണയയും അന്ധവിശ്വാസവുമാണ് എന്നതിനാൽ പ്രവാചകൻ (സ്വ) ജനങ്ങളെ അതിൽനിന്നും വഴിതിരിച്ചുവിടുന്നതിന്റെ ഭാഗമായി അവരോട് പറഞ്ഞു: ''തീർച്ചയായും സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ രണ്ട് ദൃഷ്ടാന്തങ്ങളാണ്. ആരുടെയും മരണമോ ജനനമോ കാരണമായി ഗ്രഹണം സംഭവിക്കുന്നില്ല. നിങ്ങൾ ഗ്രഹണം കാണുകയാണെങ്കിൽ അല്ലാഹുവിനെ സ്മരിക്കുവാനും പ്രാർഥിക്കാനും തിടുക്കം കൂട്ടുക.'' (4)

നിർഭാഗ്യവശാൽ ശാസ്ത്രത്തിന്റെ പുരോഗതി ദൈവമില്ലെന്ന് വിശ്വസിക്കാൻ പലരെയും പ്രേരിപ്പിച്ചു. പ്രകൃതി പ്രതിഭാസങ്ങളുടെ ആന്തരിക പ്രവർത്തനങ്ങൾ ശാസ്ത്രം വെളിപ്പെടുത്തിയപ്പോൾ അത് അവരിലുള്ള ദൈവവിശ്വാസത്തിന് മങ്ങലേൽപിച്ചു. ഇത്തരം വെളിപ്പെടുത്തലുകൾ ആ പ്രകൃതി പ്രതിഭാസങ്ങളിലെ ദൈവത്തിന്റെ ഇടപെടൽ യുക്തിസഹമായി നിരാകരിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നില്ല എന്നതാണ് വാസ്തവം.

ശാസ്ത്രത്തിന്റെ നേട്ടങ്ങൾ ശ്രദ്ധേയമാണ്, അതിൽ സംശയങ്ങളൊന്നുമില്ല. തികച്ചും വിസ്മയിപ്പിക്കുന്ന പലതും ശാസ്ത്രം സംഭാവന ചെയ്തിട്ടുണ്ട്. ശാസ്ത്രം ജീവിതവും ജീവിതസാഹചര്യങ്ങളും മെച്ചപ്പെടുത്തി, എണ്ണമറ്റ രോഗങ്ങളെ ഇല്ലാതാക്കി, നമ്മുടെ പ്രപഞ്ചം എങ്ങനെ പ്രവർത്തിക്കുന്നു എന്നതിന് പിന്നിലെ മെക്കാനിക്സ് അനാവരണം ചെയ്യാനും സഹായകമായിട്ടുണ്ട്. അന്ധവിശ്വാസപരമായ പല ഭയങ്ങൾക്കും അറുതിവരുത്താനും അത് സഹായിച്ചിട്ടുണ്ട്. ഭയങ്കരമായ ഒരു രാക്ഷസൻ മൂലമാണ് ഗ്രഹണം സംഭവിക്കുന്നത് എന്നോ അല്ലെങ്കിൽ ഒരുതരം ദുശ്ശകുനമാണ് അതെന്നോ വിശ്വസിച്ചിരുന്ന ആളുകൾ ഇനി ഭയപ്പെടേണ്ടതില്ല. പ്രസ്തുത സംഭവ വികാസത്തിന്റെ ശാസ്ത്രീയ കാരണങ്ങൾ ഇന്ന് അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു.

ഉദാഹരണം: ഒരു ഐപോഡിന്റെയോ ഐഫോണിന്റെയോ ആന്തരിക പ്രവർത്തനങ്ങൾ ഒരാൾ മനസ്സിലാക്കിയതുകൊണ്ട് ആ സാങ്കേതികവിദ്യയുടെ 'ഡിസൈനർ' എന്ന നിലയിൽ സ്റ്റീവ് ജോബ്സിന്റെ അസ്തിത്വത്തിൽ വിശ്വസിക്കാൻ കഴിയില്ലെന്ന് അർഥമാക്കുന്നില്ല. മെക്കാനിസവും ഏജൻസിയും തമ്മിൽ വേർതിരിച്ചറിയാൻ പറ്റാത്തതാണ് ഇവിടുത്തെ പ്രശ്നം. 'ഒരു പ്രതിഭാസത്തെ വിശദീകരിക്കുന്ന മെക്കാനിസം നമുക്ക് അറിയാവുന്നതിനാൽ, മെക്കാനിസം രൂപ കൽപന ചെയ്ത ഒരു ഏജന്റും ഇല്ല' എന്നത് ഒരു യുക്തിവിരുദ്ധമായ ആശയമാണ്.

ലെനോക്സ് എഴുതുന്നു: ''ന്യൂട്ടൺ ഗുരുത്വാകർഷണ നിയമങ്ങൾ കണ്ടെത്തിയപ്പോൾ അദ്ദേഹം പറഞ്ഞില്ല; 'ഗ്രഹങ്ങളുടെ ചലനത്തെ വിവരിക്കുന്ന മെക്കാനിസം ഞാൻ കണ്ടെത്തി, അതിനാൽതന്നെ അത് രൂപ കൽപന ചെയ്ത ഒരു ഏജന്റായ ദൈവം അതിനു പിന്നിൽ ഇല്ല' എന്ന്. വാസ്തവത്തിൽ ഗ്രഹചലനത്തിനു പിന്നിലെ മെക്കാനിക്സിനെ അദ്ദേഹം കൃത്യമായി മനസ്സിലാക്കിയിരുന്നതിനാൽ അത് അങ്ങനെ രൂപകൽപന ചെയ്ത ദൈവത്തോട് അതിലും വലിയ ആരാധനയിലേക്ക് അദ്ദേഹത്തെ പ്രേരിപ്പിച്ചു എന്നതാണ് സത്യം! [5]

വിശ്വാസികൾ ദൈവം ഒരു ശാസ്ത്രീയ വിശദീകരണത്തിന് ബദലാണെന്ന് വിശ്വസിക്കുന്നില്ല. ഡോക്കിൻസ് പറയുന്നത് പോലെ ദൈവം കേവലം വിടവുകളുടെ ഒരു ദൈവം (God of the Gaps) മാത്രമല്ല. നേരെമറിച്ച്, എല്ലാ വിശദീകരണങ്ങളുടെയും അടിസ്ഥാനം അവനാണ്. പ്രപഞ്ചത്തിലെ ഓരോ പ്രവൃത്തിയുടെയും സംഭവങ്ങളുടെയും പ്രതിഭാസങ്ങളുടെയും നമുക്ക് അറിയുന്ന മെക്കാനിക്സിന്റെയും അല്ലാത്തവയുടെയും പിന്നിലെ ഏജന്റ് അവനാണ്.

ക്വുർആൻ പറയുന്നു: ''അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യകർത്താവുമാകുന്നു'' (ക്വുർആൻ 39:62).

**2. ''പ്രകൃതിയല്ലാതെ മറ്റൊന്നില്ല. ദൈവിക മണ്ഡലമില്ല. 'പുറത്ത്'' (പ്രപഞ്ചാതീതം) ഇല്ല:''**

ഒരു അവകാശവാദം എന്നതിനപ്പുറം വല്ല തെളിവുമുണ്ടോ ഈ വാദത്തിന്? നമുക്ക് ഡോക്കിൻസിന്റെ മേൽപ്രസ്താവിച്ച 'ലിറ്റ്മസ് ടെസ്റ്റ്' പ്രയോഗിക്കാം: ''അടുത്ത തവണ ആരെങ്കിലും നിങ്ങളോട് എന്തെങ്കിലും സത്യമാണെന്ന് പറഞ്ഞാൽ, എന്തുകൊണ്ട് അവരോട് 'അതിന് എന്ത് തെളിവാണ് ഉള്ളത്' എന്ന് ചോദിച്ചുകൂടാ? അവർക്ക് നിങ്ങളോട് ഒരു നല്ല ഉത്തരം നൽകാൻ കഴിയുന്നില്ലെങ്കിൽ, അവർ പറയുന്ന ഒരു വാക്ക് നിങ്ങൾ വിശ്വസിക്കുന്നതിന് മുമ്പ് നിങ്ങൾ ശ്രദ്ധാപൂർവം ചിന്തിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.''

**നിർഭാഗ്യവശാൽ ശാസ്ത്രത്തിന്റെ പുരോഗതി ദൈവമില്ലെന്ന് വിശ്വസിക്കാൻ പലരെയും പ്രേരിപ്പിച്ചു. പ്രകൃതി പ്രതിഭാസങ്ങളുടെ ആന്തരിക പ്രവർത്തനങ്ങൾ ശാസ്ത്രം വെളിപ്പെടുത്തിയപ്പോൾ അത് അവരിലുള്ള ദൈവവിശ്വാസത്തിന് മങ്ങലേൽപിച്ചു. ഇത്തരം വെളിപ്പെടുത്തലുകൾ ആ പ്രകൃതി പ്രതിഭാസങ്ങളിലെ ദൈവത്തിന്റെ ഇടപെടൽ യുക്തിസഹമായി നിരാകരിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നില്ല എന്നതാണ് വാസ്തവം.**

അപ്പോൾ ഈ അവകാശവാദത്തിനുള്ള തെളിവ് എന്താണ്? സത്യത്തിൽ ഒന്നുമില്ല! അതൊരു നാസ്തിക പ്രതീക്ഷയായിരിക്കാം. അത് ദൈവവിരോധത്തിന്റെ അടിസ്ഥാനത്തിൽ ഉടലെടുത്തുവരുന്ന ഒരു ആശയമായിരിക്കാം. ഏതായാലും ഇത് ശാസ്ത്രീയമായ തെളിവുകളൊന്നും അടിസ്ഥാനമാക്കിയുള്ളതല്ല. പ്രകൃതിവാദം (Naturalism) ഉള്ളതെല്ലാം പ്രകൃതിയാണ്, അതിരുകടന്നതോ ദൈവിക മണ്ഡലമോ ഇല്ല എന്ന കാഴ്ചപ്പാട് ശാസ്ത്രത്തിലേക്ക് കൊണ്ടുവരുന്ന ഒരു തത്ത്വചിന്തയാണ്. ഇത് ശാസ്ത്രത്തിന്റെ ഫലമല്ല, അല്ലെങ്കിൽ ശാസ്ത്രം നിർബന്ധമായും ഉൾക്കൊള്ളുന്ന ഒന്നല്ല. നിരീക്ഷിച്ച ഡാറ്റയിൽനിന്നുള്ള അനുമാനത്തിലൂടെയാണ് ശാസ്ത്രം മുന്നോട്ടുപോകുന്നത് എന്നിരിക്കെ, കാണുന്നത് മാത്രമെ ഉള്ളൂ, പ്രപഞ്ചാതീതമായി ഒന്നും തന്നെയില്ല എന്ന് ശാസ്ത്രീയമായി എങ്ങനെ ഉറപ്പിക്കാൻ കഴിയും?

കാൾ സാഗന്റെ ടി.വി സീരീസായ 'കോസ്മോസ്' സാഗൻ ഇങ്ങനെ പറഞ്ഞുകൊണ്ടാണ്



ആരംഭിച്ചത്: 'പ്രപഞ്ചം മാത്രമെ ഉള്ളു, അല്ലെങ്കിൽ ഉണ്ടായിരുന്നത്, അല്ലെങ്കിൽ ഉണ്ടാവുക.'

ഈ വാക്കുകൾ ഒരു ശാസ്ത്രജ്ഞന്റെ വാക്കുകളായിരുന്നുവെന്ന് സംശയമില്ല. എന്നാൽ അവ ശാസ്ത്രത്തിന്റെ വാക്കുകളായിരുന്നില്ല. സാഗന്റെ സ്വാഭാവിക/ഭൗതിക ലോകവീക്ഷണം അദ്ദേഹത്തിന്റെ ശാസ്ത്രത്തിൽനിന്ന് ഉരുത്തിരിഞ്ഞതല്ല. അദ്ദേഹം ഊഹിച്ച പ്രപഞ്ചത്തെക്കുറിച്ചുള്ള ഒരു അനുമാനം മാത്രമാണ്.

സാഗന് തന്റെ വ്യക്തിപരമായ വിശ്വാസങ്ങളിൽ ഒരു അജ്ഞേയവാദിയാണോ, നിരീശ്വരവാദിയാണോ, അതോ ദൈവവിശ്വാസിയാണോ എന്നത് വിഷയമല്ല. ശാസ്ത്രജ്ഞർ ഭൗതിക ലോകവീക്ഷണത്തിന് മുൻതൂക്കം നൽകുകയാണെങ്കിൽ പഴയ ഒരു പഴഞ്ചൊല്ല് അവരുടെ കാര്യത്തിൽ ബാധകമാകാൻ സാധ്യതയുണ്ട് എന്ന് വേണമെങ്കിൽ പറയാം; 'ചുറ്റിക മാത്രമുള്ള മനുഷ്യന് എല്ലാം ആണി പോലെയാണ്.'

തീർച്ചയായും, അതെല്ലാം ഭൗതികവാദമായി നിലനിർത്താൻ മറ്റൊരു കാരണം കൂടിയുണ്ട്. ജനിതകശാസ്ത്രജ്ഞനും നിരീശ്വരവാദിയുമായ റിച്ചാർഡ് ലെവോണ്ടിൻ തുറന്നുസമ്മതിച്ച് എഴുതിയതുപോലെ: 'ശാസ്ത്രത്തിന്റെ രീതികളും സ്ഥാപനങ്ങളും എങ്ങനെയെങ്കിലും അത്ഭുതകരമായ ലോകത്തിന്റെ ഭൗതിക വിശദീകരണങ്ങൾ സ്വീകരിക്കാൻ നമ്മെ നിർബന്ധിക്കുന്നു എന്നല്ല, മറിച്ച് ഭൗതിക കാരണങ്ങളോടുള്ള നമ്മുടെ മുൻകൂർ അനുസരണത്താൽ അന്വേഷണത്തിന്റെ ഒരു ഉപകരണവും ഭൗതിക വിശദീകരണങ്ങൾ സൃഷ്ടിക്കുന്ന ഒരു കൂട്ടം ആശയങ്ങളും സൃഷ്ടിക്കാൻ ഞങ്ങൾ നിർബന്ധിതരാകുന്നു, അത് എത്ര വിപരീത അവബോധജന്യമാണെങ്കിലും അറിയാത്തവർക്ക് എത്ര നിഗൂഢമായാലും. മാത്രമല്ല, ആ ഭൗതികവാദം സമ്പൂർണമാവണം, കാരണം നമുക്ക് ഒരു ദൈവിക പാദം ഉത്തരമായി അനുവദിക്കാനാവില്ല.' (6)

ഈ തുറന്ന് സമ്മതിക്കൽ പ്രശംസിക്കപ്പെടേണ്ടതാണ്. തികച്ചും പ്രകൃതിദത്തവും ഭൗതികവുമായ വിശദീകരണങ്ങൾക്കല്ലാതെ മറ്റൊന്നിനും ശാസ്ത്രജ്ഞർക്ക് ഇടം കൊടുക്കാൻ കഴിയില്ലെന്നാണ് ലെവോണ്ടിൻ പറയുന്നത്. അല്ലാത്തപക്ഷം, ദൈവത്തെ ഒരു നോക്ക് കാണാനിടയായേക്കാവുന്ന അപകടസാധ്യത സൃഷ്ടിക്കും!

ഭൗതികവാദത്തിലുള്ള അന്ധമായ വിശ്വാസമാണ് നവനാസ്തികർ മാതൃകയാക്കുന്നത്. അതുപോലെതന്നെ ജീവിതത്തെയും അതിന്റെ ആഴമേറിയ ചോദ്യങ്ങളെയും മനസ്സിലാക്കാനുള്ള ഒരേയൊരു ഉപകരണം ശാസ്ത്രമാണ് എന്ന സങ്കൽപത്തെ അത് ഊട്ടിയുറപ്പിക്കുന്നു.

**3. 'സത്യത്തിലേക്കുള്ള ഏക വഴി ശാസ്ത്രമാണ്, തത്ത്വത്തിൽ എല്ലാം വിശദീകരിക്കാൻ കഴിയും:'**

എന്താണ് തെളിവ്? ഇത് മുകളിൽ പറഞ്ഞതിനെക്കാൾ ദയനീയമായ അവസ്ഥയിൽ ലിറ്റ്മസ് പരിശോധനയിൽ പരാജയപ്പെടുന്നു. ഇത് ശാസ്ത്രത്തെക്കാൾ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും പ്രസ്താവനയാണ്. സത്യത്തെ വസ്തുനിഷ്ഠമായി അറിയാനുള്ള ഒരേയൊരു മാർഗം ശാസ്ത്രമാണെന്നും അതിന് സൈദ്ധാന്തികമായി, അസ്തിത്വത്തിന്റെ എല്ലാ വശങ്ങളെയും നേരിടാൻ കഴിയുമെന്നുമുള്ള വിശ്വാസം 'സയന്റിസം' (ശാസ്ത്രമാത്രവാദം) എന്നും അറിയപ്പെടുന്നു.

റിച്ചാർഡ് ഡോക്കിൻസ് അവകാശപ്പെടുന്നത് നോക്കൂ: 'ലോകത്തെയും പ്രപഞ്ചത്തെയും കുറിച്ച് സത്യമെന്തെന്ന് കണ്ടെത്തുന്നതിലെ വിദഗ്ധരാണ് ശാസ്ത്രജ്ഞർ.' (7)

സ്റ്റീഫൻ ഹോക്കിങ് പ്രസ്താവിച്ചു: 'തത്ത്വചിന്ത മരിച്ചു, തത്ത്വചിന്ത ശാസ്ത്രത്തിനൊപ്പം എത്തിയിട്ടില്ല, പ്രത്യേകിച്ച് ഭൗതികശാസ്ത്രം. നമ്മുടെ അറിവിന് വേണ്ടിയുള്ള അന്വേഷണത്തിൽ ശാസ്ത്രജ്ഞർ കണ്ടെത്തലിന്റെ വിളക്കിന്റെ വാഹകരായി മാറിയിരിക്കുന്നു.'(8)

വിരോധാഭാസമെന്നു പറയട്ടെ, ശാസ്ത്രത്തിൽ ഇപ്പോൾ ഇവർ അർപ്പിക്കുന്ന വിശ്വാസത്തിന്റെ അളവ് സത്യത്തിൽ മതവിശ്വാസികളിൽ അവർ ആരോപിക്കുന്നതുപോലെത്തന്നെയാണ്.

സയന്റിസം യഥാർഥത്തിൽ സ്വയം നിരാകരിക്കുന്ന ഒരു വിശ്വാസമാണ്. ശാസ്ത്രത്തിന് മാത്രമെ യഥാർഥ അറിവ് നൽകാൻ കഴിയൂ എന്ന വാദത്തെ ശാസ്ത്രീയമായി എങ്ങനെ തെളിയിക്കും? സത്യത്തിൽ ഇതിനെ കേവലം വ്യക്തിപരമായ ബോധ്യം എന്ന് മാത്രമെ പറയാനാവൂ.

ഇന്നത്തെ തത്ത്വചിന്തയെ അപകീർത്തിപ്പെടുത്തുക മാത്രമല്ല, ഒറ്റയടിക്ക് അവർ മറ്റു പല വിജ്ഞാനശാഖകളെയും അവഹേളിക്കുകയും ചെയ്തു എന്ന് വേണം മനസ്സിലാക്കാൻ. തത്ത്വചിന്ത, കല, സാഹിത്യം, സംഗീതം, ധാർമികത എന്നിവയുടെയൊക്കെ വിലയിരുത്തൽ ശാസ്ത്രത്തിന്റെ പരിധിക്കപ്പുറമുള്ള കാര്യങ്ങളാണ്. സംഗീതമോ കലയോ ശബ്ദങ്ങളുടെയോ നിറങ്ങളുടെയോ കേവലം ഒരു മിശ്രിതമായിരിക്കുമ്പോൾ ശാസ്ത്രത്തിന് ഇത് ഒരു മാസ്റ്റർപീസാണ് എന്ന് എങ്ങനെ നമ്മോട് പറയാൻ കഴിയും? ധാർമികമായി ശരിയോ തെറ്റോ എന്താണെന്ന് ശാസ്ത്രത്തിന് എങ്ങനെ നിർണയിക്കാനാകും?

**തത്ത്വചിന്ത, കല, സാഹിത്യം, സംഗീതം, ധാർമികത എന്നിവയുടെയൊക്കെ വിലയിരുത്തൽ ശാസ്ത്രത്തിന്റെ പരിധിക്കപ്പുറമുള്ള കാര്യങ്ങളാണ്. സംഗീതമോ കലയോ ശബ്ദങ്ങളുടെയോ നിറങ്ങളുടെയോ കേവലം ഒരു മിശ്രിതമായിരിക്കുമ്പോൾ ശാസ്ത്രത്തിന് ഇത് ഒരു മാസ്റ്റർപീസാണ് എന്ന് എങ്ങനെ നമ്മോട് പറയാൻ കഴിയും? ധാർമികമായി ശരിയോ തെറ്റോ എന്താണെന്ന് ശാസ്ത്രത്തിന് എങ്ങനെ നിർണയിക്കാനാകും?**

ജനിതകശാസ്ത്രജ്ഞനും ഹ്യൂമൻ ജീനോം പദ്ധതിയുടെ തലവനുമായ ഫ്രാൻസിസ് കോളിൻസ് എഴുതുന്നു: 'പ്രകൃതിലോകത്തെ അന്വേഷിക്കാനുള്ള ഏക നിയമപരമായ മാർഗം ശാസ്ത്രമാണ്. അണുവിന്റെ ഘടനയോ, പ്രപഞ്ചത്തിന്റെ സ്വഭാവമോ, മാനുഷിക ജീനോമിന്റെ (ഡിഎൻഎ) ക്രമമോ അന്വേഷിക്കുക, പ്രകൃതിസംഭവങ്ങളുടെ സത്യാവസ്ഥ കണ്ടെത്താനുള്ള ഏക വിശ്വസനീയമായ മാർഗം ശാസ്ത്രീയമായ രീതിയാണ് എന്നിരുന്നാലും എല്ലാറ്റിനും ഉത്തരം നൽകാൻ ശാസ്ത്രം മാത്രം പോരാ. പ്രധാനപ്പെട്ട ചോദ്യങ്ങളായ മനുഷ്യന്റെ അസ്തിത്വത്തിന്റെ അർഥം, ദൈവത്തിന്റെ യാഥാർഥ്യം, മരണാനന്തര ജീവിതത്തിന്റെ സാധ്യത, കൂടാതെ മറ്റു പല ആത്മീയ ചോദ്യങ്ങളും ശാസ്ത്രത്തിന്റെ പരിധിക്ക് പുറത്താണ്.' (9)

1988ൽ ഹോക്കിങ് തന്റെ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ട 'എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം' എന്ന ഗ്രന്ഥത്തിൽ ഭൗതികശാസ്ത്രത്തിലെ ഒരൊറ്റ ഏകീകൃത സിദ്ധാന്തത്താൽ -എല്ലാറ്റിന്റെയും സിദ്ധാന്തത്താൽ- (A theory of Everything) നമ്മുടെ പ്രപഞ്ചം വിവരിക്കാവുന്നതും വിശദീകരിക്കാവുന്നതുമാണെന്ന് പ്രഖ്യാപിച്ചു. ഐൻസ്റ്റൈൻ തന്റെ ജീവിതകാലത്ത് നേടിയെടുക്കുമെന്നോ യാഥാർഥ്യമാകുമെന്നോ പ്രതീക്ഷിച്ച ഒരു സ്വപ്നമായിരുന്നു അത്. ഈ പ്രതീക്ഷയുടെ പിൻബലത്തിൽ റിച്ചാർഡ് ഡോക്കിൻസ് എഴുതി:

'നമ്മുടെ സ്പീഷിസിലെ ഭൗതിക



**നിരീശ്വരവാദികൾ ശക്തമായി വാദിക്കുന്നു; പ്രകൃതിവാദവും ശാസ്ത്രവും ഒരുമിച്ച് പോകുന്നു എന്ന്. എന്നാൽ നമ്മൾ കണ്ടതുപോലെ അത് തെളിവുകളെ അടിസ്ഥാനമാക്കിയുള്ളതല്ല. ശാസ്ത്രജ്ഞർ കാര്യങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് പഠിക്കുമ്പോൾ ശാസ്ത്രത്തെ കൂട്ടുപിടിക്കാമെങ്കിലും, കാര്യങ്ങൾ എന്തുകൊണ്ട് എന്നോ കാര്യങ്ങൾ ആദ്യം എങ്ങനെ ഉണ്ടായി എന്നോ പഠിക്കുമ്പോൾ അവർക്ക് ശാസ്ത്രം മാത്രം ആശ്രയിച്ചാൽ പോരാ. ശാസ്ത്രം ദൈവത്തെ 'അടക്കം' ചെയ്യുന്നതിനുപകരം, ദൈവവിശ്വാസികൾക്ക് അവനിലുള്ള വിശ്വാസവും ബോധ്യവും ആഴത്തിലാക്കാൻ കൂടുതൽ കാരണങ്ങൾ നൽകിയിട്ടുണ്ട്.**


ശാസ്ത്രജ്ഞർ ഐൻസ്റ്റൈന്റെ സ്വപ്നം പൂർത്തീകരിക്കുമെന്നും മറ്റൊരു ലോകത്ത് പരിണമിച്ച ഉന്നത ജീവികൾ ഇങ്ങോട്ട് വന്നു ഉത്തരങ്ങൾ നൽകുന്നതിന് മുന്നേ എല്ലാറ്റിന്റെയും അന്തിമ സിദ്ധാന്തം കണ്ടെത്തുമെന്നും, എനിക്ക് ശുഭാപ്തി വിശ്വാസമുണ്ട്.' അദ്ദേഹം വിജയാഹ്ലാദത്തോടെ ഉപസംഹരിക്കുന്നു: 'ഈ അന്തിമ ശാസ്ത്ര ജ്ഞാനോദയം മതവിശ്വാസങ്ങൾക്കും മറ്റു അന്ധവിശ്വാസങ്ങൾക്കും ഒരു അവസാനമാകും എന്ന് എനിക്ക് ശുഭാപ്തി വിശ്വാസമുണ്ട്.'(10) മതത്തിന്റെ അവസാന പതനം ഉടൻ സംഭവിക്കും എന്ന ഈ സിദ്ധാന്തം നവനാസ്തികരുടെ സുവിശേഷമായി.

പ്രൊഫസർ ഹോക്കിങ് ഗണിതശാസ്ത്രത്തിലെ ഗോഡലിന്റെ സിദ്ധാന്തത്തിന്റെ (Godel's Theorem in Mathematics) പ്രത്യാഘാതങ്ങളെക്കുറിച്ച് ആലോചിച്ച് 2002ൽ ഒരു പ്രബന്ധം എഴുതി. അവിടെ എല്ലാറ്റിനും ഒരു സിദ്ധാന്തത്തെക്കുറിച്ചുള്ള തന്റെ വീക്ഷണം (A Theory of Everything) അദ്ദേഹം പിൻവലിച്ചു. അത് അപ്രാപ്യമാണെന്ന് പറഞ്ഞു. (11)

അദ്ദേഹത്തിന്റെ ഏറ്റവും പുതിയ പുസ്തകമായ 'ദി ഗ്രാൻഡ് ഡിസൈനി' (2010)ൽ അദ്ദേഹം ഒരിക്കൽകൂടി ഏകീകൃത സിദ്ധാന്തത്തിലേക്ക് ആകർഷിക്കപ്പെട്ടതായി തോന്നുന്നു. ഇത്തവണ അത്യന്തം വിവാദമായ 'എം സിദ്ധാന്ത'ത്തെ (M theory) ഏറ്റവും സാധ്യതയുള്ളതായി പ്രസ്താവിക്കുന്നു.(12)

ദൈവത്തിലുള്ള വിശ്വാസത്തെ ആക്രമിക്കാൻ നവനാസ്തികർ ഉപയോഗിക്കുന്ന മൂന്ന് പ്രധാന തെളിവുകൾ ബാലിശവും യുക്തിരഹിയവുമാണ് എന്ന് നമ്മൾ മനസ്സിലാക്കി. തീർച്ചയായും അവരുടെ നിഗമനങ്ങളെ പിന്തുണയ്ക്കാൻ ശാസ്ത്രത്തിൽനിന്ന് ഒരു തെളിവുമില്ല. കേവലം അഭിലാഷം, പ്രതീക്ഷ എന്നിവ മാത്രമേയുള്ളൂ എന്ന് പറയാം. അതിനാൽ ഡോക്കിൻസ് പറഞ്ഞതുപോലെയേ നമുക്കും പറയാനുള്ളൂ: 'അടുത്ത തവണ ആരെങ്കിലും നിങ്ങളോട് എന്തെങ്കിലും സത്യമാണെന്ന് പറഞ്ഞാൽ, എന്തുകൊണ്ട് അവരോട് 'അതിന് എന്ത് തെളിവാണ് ഉള്ളത്' എന്ന് ചോദിച്ചുകൂടാ? അവർക്ക് നിങ്ങളോട് ഒരു നല്ല ഉത്തരം നൽകാൻ കഴിയുന്നില്ലെങ്കിൽ, അവർ പറയുന്ന ഒരു വാക്ക് നിങ്ങൾ വിശ്വസിക്കുന്നതിന് മുമ്പ് നിങ്ങൾ ശ്രദ്ധാപൂർവം ചിന്തിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു'

നിരീശ്വരവാദികൾ ശക്തമായി വാദിക്കുന്നു; പ്രകൃതിവാദവും ശാസ്ത്രവും ഒരുമിച്ച് പോകുന്നു എന്ന്. എന്നാൽ നമ്മൾ കണ്ടതുപോലെ അത് തെളിവുകളെ അടിസ്ഥാനമാക്കിയുള്ളതല്ല. ശാസ്ത്രജ്ഞർ കാര്യങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് പഠിക്കുമ്പോൾ ശാസ്ത്രത്തെ കൂട്ടുപിടിക്കാമെങ്കിലും, കാര്യങ്ങൾ എന്തുകൊണ്ട് എന്നോ കാര്യങ്ങൾ ആദ്യം എങ്ങനെ ഉണ്ടായി എന്നോ പഠിക്കുമ്പോൾ അവർക്ക് ശാസ്ത്രം മാത്രം ആശ്രയിച്ചാൽ പോരാ. ശാസ്ത്രം ദൈവത്തെ 'അടക്കം' ചെയ്യുന്നതിനുപകരം, ദൈവവിശ്വാസികൾക്ക് അവനിലുള്ള വിശ്വാസവും ബോധ്യവും ആഴത്തിലാക്കാൻ കൂടുതൽ കാരണങ്ങൾ നൽകിയിട്ടുണ്ട്.




'പ്രപഞ്ചത്തിന് ഒരു തുടക്കമുണ്ടായിരുന്നു' എന്ന് ശാസ്ത്രം പറയുന്നു. തുടക്കം ഉണ്ടെങ്കിൽ ഒരു തുടക്കക്കാരനും ഉണ്ടാകും.

മറ്റൊന്ന് പ്രപഞ്ചത്തിന്റെ ഫൈൻ ട്യൂണിംഗ് ആണ്. നമ്മുടെ പ്രപഞ്ചം യഥാർഥത്തിൽ ജീവന്റെ ആവിർഭാവത്തിന് എത്രത്തോളം അനുയോജ്യമാണ്? ഗണിതശാസ്ത്രപരവും ഭൗതികവുമായ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പ്രപഞ്ചത്തെ നമുക്ക് ഗ്രഹിക്കാൻ കഴിയുന്നത് എന്തുകൊണ്ട്? ഇവയെല്ലാം ചൂണ്ടിക്കാണിക്കുന്നത് സ്വാഭാവിക കാരണങ്ങളിലേക്കല്ല, മറിച്ച് ഒരു ദൈവിക കാരണത്തിലേക്കാണ്. എന്നിരുന്നാലും, സ്വാഭാവികതയോടുള്ള പ്രതിബദ്ധതയിൽ സ്വയം കാണിക്കുന്ന പക്ഷപാതം കാരണം ഇന്നത്തെ ശാസ്ത്രവൃത്തങ്ങളിൽ ദൈവിക ശബ്ദത്തെ പതിവായി തുരങ്കം വയ്ക്കുകയോ നിശ്ശബ്ദമാക്കുകയോ ചെയ്യുന്നു.

പ്രൊഫസർ ലെനോക്സ് പറയുന്നതുപോലെ, ഇത് യഥാർഥത്തിൽ ശാസ്ത്രവും മതവും തമ്മിലുള്ള പോരാട്ടമല്ല. ശാസ്ത്രം ഏത് അനുമാനത്തെ പിന്തുണയ്ക്കുന്നു? നിരീശ്വരവാദത്തെയോ ദൈവികതയെയോ? ഇതാണ് മർമപ്രസക്തമായ ചോദ്യം. പ്രപഞ്ചത്തിന്റെ അടിസ്ഥാന പദാർഥങ്ങളിൽ പ്രവർത്തിക്കുന്ന, മാർഗനിർദേശമില്ലാത്ത, ക്രമരഹിതമായ സ്വാഭാവിക പ്രക്രിയകളിലൂടെയാണ് ബോധവും യുക്തിയും ഉടലെടുത്തതെന്നാണോ ശാസ്ത്രം പറയുന്നത്? അതോ ദൈവിക വിശ്വാസമാണോ തെളിവുകൾക്ക് ഏറ്റവും അനുയോജ്യം?

ബുദ്ധിമാനായ ഒരു സ്രഷ്ടാവ് അവന്റെ നിയമങ്ങൾ കണ്ടെത്താനും, അവന്റെ കരവിരുതിൽ ആശ്ചര്യപ്പെടാനും, നമ്മുടെ ഇഷ്ടം അവനിലേക്ക് നയിക്കാനും, സൂക്ഷ്മമായി ക്രമീകരിച്ച ഒരു പ്രപഞ്ചം സൃഷ്ടിച്ച് നമ്മെ ഇവിടെ എത്തിച്ചതിന്റെ പിന്നിൽ തീർച്ചയായും ലക്ഷ്യങ്ങളുണ്ടാവുകയില്ലേ?

മുമ്പ് പറഞ്ഞതുപോലെ, എങ്ങനെ എന്നുള്ള ചോദ്യങ്ങൾക്ക് മനോഹരമായി ഉത്തരങ്ങൾ നൽകാൻ ശാസ്ത്രം സഹായകമായിട്ടുണ്ട്; ശരിതന്നെ. എന്നാൽ 'എന്തിന്' എന്ന് ചോദ്യം ചെയ്യാൻ ശ്രമിക്കുമ്പോഴാണ് അത് അതിന്റെ പരിധിക്കപ്പുറത്തേക്ക് ചുവടുവയ്ക്കുന്നതും ശാസ്ത്രത്തിന്റെ ഉയർന്ന പിടിവാശിയുള്ള മേഖലയിലേക്ക് പ്രവേശിക്കുന്നതും. വ്യത്യാസം വ്യക്തമാക്കാൻ സഹായിക്കുന്ന മനോഹരമായ ഒരു ഉദാഹരണം, ലെനോക്സ് തന്റെ അമ്മായിയായ 'മത്തിൽഡ'യുടെ (Aunt Matilda) കേക്കിന്റെ കാര്യത്തിലൂടെ വിവരിക്കുന്നുണ്ട്.

ലോകത്തിലെ പ്രമുഖ ശാസ്ത്രജ്ഞർ വിശകലനം ചെയ്യാൻ ആഗ്രഹിക്കുന്ന ഒരു രുചികരമായ കേക്ക് തന്റെ അമ്മായി മത്തിൽഡ ഉണ്ടാക്കിയതായി സങ്കൽപിക്കാൻ അദ്ദേഹം നമ്മോട് ആവശ്യപ്പെടുന്നു.

**പ്രൊഫസർ ലെനോക്സ് പറയുന്നതുപോലെ, ഇത് യഥാർഥത്തിൽ ശാസ്ത്രവും മതവും തമ്മിലുള്ള പോരാട്ടമല്ല. ശാസ്ത്രം ഏത് അനുമാനത്തെ പിന്തുണയ്ക്കുന്നു? നിരീശ്വരവാദത്തെയോ ദൈവികതയെയോ? ഇതാണ് മർമപ്രസക്തമായ ചോദ്യം. പ്രപഞ്ചത്തിന്റെ അടിസ്ഥാന പദാർഥങ്ങളിൽ പ്രവർത്തിക്കുന്ന, മാർഗനിർദേശമില്ലാത്ത, ക്രമരഹിതമായ സ്വാഭാവിക പ്രക്രിയകളിലൂടെയാണ് ബോധവും യുക്തിയും ഉടലെടുത്തതെന്നാണോ ശാസ്ത്രം പറയുന്നത്? അതോ ദൈവിക വിശ്വാസമാണോ തെളിവുകൾക്ക് ഏറ്റവും അനുയോജ്യം? ബുദ്ധിമാനായ ഒരു സ്രഷ്ടാവ് അവന്റെ നിയമങ്ങൾ കണ്ടെത്താനും, അവന്റെ കരവിരുതിൽ ആശ്ചര്യപ്പെടാനും, നമ്മുടെ ഇഷ്ടം അവനിലേക്ക് നയിക്കാനും, സൂക്ഷ്മമായി ക്രമീകരിച്ച ഒരു പ്രപഞ്ചം സൃഷ്ടിച്ച് നമ്മെ ഇവിടെ എത്തിച്ചതിന്റെ പിന്നിൽ തീർച്ചയായും ലക്ഷ്യങ്ങളുണ്ടാവുകയില്ലേ?**

കേക്കിലെ കലോറിയുടെ എണ്ണത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് പോഷകാഹാര വിദഗ്ധർ മുന്നോട്ട് വരുന്നു, ബയോകെമിസ്റ്റുകൾ അതിലെ പ്രോട്ടീനുകളുടെയും കൊഴുപ്പുകളുടെയും ഘടനയെക്കുറിച്ച് നമ്മെ അറിയിക്കുന്നു, അതിന്റെ രൂപീകരണത്തിൽ ഉപയോഗിക്കുന്ന മൂലകങ്ങളെയും സംയുക്തങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ രസതന്ത്രജ്ഞർ നമുക്ക് പറഞ്ഞുതരുന്നു. ഭൗതികശാസ്ത്രജ്ഞർ അതിനെ അതിലെ കണങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നു. ഗണിതശാസ്ത്രജ്ഞർ അതിന്റെ ഘടനയും അതിലെ കണികകളുടെ സ്വഭാവവും വിവരിക്കുന്നു, ഗംഭീരമായ ഒരുകൂട്ടം സമവാക്യങ്ങൾ മുന്നോട്ടുവയ്ക്കുന്നു. തന്റെ അമ്മായിയുടെ കേക്കിനെക്കുറിച്ചുള്ള സമഗ്രമായ വിശകലനം നടത്തിക്കൊണ്ട് ലെനോക്സ് ചോദിക്കുന്നു: 'കേക്ക് പൂർണമായും വിശദീകരിക്കപ്പെട്ടിട്ടുണ്ടെന്ന് പറയുമോ?'

കേക്ക് എങ്ങനെ ഉണ്ടാക്കി എന്നതിനെക്കുറിച്ച് ഞങ്ങൾക്ക് തീർച്ചയായും അറിവ് ലഭിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറയുന്നു. പക്ഷേ, അത് എന്തിനാണ് നിർമിച്ചത്? വാസ്തവത്തിൽ ശാസ്ത്രീയമായ ഒരു വിശകലനവും കേക്കിന് പിന്നിലെ ലക്ഷ്യത്തിലേക്ക് വെളിച്ചം വീശില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, 'എന്തുകൊണ്ട്' എന്ന ചോദ്യത്തിന് ഉത്തരം നൽകാൻ ശാസ്ത്രത്തിന് കഴിയുന്നില്ല. അമ്മായി മത്തിൽഡ തന്നെ അത് വെളിപ്പെടുത്തിയാൽ മാത്രമെ നമുക്ക് ഉത്തരം അറിയാൻ കഴിയൂ.[13]

ഫ്രാൻസിസ് കോളിൻസ് പറഞ്ഞതുപോലെ, ശാസ്ത്രം ജീവിതത്തിന്റെ ഭൗതിക വശങ്ങൾ കൈകാര്യം ചെയ്യുന്നു. മതം അവയുടെ അർഥ വശങ്ങളും. അവ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് കാണാൻ ശാസ്ത്രം കാര്യങ്ങൾ വേർതിരിക്കുന്നു. അവകൊണ്ട് എന്താണ് അർഥമാക്കുന്നതെന്ന് കാണാൻ മതം കാര്യങ്ങൾ ഒരുമിച്ച് ചേർക്കുന്നു.

ശാസ്ത്രവും മതവും പരസ്പരം പോരടിക്കണമോ? അതോ മനുഷ്യന്റെ ഭൗതിക യാഥാർഥ്യവും അർഥവും മനസ്സിലാക്കുന്നതിൽ പങ്കാളികളായി കൈകോർക്കണമോ? ഉത്തരം വ്യക്തവും ലളിതവുമാണ്; അതെ, കൈകോർക്കാം!

## References


1. John Lennox, Gunning for God: Why the New Atheists Are Missing the Target (2011) Pg:9
2. Bertrand Russel, Religion and Science (1997), Pg:243
3. Richard Dawkins, A Devil's Chaplain (2004) Pg:291
4. Al-Bukhari, no.1041; Muslim, no.911
5. John Lennox, God's Undertaker: Has Science Buried God? (2002) Pg:45
6. Richard Lewontin, "Billions and Billions of Demons", The New York Review Of Books, January 7 1997, Pg:31
7. Richard Dawkins, A Devil's Chaplain (2004), Pg:242
8. Stephen Hawking & Leonard Mlodinow, The Grand Design (2010), Pg:13
9. Francis Collins, The Language of God (2007), Pg:228
10. John Cornwell, Darwin's Angel (2007), Pg:63
11. Stephen Hawking, Godel and the end of physics, July 20, 2002
12. Stephen Hawking & Leonard Mlodinow, The Grand Design (2010), Pg:228
13. John Lennox, God's Undertaker: Has Science Buried God? (2002), Pg:41




# പിണങ്ങുമ്പോൾ സംഭവിക്കുന്നത്?!

**ടി.കെ അശ്റഫ്**
: 81118 07199

സ്വന്തം പാപങ്ങൾ പൊറുക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നവരാണ് നമ്മളെല്ലാവരും. എല്ലാ തിങ്കളാഴ്ചയും വ്യാഴാഴ്ചയും സ്വർഗകവാടം തുറക്കുമെന്നും അല്ലാഹുവിൽ പങ്കുചേർക്കാത്തവർക്ക് പാപങ്ങൾ പൊറുത്തുകൊടുക്കുമെന്നും നബി(സ്വ) അറിയിച്ചിട്ടുണ്ട്. അല്ലാഹുവിൽ പങ്കുചേർക്കാത്തവരാണെങ്കിലും അവരിൽപെട്ട ഒരു പ്രത്യേക വിഭാഗത്തിന് പൊറുത്തുകൊടുക്കുകയില്ല എന്നും അതേ വചനത്തിൽതന്നെ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ആ വിഭാഗത്തിൽ നമ്മളൊരിക്കലും ഉൾപ്പെടരുത്.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: ''തിങ്കളാഴ്ചയും വ്യാഴാഴ്ചയും സ്വർഗകവാടങ്ങൾ തുറക്കപ്പെടുകയും അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കാത്ത എല്ലാ ദാസന്മാർക്കും പൊറുത്തുകൊടുക്കുകയും ചെയ്യും; തന്റെയും സഹോദരന്റെയും ഇടയിൽ പിണക്കമുള്ള ഒരു വ്യക്തിക്കൊഴിച്ച്. പറയപ്പെടും: ''തെറ്റു തീർത്ത് നന്നാവുന്നതുവരെ ഈ രണ്ടുപേർക്കും ഇടകൊടുക്കുക. തെറ്റു തീർത്ത് നന്നാവുന്നതുവരെ ഈ രണ്ടുപേർക്കും ഇടകൊടുക്കുക. തെറ്റു തീർത്ത് നന്നാവുന്നതുവരെ ഈ രണ്ടുപേർക്കും ഇടകൊടുക്കുക'' (മുസ്‌ലിം).

നാം പരസ്പരം പിണങ്ങിനിൽക്കുന്നവരുടെ കൂട്ടത്തിലാണോയെന്ന് ചിന്തിക്കുക. നിസ്സാരകാര്യത്തിന് പിണങ്ങുന്നവരുടെ എണ്ണം വർധിക്കുകയാണിന്ന്. കൂടുതൽ ഇണങ്ങാൻ അവസരം ലഭിക്കുമോ എന്ന് ചിന്തിക്കുന്നതിനുപകരം പിണങ്ങാൻ കാരണം കിട്ടുമോ എന്നാണ് പലരും അന്വേഷിക്കുന്നത്!



ആർക്കിടയിലാണ് പിണക്കം സംഭവിക്കുക? സംശയം വേണ്ട, ഇണങ്ങിയവർക്കിടയിൽ തന്നെ. അടുത്തവർ, ബന്ധുക്കൾ, അയൽവാസികൾ, സഹപ്രവർത്തകർ... തുടങ്ങിയവർക്കിടയിലാണ് പിണക്കം സംഭവിക്കുക. അടുപ്പത്തിന്റെ ആഴം കൂടുന്തോറും അകൽച്ചയുടെ വേദന വർധിച്ചുകൊണ്ടിരിക്കും. നിലപാടുകൾ പരസ്പരം കടുപ്പിക്കാൻ അത് കാരണമാവുകയും ചെയ്യും. ഭാര്യയും ഭർത്താവും പിണങ്ങിയതിന്റെ പേരിൽ ക്രൂരമായ പ്രതികാരങ്ങൾ നാം എത്ര കണ്ടതാണ്. പിതാവും മകനും തെറ്റിയതിന്റെ പേരിൽ മരണം വരെ പക വിട്ടുമാറാത്ത എത്രയോ പേരുണ്ട്! 'പിണക്കത്തിന്റെ കുറ്റക്കാരനൻ ഞാനല്ല; അവനാണ് പ്രശ്നമുണ്ടാക്കിയത്' എന്ന 'ന്യായ'ത്തിൽ ഉടക്കി എത്രയെത്ര ആളുകൾ പിണങ്ങി ജീവിക്കുന്നുണ്ട്! ആരാധനാകർമങ്ങളിൽ കണിശത പാലിക്കുന്നവർ പോലും ഇക്കാര്യത്തിൽ യാതൊരു നീക്കുപോക്കിനും തയ്യാറാകുന്നില്ല എന്നത് ഏറെ വേദനിപ്പിക്കുന്നതാണ്.

പിണങ്ങിയാലുള്ള നഷ്ടത്തിന്റെ ആഴം പലരും തിരിച്ചറിയാത്തതാണ് പ്രധാന കാരണം. പിണങ്ങിയാൽ നന്മയുടെ വാതിലുകൾ നമുക്കു മുമ്പിൽ അടക്കപ്പെടുകയും തിന്മയുടെ കവാടങ്ങളെല്ലാം തുറന്നു വയ്ക്കപ്പെടുകയും ചെയ്യുമെന്നതാണ് ഏറ്റവും വലിയ ദുരന്തം. തൃപ്തികരമായ ഭാര്യാഭർതൃ ജീവിതത്തിലൂടെ ലഭിക്കുന്ന പുണ്യങ്ങൾ ഏറെയാണ്! അതെല്ലാം പിണക്കം കാരണം നഷ്ടപ്പെടുകയാണ്. കൂടാതെ കോടതിയിലും മറ്റും കളവും കുറ്റാരോപണവും ഉന്നയിക്കാൻ ഓരോരുത്തരും നിർബന്ധിതരാകുന്നതിലൂടെ തിന്മയുടെ കവാടങ്ങൾ തുറന്നുവയ്ക്കുകയാണ് ചെയ്യുന്നത്. പിണക്കം കുടുംബ ബന്ധം ചാർത്തുന്നതിന്റെ പുണ്യം നഷ്ടപ്പെടുത്തും. അയൽപക്ക ബന്ധത്തിലൂടെ ഇസ്‌ലാം നേടിത്തരുന്ന നന്മകളെയെല്ലാം പാഴാക്കും. അല്ലാഹുവിന്റെ പ്രീതി പ്രതീക്ഷിച്ച് നാം ഏറ്റെടുത്ത ചില ഉത്തരവാദിത്തങ്ങളിൽനിന്ന് ആരോടെങ്കിലുമുള്ള പിണക്കത്തിന്റെ പേരിൽ മാറിനിന്നാൽ നഷ്ടപ്പെടുന്ന നന്മ എത്രയാണ്!

പള്ളികൾ, മതസ്ഥാപനങ്ങൾ, സംഘടനാ ഭാരവാഹിത്വം എന്നിവയിൽനിന്നെല്ലാം ആരോടെങ്കിലുമുള്ള സ്വരചേർച്ചയില്ലായ്മയുടെ പേരിൽ പിണങ്ങി നിൽക്കുന്നത് സ്വന്തത്തിന് വരുത്തിവെയ്ക്കുന്ന നഷ്ടം ഊഹിക്കാനാവാത്തതാണ്.

വ്യക്തിളിൽനിന്നുണ്ടാകുന്ന മോശമായ പെരുമാറ്റത്തിന്റെ പേരിൽ ഞാൻ ആ പള്ളിയിൽ നമസ്കരിക്കില്ല, എന്റെ മകനെ ആ സ്ഥാപനത്തിൽ ചേർക്കില്ല, ഞാൻ സംഘടനാ ഭാരവാഹിത്വം രാജിവെക്കുകയാണ് എന്നെല്ലാം പറയുന്നത് ആത്യന്തികമായി സ്വന്തത്തിന് നഷ്ടം മാത്രമെ വരുത്തിവയ്ക്കുകയുള്ളൂ. ഒരു വ്യക്തിയെ കണ്ടുകൊണ്ടല്ല നാം ഒരാദർശം സ്വീകരിക്കുന്നത്. വ്യക്തികളുടെ പ്രശ്നം അവരുടേത് മാത്രമാണ്. അതിനെ സ്ഥാപനവും സംഘടനയുമായി ചേർത്ത് വ്യാഖ്യാനിക്കരുത്. നമ്മുടെ പ്രതീക്ഷക്കൊത്ത് ചുറ്റുമുള്ളവരെല്ലാം പ്രതികരിച്ചാലേ നമ്മൾ നമ്മുടെ ചുമതല നിർവഹിക്കൂ എന്ന് തീരുമാനിച്ചാൽ അത് നടപ്പിലാവാൻ പോകുന്നതല്ല. വ്യക്തികൾ വരും, പോകും. ആദർശവും സംവിധാനങ്ങളും എന്നും നിലനിൽക്കും. നമ്മൾ ദേഷ്യം പിടിച്ചോ മനസ്സ് മടുത്തോ മാറിനിന്നാലും സംവിധാനങ്ങൾ മറ്റുള്ളവരെ പ്രയോജനപ്പെടുത്തി മുന്നോട്ട് പോകും. നഷ്ടം നമുക്ക് മാത്രമായിരിക്കും. നന്മയുടെ സംഘത്തിൽനിന്ന് മാറിസഞ്ചരിച്ചാൽ നാം അറിയാതെ പിശാചിന്റെ പണിയായുധമായി മാറും. നമ്മുടെ കാരണത്താൽ സംഭവിച്ച പിണക്കത്തിന്റെ ദുരന്തം തലമുറകളിലേക്ക് വ്യാപിക്കും. അതിന്റെ ഉത്തരവാദിത്തം നാം ഏറ്റെടുക്കേണ്ടിവരും. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും അതിന്റെ അനന്തരഫലങ്ങളും നമ്മുടെ രേഖയിൽ മായാതെ കിടക്കും. അല്ലാഹു പറയുന്നു:

''നിശ്ചയമായും, നാം മരണപ്പെട്ടവരെ ജീവിപ്പിക്കുന്നു; അവർ മുമ്പ് ചെയ്തുവച്ചിട്ടുള്ളതും അവരുടെ അവശിഷ്ടങ്ങളും (അഥവാ പ്രവർത്തന ഫലങ്ങളും) നാം എഴുതിരേഖപ്പെടുത്തുകയും ചെയ്യുന്നു. എല്ലാ കാര്യവും തന്നെ ഒരു സ്പഷ്ടമായ മൂലരേഖയിൽ നാം കണക്കാക്കി (സൂക്ഷിച്ചു) വയ്ക്കുകയും ചെയ്തിരിക്കുന്നു'' (ക്വുർആൻ 36:12).

പിണക്കത്തിലൂടെ പ്രമാണങ്ങളെ നിഷേധിച്ചവരായി നമ്മൾ മാറുമെന്നതും ഓർക്കണം. ഹദീസ് നിഷേധമെന്നത് ആദർശ എതിരാളികളിൽ മാത്രം ദർശിക്കുന്ന ഒന്നല്ല. സ്വഹീഹായ ഹദീസിൽ വ്യക്ത

മായി പഠിപ്പിച്ച ഒരു പാഠം സ്വന്തം ജീവിതത്തിൽ സ്വീകരിക്കില്ലന്ന് വാശിപിടിക്കുന്നതും ജീവിതംകൊണ്ടുള്ള പ്രമാണ നിഷേധമാണ്. പിണങ്ങിനിൽക്കുന്നവർ താഴെ കൊടുത്ത പ്രവാചക വചനങ്ങൾ ഒരർഥത്തിൽ നിഷേധിക്കുകയല്ലേ ചെയ്യുന്നത്?

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; അല്ലാഹു വിന്റെ റസൂൽ(സ്വ) പറഞ്ഞു: ''ഒരു മുസ്‌ലിമിനും തന്റെ സഹോദരനോട് മൂന്നു ദിവസത്തിലധികം പിണങ്ങിനിൽക്കുവാൻ പാടുള്ളതല്ല. വല്ലവനും തന്റെ സഹോദരനോട് മൂന്ന് ദിവസത്തിൽ കൂടുതൽ പിണങ്ങി നിൽക്കുകയും അയാൾ മരണപ്പെടുകയുമായാൽ അവൻ നരകത്തിൽ പ്രവേശിച്ചു'' (ബുഖാരി).

അബൂഖിറാശിസ്സുലമി(റ)യിൽനിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: ''വല്ലവനും തന്റെ സഹോദരനോട് ഒരു വർഷം പിണങ്ങി നിന്നാൽ അത് അവന്റെ രക്തം ചിന്തുന്നതു പോലെയാണ്.''

ഇണങ്ങാനുള്ള മാർഗങ്ങൾ എന്തെല്ലാമാണെന്ന് കൂടി നാം അറിയണം. ഇസ്‌ലാമിൽ പരസ്പരം ഇണങ്ങുന്നതിന്റെ പ്രാധാന്യവും മഹത്ത്വവും അറിയുക എന്നതാണ്. അതിൽ ഏറ്റവും പ്രധാനം.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: ''... വിശ്വാസി ഇണങ്ങുകയും ഇണക്കപ്പെടുകയും ചെയ്യും. ഇണങ്ങുകയും ഇണക്കപ്പെടുകയും ചെയ്യാത്തവനിൽ യാതൊരു നന്മയുമില്ല...''

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; നബി (സ) പറഞ്ഞു: ''നിശ്ചയം അന്ത്യനാളിൽ എന്നോട് ഏറ്റവും അടുത്തിരിക്കുന്നവർ പെരുമാറുവാൻ കൊള്ളുന്ന നിങ്ങളിലെ ഏറ്റവും നല്ല സ്വഭാവക്കാരായിരിക്കും. (അവർ തങ്ങളുടെ സ്വഭാവം കൊണ്ട്) ഇണങ്ങുകയും ഇണക്കപ്പെടുകയും ചെയ്യുന്നവരായിരിക്കും.''

രണ്ടാമതായി, ഇണങ്ങാൻ നാം മുൻകൈ എടുക്കുകയെന്നതാണ്. ആദ്യം ആരാണോ സലാം കൊണ്ട് തുടങ്ങുന്നത് അവനാണ് ഉത്തമൻ. 'ഞാനൊരു കുറ്റവും ചെയ്തിട്ടില്ല; അവൻ ഇങ്ങോട്ട് വരട്ടെ'യെന്നാണ് പലരും ഇണങ്ങാതിരിക്കാൻ 'ന്യായം' പറയാറുള്ളത്. ഈ നിലപാട് ഇസ്‌ലാമിന് അന്യമാണ്. അറ്റുപോയ ബന്ധം നന്നാക്കുന്നതാണ് യഥാർഥ കുടുംബ ബന്ധം ചേർക്കലെന്ന് നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്.

മൂന്നാമതായി, സ്നേഹം ഉള്ളിൽ ഒളിപ്പിച്ചുവയ്ക്കാതെ തുറന്നു പ്രകടിപ്പിക്കുക എന്നതാണ്.

മുആദ് ഇബ്നു ജബലി(റ)ൽനിന്ന് നിവേദനം: ''അല്ലാഹുവിന്റെ റസൂൽ(സ്വ) അദ്ദേഹത്തിന്റെ കൈ പിടിച്ചു. എന്നിട്ട് അവിടുന്ന് പറഞ്ഞു: 'മുആദ്, അല്ലാഹുവാണെ സത്യം! നിശ്ചയം, ഞാൻ താങ്കളെ ഇഷ്ടപ്പെടുന്നു...''

നാലാമതായി, തന്റെ സഹോദരനെ മുഖപ്രസന്നതയോടെ കണ്ടുമുട്ടുകയെന്നതാണ്.

അബൂദർറുൽ ഗിഫ്ഫാരി(റ)യിൽനിന്ന് നിവേദനം; നബി(സ്വ) എന്നോട് പറഞ്ഞു: ''നന്മയിൽ യാതൊന്നിനെയും താങ്കൾ നിസ്സാരവത്കരിക്കരുത്. താങ്കളുടെ സഹോദരനെ മുഖപ്രസന്നതയിൽ കണ്ടുമുട്ടുന്നത് പോലും'' (മുസ്‌ലിം).

ഒരു പുഞ്ചിരിക്ക് ഒരായിരം വെറുപ്പിന്റെ വികാരങ്ങളെ നിഷ്പ്രഭമാക്കാനാവും.

അഞ്ചാമതായി, സലാം വ്യാപിപ്പിക്കുകയെന്നതാണ്. അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; നബി (സ്വ) പറഞ്ഞു: ''എന്റെ ആത്മാവ് ആരുടെ കയ്യിലാണോ ആ അല്ലാഹുവാണെ സത്യം! നിങ്ങൾ വിശ്വാസികൾ ആകുന്നതുവരെ നിങ്ങളാരും സ്വർഗത്തിൽ പ്രവേശിക്കില്ല. നിങ്ങൾ അന്യോന്യം സ്നേഹിക്കുന്നതുവരെ നിങ്ങൾ വിശ്വാസികളാവുകയുമില്ല. നിങ്ങൾ പ്രാവർത്തികമാക്കിയാൽ നിങ്ങൾക്ക് പരസ്പരം സ്നേഹിക്കാവുന്ന ഒരു സംഗതി അറിയിച്ചു തരട്ടെയോ? നിങ്ങൾ നിങ്ങൾക്കിടയിൽ സലാം വ്യാപിപ്പിക്കുക'' (മുസ്‌ലിം).

ആറാമതായി,നമസ്കാരത്തിൽ അണികൾ (സ്വഫ്ഫുകൾ) ചേർന്ന് നിൽക്കുകയെന്നതാണ്. സ്വഫ്ഫിനിടയിലുള്ള വിടവുകൾ മനസ്സുകൾക്കിടയിൽ വിള്ളലുണ്ടാക്കുമെന്ന് നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്.

ഏഴാമതായി, പാപങ്ങളെ കരുതിയിരിക്കുകയെന്നതാണ്.

അനസി(റ)ൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: ''അല്ലാഹുവിന്റെ മാർഗത്തിൽ രണ്ടുപേർ സ്നേഹിക്കുകയും അതിൽ പിന്നെ അവർക്കിടയിൽ ബന്ധം വേർപെടുത്തുകയും ചെയ്യുന്നുവെങ്കിൽ അത് അവർ രണ്ടിലൊരാൾ ചെയ്യുന്ന പാപം കാരണത്താൽ മാത്രമായിരിക്കും.''

ഇതെല്ലാം പരസ്പരം ഇണങ്ങാനുള്ള മാർഗങ്ങളാണ്. ഇതിനെല്ലാം പുറമെ അറ്റുപോയ ബന്ധങ്ങൾ വിളക്കിച്ചേർക്കാൻ മറ്റുള്ളവരുടെ സഹായം ആവശ്യമെങ്കിൽ അതും തേടാവുന്നതാണ്. പിണങ്ങിയവരെ ഇണക്കാനായി സഹായിക്കുന്നത് വലിയ പുണ്യകർമമാണ്.

അതോടൊപ്പം പ്രാർഥന കൈവിടാതിരിക്കുകയെന്നതും പ്രാധാന്യപൂർവം പരിഗണിക്കണം. പിണക്കവും പ്രാർഥനയും തുടർന്നുപോയതുകൊണ്ട് പ്രയോജനമില്ല. പിണക്കമവസാനിപ്പിച്ചാലേ അല്ലാഹു പൊറുത്തുതരികയുള്ളൂ.





# 'ഉപ്പ്' എന്ന രണ്ടക്ഷരം

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

: 99460 42525

'എന്റെ മകൻ അനീസ് കുഞ്ഞായിരിക്കുമ്പോൾ കടുത്ത പനി ബാധിച്ച് ബോധക്ഷയനായി. പരിഭ്രാന്തിയോടെ കുഞ്ഞിനെയുമെടുത്ത് ഞാൻ ആശുപത്രിയിലേക്കോടി. കുഞ്ഞ് മരിച്ചെന്നു തന്നെയായിരുന്നു ഞാൻ കരുതിയത്. ഹൃദയത്തിൽ വേദന തളംകെട്ടിനിന്നു. ഓടുന്നതിനിടയ്ക്ക്, ഒരു കല്ലിൽ തട്ടി ഞാൻ വീഴാൻ പോയി. ആ സമയത്ത് അവൻ ഒന്നു കരഞ്ഞു! ഞാൻ സന്തോഷംകൊണ്ട് പുളകിതനായി. ആ നിമിഷമാണ് എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷം നിറഞ്ഞ സന്ദർഭമായി ഞാനിന്നും കരുതുന്നത്' (വൈക്കം മുഹമ്മദ് ബഷീർ).

ഇതാണ് ഒരു ഉപ്പയുടെ മനസ്സ്. അവനവന്റെ രക്തത്തിൽ ഒരു കുഞ്ഞു പിറക്കുമ്പോഴാണ് പൂർണാർഥത്തിൽ ഓരോ പുരുഷനും പിതൃത്വത്തിന്റെ അർഥം മനസ്സിലാക്കുന്നത്.

അല്ല എന്നു പറയാൻ ആർക്കാകും? സ്നേഹം എന്ന പദത്തിന് കടപ്പാട് എന്നൊരർഥമുണ്ട്. നമുക്കീ ഭൂമിയിൽ ഏറ്റവും കടപ്പാടുള്ളവരിൽ ഉപ്പയുടെ സ്ഥാനം നാം നിർണയിച്ചിട്ടുണ്ടോ?

കാലാണോ കയ്യാണോ വളരുന്നത് എന്ന് നോക്കിയിരുന്ന നമ്മുടെ ഉമ്മക്കൊപ്പം നമ്മുടെ ഓരോ വളർച്ചയിലും ഉയർച്ചയിലും അത്യാഹ്ലാദത്തോടെ, ഒരു ഇല്ലായ്മയും നമ്മെ അറിയിക്കരുതെന്നാഗ്രഹിച്ച്, നമ്മുടെതായ ലോകത്തേക്ക് നാം പടർന്നു പന്തലിക്കുന്നത് കാണാൻ കാത്തിരുന്നത് നമ്മുടെ ഉപ്പയുംകൂടിയാണ്.

സമൂഹമാധ്യമങ്ങളിലൂടെ നാമെല്ലാം വായിച്ച ഒരു കഥയുണ്ട്: പുറത്തെ ബഞ്ചിലിരിക്കുന്ന വയോവൃദ്ധനായ പിതാവ് യുവാവായ മകനോട് കാക്കയെ ചൂണ്ടി അതെന്താണെന്ന് ചോദിക്കുന്നു. സുസ്മേരവദനനായി, ശാന്തതയോടെ മകൻ പിതാവിനോട് അതൊരു കാക്കയാണെന്ന് മറുപടി പറയുന്നു. പിതാവ് രണ്ടും മൂന്നും തവണ സമാന ചോദ്യം ആവർത്തിച്ചപ്പോൾ മകൻ ദേഷ്യത്തോടെ പ്രതികരിച്ചു: "പറഞ്ഞില്ലേ പല തവണ, അതൊരു കാക്കയാണെന്ന്?"

ചെറുപുഞ്ചിരിയോടെ വീടിനകത്തുനിന്നും പിതാവ് തന്റെ പഴയ ഡയറിയെടുത്ത് മറിച്ച് ഒരു പേജ് മകന് വായിക്കാനായി നൽകുന്നു. അതിലിങ്ങനെ എഴുതിവച്ചിരിക്കുന്നു: 'ഇന്നാണ് എന്റെ ജീവിതത്തിൽ ഞാനേറ്റവും സന്തോഷിച്ച ദിവസം. ഞാനും എന്റെ മകനും പുറത്ത് ബഞ്ചിലിരിക്കുകയായിരുന്നു. അപ്പോൾ അവിടെ ഒരു കാക്ക വന്നിരുന്നു. സംസാരം പഠിച്ചു തുടങ്ങുന്ന അവൻ ജിജ്ഞാസാപൂർവം എന്നോട് ചോദിച്ചു, അതെന്താണെന്ന്. അതീവ താൽപര്യത്തോടെ ഞാൻ മറുപടി പറഞ്ഞു, അതൊരു കാക്കയാണെന്ന്. അവൻ അതേ ചോദ്യം ആവർത്തിച്ചുകൊണ്ടിരുന്നു. അവന്റെ ഓരോ ചോദ്യത്തിനും ഞാൻ ക്ഷമാപൂർവം അതേ മറുപടിയും ആവർത്തിച്ചു. ഇന്നെന്റെ മകൻ മുപ്പത്തിയാറ് തവണ എന്നോട് ചോദ്യം ആവർത്തിച്ചു; ഞാൻ മറുപടിയും.' ഇതാണ് ഉപ്പയുടെ മനസ്സ്.



ഒരു പിതാവിന്റെ സകല വാത്സല്യങ്ങളും വഴിഞ്ഞൊഴുകിയ ചരിത്രരേഖയാണ് മുഹമ്മദ് നബി(സ്വ)യുടെ ജീവിതം. തനിക്കുണ്ടായ ആൺകുട്ടികൾ ബാല്യത്തിലേ മരിച്ചതു കണ്ട് സങ്കടപ്പെട്ടുനിന്ന പിതാവിന്റെ മുഖം നമുക്കാ ചരിത്രത്തിൽ വായിച്ചെടുക്കാനാകും. സ്നേഹത്തിന്റെ ധാരാളിത്തംകൊണ്ട് മകൾ ഫാത്വിമയെ മൂടുന്നതും നമുക്ക് കാണാം. വിവാഹിതയായ മകൾ ഫാത്വിമ വീട്ടിലേക്ക് വരുമ്പോൾ മുറ്റത്തിറങ്ങിച്ചെന്ന് അണച്ചുപിടിച്ച് വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്ന പിതാവ്. 'എന്റെ കരളിന്റെ കഷ്ണം' എന്ന തരളിതമായ ചേർത്തുവയ്ക്കൽ നടത്തിയ പിതാവ്. കുരുന്നുകളായിരിക്കെ മരണപ്പെട്ട ആൺമക്കളോടുള്ള സ്നേഹവായ്പുകളെല്ലാം പൗത്രൻമാരായ ഹസൻ(റ), ഹുസൈൻ(റ) എന്നിവർക്ക് പകർന്നു നൽകിയ പിതാമഹൻ.

ഒരു പിതാവിന്റെ സകല വാത്സല്യങ്ങളും വഴിഞ്ഞൊഴുകിയ ചരിത്രരേഖയാണ് മുഹമ്മദ് നബി(സ്വ)യുടെ ജീവിതം. തനിക്കുണ്ടായ ആൺകുട്ടികൾ ബാല്യത്തിലേ മരിച്ചതു കണ്ട് സങ്കടപ്പെട്ടുനിന്ന പിതാവിന്റെ മുഖം നമുക്കാ ചരിത്രത്തിൽ വായിച്ചെടുക്കാനാകും. സ്നേഹത്തിന്റെ ധാരാളിത്തംകൊണ്ട് മകൾ ഫാത്വിമയെ മൂടുന്നതും നമുക്ക് കാണാം. വിവാഹിതയായ മകൾ ഫാത്വിമ വീട്ടിലേക്ക് വരുമ്പോൾ മുറ്റത്തിറങ്ങിച്ചെന്ന് അണച്ചുപിടിച്ച് വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്ന പിതാവ്. 'എന്റെ കരളിന്റെ കഷ്ണം' എന്ന തരളിതമായ ചേർത്തുവയ്ക്കൽ നടത്തിയ പിതാവ്. കുരുന്നുകളായിരിക്കെ മരണപ്പെട്ട ആൺമക്കളോടുള്ള സ്നേഹവായ്പുകളെല്ലാം പൗത്രൻമാരായ ഹസൻ(റ), ഹുസൈൻ(റ) എന്നിവർക്ക് പകർന്നു നൽകിയ പിതാമഹൻ.

പലപ്പോഴും സ്നേഹത്തിന്റെ ബാഹ്യപ്രകടനങ്ങൾ പുറത്തെടുക്കാൻ മറന്നുപോയവരായി പുരുഷ സമൂഹം മാറിപ്പോകുന്നുണ്ടോ? മനസ്സിനുള്ളിൽ ഒരായിരം സ്നേഹമത്താപ്പുകൾ ഒളിപ്പിച്ചുവച്ച് നമുക്ക് വേണ്ടി കഷ്ടപ്പെട്ട പിതാക്കൻമാർക്ക് എത്രമാത്രം സ്നേഹം തിരികെ നൽകിയവരാണ് നാം? ഇതെഴുതുമ്പോൾ മുഴുവൻ എന്റെ മുന്നിൽ തെളിഞ്ഞുവരുന്നത് ആ ഉപ്പയുടെ ചിത്രമാണ്.

നാല് പെൺമക്കളാണയാൾക്ക്. എല്ലുമുറിയെ പണിയെടുക്കുന്ന കൂലിപ്പണിക്കാരൻ. ചിരിക്കാൻ മാത്രമെ അറിയൂ എന്ന് തോന്നിപ്പിക്കുന്ന പ്രകൃതം. രണ്ട് പെൺകുട്ടികളെ തന്റെ അധ്വാനഫലംകൊണ്ട് വിവാഹം കഴിപ്പിച്ചയച്ചു. മൂന്നാമത്തെ മകളുടെ വിവാഹമെത്തിയപ്പോഴേക്ക് നരബാധിച്ച അയാൾക്ക് പഴയ ഓജസ്സുണ്ടായിരുന്നില്ല. എന്നാലും വിവാഹത്തിന് ക്ഷണിക്കാൻ വന്ന അയാൾ ചിരിച്ചുകൊണ്ടാണ് സംസാരിച്ചത്. മറച്ചുവയ്ക്കാൻ ആഗ്രഹിച്ചിട്ടും ഇരു കവിൾത്തടങ്ങളും ഉള്ളിലുള്ള ദുഃഖങ്ങളെ കൂടി നിർബന്ധിച്ച് പുറത്തേക്ക് തള്ളിവിടുന്നുണ്ടായിരുന്നു. അന്നേരത്തെ അയാളുടെ ഒരോ ചിരിയും ഓരോ ആർത്തനാദമായിരുന്നു എന്നാണ് എനിക്കിപ്പോഴും തോന്നുന്നത്. ഇങ്ങനെ എത്ര പേർ!

ആവിയെഞ്ചിനുള്ളിൽനിന്നും വരുന്ന പുക മുഴുവൻ ശ്വസിച്ച് പരിക്ഷീണിതനായി വീട്ടിലേക്ക് കയറി വരുന്ന അച്ഛനെയും അതേ ട്രെയിൻതന്നെ അദ്ദേഹത്തെ മരണത്തിലേക്ക് കൂട്ടി കൊണ്ടുപോകുന്നതിനെയും കുറിച്ച് ലോക പ്രസിദ്ധ കവി പാബ്ലോ നെരൂദ തന്റെ കവിതകളിൽ വരച്ചിടുന്നുണ്ട്.

സ്വന്തം ഉപ്പക്ക് നാം എന്ത് തിരിച്ചുകൊടുത്തു?
ആലോചിക്കണം. വൈകിയിട്ടില്ല.
നമുക്ക് നൽകാനേറെയുണ്ട്.
ഉപ്പ മരിച്ചുപോയാലും, വൈകിയിട്ടില്ല.
വിലപ്പെട്ട പ്രാർഥനയുണ്ട്.

മലയാളത്തിന്റെ കവി കുരീപ്പുഴ ശ്രീകുമാർ 'ഉപ്പ്' എന്ന കവിതയിൽ എഴുതി:

'നോക്കി നോക്കി കണ്ണുപോയ
പാവമാമെന്നുപ്പ
കൊച്ചുമൈലാഞ്ചിത്തണലിൽ
വിശ്രമിക്കും നേരം
ദുഃഖരക്തമുറഞ്ഞാറി
നിന്ന മീസാൻകല്ല്
മുദ്രവച്ച വാക്കിനാലെൻ
മജ്ജയുരുക്കുന്നു.'

അബ്ദുർറഹ്മാനുബ്ന നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 50

# ക്വാഫ്

وَأُزْلِفَتِ ٱلْجَنَّةُ لِلْمُتَّقِينَ غَيْرَ بَعِيدٍ ﴿٣١﴾
هَٰذَا مَا تُوعَدُونَ لِكُلِّ أَوَّابٍ حَفِيظٍ ﴿٣٢﴾
مَّنْ خَشِىَ ٱلرَّحْمَٰنَ بِٱلْغَيْبِ وَجَآءَ بِقَلْبٍ مُّنِيبٍ ﴿٣٣﴾
ٱدْخُلُوهَا بِسَلَٰمٍ ۖ ذَٰلِكَ يَوْمُ ٱلْخُلُودِ ﴿٣٤﴾
لَهُم مَّا يَشَآءُونَ فِيهَا وَلَدَيْنَا مَزِيدٌ ﴿٣٥﴾
وَكَمْ أَهْلَكْنَا قَبْلَهُم مِّن قَرْنٍ هُمْ أَشَدُّ مِنْهُم
بَطْشًا فَنَقَّبُوا۟ فِى ٱلْبِلَٰدِ هَلْ مِن مَّحِيصٍ ﴿٣٦﴾
إِنَّ فِى ذَٰلِكَ لَذِكْرَىٰ لِمَن كَانَ لَهُۥ قَلْبٌ
أَوْ أَلْقَى ٱلسَّمْعَ وَهُوَ شَهِيدٌ ﴿٣٧﴾
وَلَقَدْ خَلَقْنَا ٱلسَّمَٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا فِى
سِتَّةِ أَيَّامٍ وَمَا مَسَّنَا مِن لُّغُوبٍ ﴿٣٨﴾
فَٱصْبِرْ عَلَىٰ مَا يَقُولُونَ وَسَبِّحْ بِحَمْدِ
رَبِّكَ قَبْلَ طُلُوعِ ٱلشَّمْسِ وَقَبْلَ ٱلْغُرُوبِ ﴿٣٩﴾
وَمِنَ ٱلَّيْلِ فَسَبِّحْهُ وَأَدْبَٰرَ ٱلسُّجُودِ ﴿٤٠﴾
وَٱسْتَمِعْ يَوْمَ يُنَادِ ٱلْمُنَادِ
مِن مَّكَانٍ قَرِيبٍ ﴿٤١﴾

31. സൂക്ഷ്മത പാലിക്കുന്നവർക്ക് അകലെയല്ലാത്ത വിധത്തിൽ സ്വർഗം അടുത്തു കൊണ്ടുവരപ്പെടുന്നതാണ്.
32. (അവരോട് പറയപ്പെടും:) അല്ലാഹുവിങ്കലേക്ക് ഏറ്റവും അധികം മടങ്ങുന്നവനും (ജീവിതം) കാത്തുസൂക്ഷിക്കുന്നവനും ആയ ഏതൊരാൾക്കും നൽകാമെന്ന് നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നതാകുന്നു ഇത്.
33. അതായത് അദൃശ്യമായ നിലയിൽ പരമകാരുണികനെ ഭയപ്പെടുകയും താഴ്മയുള്ള ഹൃദയത്തോട് കൂടി വരുകയും ചെയ്യുവന്ന്.
34. (അവരോട് പറയപ്പെടും:) സമാധാനപൂർവം നിങ്ങളതിൽ പ്രവേശിച്ചുകൊള്ളുക. ശാശ്വത വാസത്തിനുള്ള ദിവസമാകുന്നു അത്.
35. അവർക്കവിടെ ഉദ്ദേശിക്കുന്നതെന്തും ഉണ്ടായിരിക്കും. നമ്മുടെ പക്കലാകട്ടെ കൂടുതലായി പലതുമുണ്ട്.
36. ഇവർക്കു മുമ്പ് എത്ര തലമുറകളെ നാം നശിപ്പിച്ചിട്ടുണ്ട്! അവർ ഇവരെക്കാൾ കടുത്ത കൈയ്യൂക്കുള്ളവരായിരുന്നു. എന്നിട്ടവർ നാടുകളിലാകെ ചികഞ്ഞു നോക്കി; രക്ഷ പ്രാപിക്കാൻ വല്ല ഇടവുമുണ്ടോ എന്ന്.
37. ഹൃദയമുള്ളവനായിരിക്കുകയോ, മനസ്സാന്നിധ്യത്തോടെ ചെവികൊടുത്ത് കേൾക്കുകയോ ചെയ്യുവന് തീർച്ചയായും അതിൽ ഒരു ഉൽബോധനമുണ്ട്.
38. ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം ആറു ദിവസങ്ങളിൽ സൃഷ്ടിച്ചിരിക്കുന്നു. യാതൊരു ക്ഷീണവും നമ്മെ ബാധിച്ചിട്ടുമില്ല.
39. അതിനാൽ അവർ പറയുന്നതിന്റെ പേരിൽ നീ ക്ഷമിച്ചുകൊള്ളുക. സൂര്യോദയത്തിനു മുമ്പും അസ്തമയത്തിനുമുമ്പും നിന്റെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം (അവനെ) പ്രകീർത്തിക്കുകയും ചെയ്യുക.
40. രാത്രിയിൽനിന്ന് കുറച്ചു സമയവും അവനെ പ്രകീർത്തിക്കുക; സാഷ്ടാംഗ നമസ്കാരത്തിനു ശേഷമുള്ള സമയങ്ങളിലും.
41. അടുത്ത ഒരു സ്ഥലത്തു നിന്ന് വിളിച്ചുപറയുന്നവൻ വിളിച്ചുപറയുന്ന ദിവസത്തെപ്പറ്റി ശ്രദ്ധിച്ചു കേൾക്കുക.

يَوْمَ يَسْمَعُونَ ٱلصَّيْحَةَ بِٱلْحَقِّ ۚ ذَٰلِكَ يَوْمُ ٱلْخُرُوجِ ﴿٤٢﴾
إِنَّا نَحْنُ نُحْيِۦ وَنُمِيتُ وَإِلَيْنَا ٱلْمَصِيرُ ﴿٤٣﴾
يَوْمَ تَشَقَّقُ ٱلْأَرْضُ عَنْهُمْ سِرَاعًا ۚ ذَٰلِكَ حَشْرٌ عَلَيْنَا يَسِيرٌ ﴿٤٤﴾
نَّحْنُ أَعْلَمُ بِمَا يَقُولُونَ ۖ وَمَآ أَنتَ عَلَيْهِم بِجَبَّارٍ ۖ فَذَكِّرْ بِٱلْقُرْءَانِ مَن يَخَافُ وَعِيدِ ﴿٤٥﴾

42. അതായത് ആ ഘോരശബ്ദം യഥാർഥമായും അവർ കേൾക്കുന്ന ദിവസം. അതത്രെ (ക്വബ്റുകളിൽനിന്നുള്ള) പുറപ്പാടിന്റെ ദിവസം.
43. തീർച്ചയായും നാം ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ അടുത്തേക്ക് തന്നെയാണ് തിരിച്ചെത്തലും.
44. അവരെ വിട്ടു ഭൂമി പിളർന്നുമാറിയിട്ട് അവർ അതിവേഗം വരുന്ന ദിവസം! അത് നമ്മെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ള ഒരു ഒരുമിച്ചുകൂട്ടലാകുന്നു.
45. അവർ പറഞ്ഞുകൊണ്ടിരിക്കുന്നതിനെ പറ്റി നാം നല്ലവണ്ണം അറിയുന്നവനാകുന്നു. നീ അവരുടെമേൽ സ്വേച്ഛാധികാരം ചെലുത്തേണ്ടവനല്ല. അതിനാൽ എന്റെ താക്കീത് ഭയപ്പെടുന്നവരെ ക്വുർആൻ മുഖേന നീ ഉൽബോധിപ്പിക്കുക

31. (സ്വർഗം അടുത്ത് കൊണ്ടുവരപ്പെടുന്നതാണ്) അതായത് സമീപത്ത്. (സൂക്ഷ്മത പാലിക്കുന്നവർക്ക് അകലെയല്ലാത്ത വിധത്തിൽ) അതിലെ സന്തോഷങ്ങളും നിത്യസുഖങ്ങളും അതിലവർ നോക്കിക്കണ്ടുകൊണ്ട്; അവർ തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചതുകൊണ്ടും ശിർക്ക്പോലുള്ള വലുതും ചെറുതുമായ പാപങ്ങൾ ഉപേക്ഷിച്ചതുകൊണ്ടും അവന്റെ കൽപനകൾക്ക് കീഴ്പ്പെട്ട് പ്രവർത്തിച്ച് ജീവിച്ചതുകൊണ്ടും.

32. അവർക്ക് അഭിനന്ദനമെന്ന നിലയിൽ പറയപ്പെടും: (അല്ലാഹുവിലേക്ക് ഏറ്റവുമധികം മടങ്ങുന്നവനും കാത്തുസൂക്ഷിക്കുന്നവനുമായ ഏതൊരാൾക്കും നൽകാമെന്ന് നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നതാകുന്നു ഇത്) അതായത് ഈ സ്വർഗവും കണ്ണുകൾ ആനന്ദിക്കുന്ന, മനസ്സുകൾ കൊതിക്കുന്ന അതിലെ സുഖങ്ങളും അങ്ങേയറ്റം ഖേദിച്ചുമടങ്ങുന്നവർക്ക് അവൻ വാഗ്ദാനം ചെയ്തതാണ്. അതായത്, എല്ലാ സമയത്തും അല്ലാഹുവിലേക്ക് അത്യധികമായി മടങ്ങുന്നവൻ. അവനെ സ്മരിച്ചും സ്നേഹിച്ചും അവനോട് വിനയത്തോടും പ്രതീക്ഷയോടും കൂടി പ്രാർഥിച്ചും സഹായം തേടുകയും ചെയ്തുകൊണ്ടിരിക്കുന്നവൻ. (കാത്ത് സൂക്ഷിക്കുന്നവന്) അല്ലാഹു കൽപിച്ച കാര്യങ്ങളിൽ ശ്രദ്ധ പുലർത്തുന്നവൻ. അത് ആത്മാർഥമായും എല്ലാ നിലയ്ക്കും പരിപൂർണമായും നിർവഹിക്കുന്നവൻ, അവന്റെ നിയമാതിർത്തികൾ പാലിക്കുന്നവനും.

33. (അതായത് അദൃശ്യമായ നിലയിൽ പരമകാരുണികനെ ഭയപ്പെടുകയും) തന്റെ രക്ഷിതാവിനെ അറിഞ്ഞ് ഭയപ്പെടുകയും അവന്റെ കാരുണ്യത്തെ പ്രതീക്ഷിക്കുകയും ചെയ്യുക. അദൃശ്യാവസ്ഥയിൽ അല്ലാഹുവിനെ ഭയപ്പെടൽ അനിവാര്യമാണ്. അതായത്, ജനങ്ങൾ കാണാത്ത സമയത്തും. ഇതാണ് ശരിയായ ഭയം. ജനങ്ങളുടെ കാഴ്ചയിലും അവരുടെ സാന്നിധ്യത്തിലുമുള്ള ഭയം ലോകമാന്യതക്കും സൽകീർത്തിക്കും വേണ്ടിയായിരിക്കും. അത് യഥാർഥ ഭക്തിയല്ല. ദൃശ്യമായും അദൃശ്യമായും അവനെ ഭയപ്പെടുന്നത് മാത്രമാണ് ഉപകാരപ്പെടുന്ന ഭയം. (താഴ്മയുള്ള ഹൃദയത്തോടുകൂടി വരുകയും ചെയ്തവന്) തന്റെ യജമാനനിലേക്ക് ഖേദിച്ചുമടങ്ങുന്നു എന്നതാണ് അവന്റെ പ്രത്യേകത. അവന്റെ തൃപ്തിക്കുതകുന്നതിലേക്ക് താൽപര്യപ്പെടുകയും ചെയ്യുക.

34. ഈ പുണ്യവാന്മാരായ സൂക്ഷ്മാലുക്കളോട് പറയപ്പെടും: (സമാധാനപൂർവം നിങ്ങളതിൽ പ്രവേശിച്ചുകൊള്ളുക) എല്ലാ ദോഷങ്ങളിൽനിന്നും അപകടങ്ങളിൽനിന്നും സുരക്ഷിതമായ പ്രവേശനം; അനിഷ്ടകരമായ എല്ലാ കാര്യത്തിൽനിന്നും നിർഭയരായും. അവരുടെ സുഖജീവിതത്തിന് വിരാമമോ കേടുപാടുകളോ ഇല്ല. (ശാശ്വതവാസനത്തിനുള്ള ദിവസമാകുന്നു അത്). അത് നീങ്ങിപ്പോകാത്തതും മരണമോ മറ്റെന്തെങ്കിലും പ്രശ്നങ്ങളോ ഉണ്ടാവാത്തതുമാണ്.

35. (അവർക്കവിടെ അവർ ഉദ്ദേശിക്കുന്നതെന്തും ഉണ്ടായിരിക്കും) എല്ലാം അവരുടെ ഉദ്ദേശ്യവുമായി ബന്ധപ്പെട്ടാണുള്ളത്. അതവിടെ ലഭിക്കും. (നമ്മുടെ പക്കലുണ്ട്) അതിനും അപ്പുറം. (കൂടുതലായി) അതായത് പരമകാരുണികനും കരുണാനിധിയുമായവൻ അവർക്ക് നൽകുന്നതായ പ്രതിഫലം; ഒരു കണ്ണും കാണാത്ത, ഒരു ചെവിയും കേൾക്കാത്ത, ഒരാളുടെ ഹൃദയത്തിലും ചിന്തിക്കാത്ത. അതിനെക്കാൾ മഹത്ത്വവും പ്രധാന്യവുമുള്ളത് അത്യുദാരനായവന്റെ മുഖത്തേക്കുള്ള നോട്ടമായിരിക്കും. അവന്റെ വാക്ക് കേൾക്കുന്നതിലെ ആനന്ദവും അവന്റെ സാമീപ്യത്തിന്റെ സുഖവും. അവൻ അവന്റെ ഔദാര്യം നമുക്കും നൽകട്ടെ.

36. പ്രവാചകനെ കളവാക്കുന്ന ബഹുദൈവവിശ്വാസികളെ ഭയപ്പെടുത്തിക്കൊണ്ട് അല്ലാഹു

പറയുന്നു: (ഇവർക്ക് മുമ്പ് എത്ര തലമുറകളെ നാം നശിപ്പിച്ചിട്ടുണ്ട്!) അതായത്, ധാരാളം സമൂഹങ്ങളെ. (അവർ കടുത്ത കയ്യൂക്കുള്ള വരായിരുന്നു) ഇവരെക്കാൾ. (ശക്തിയിൽ) ശക്തിയിലും ഭൂമിയിലെ സ്മാരകങ്ങൾകൊണ്ടും. അതിനാൽ (അവർ നാടുകളിലാകെ ചിക ഞ്ഞുനോക്കി) അതായത്, അവർ ശക്തമായ കോട്ടകൾ പണിതു, ഉന്നത ഭവനങ്ങളും. മരങ്ങൾ നട്ടുപിടിപ്പിക്കുകയും പുഴകൾ ഒഴുക്കു കയും ചെയ്തു. അവർ കൃഷിചെയ്തു, നാഗരിക മാക്കി. അങ്ങനെ പ്രവാചകന്മാരെ കളവാക്കുക യും അവന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയു ചെയ്തപ്പോൾ കഠിനവും വേദനാജനകവുമായ ശിക്ഷയാൽ അവരെ പിടികൂടി. (രക്ഷ പ്രാപി ക്കാൻ വല്ല ഇടവുമുണ്ടോ എന്ന്) അതായത്, അല്ലാഹുവിന്റെ ശിക്ഷയിറങ്ങുമ്പോൾ അവന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ ഓടിച്ചെല്ലാ വുന്ന ഒരു സ്ഥലമോ രക്ഷാകേന്ദ്രമോ ഇല്ല. അവരുടെ ശക്തിയോ ധനമോ സന്താനമോ അവർക്ക് പ്രയോജനപ്പെടുകയില്ല.

37. (ഹൃദയമുള്ളവനായിരിക്കുകയോ, മനസ്സാ ന്നിധ്യത്തോടെ ചെവികൊടുത്ത് കേൾക്കു കയോ ചെയ്തവന്ന് തീർച്ചയായും അതിൽ ഒരു ഉൽബോധനമുണ്ട്) അതായത് ജീവസ്സുറ്റ തും ബുദ്ധിയും പരിശുദ്ധിയുമുള്ള മഹത്തായ ഹൃദയം. ഇങ്ങനെയുള്ളതിന് അല്ലാഹുവി ന്റെ വല്ല ദൃഷ്ടാന്തവും വന്നാൽ അതുകൊണ്ട് അവർ ഉദ്ബുദ്ധമാവുകയും പ്രയോജനപ്പെടു ത്തുകയും ഉയർച്ച പ്രാപിക്കുകയും ചെയ്യും. അപ്രകാരം തന്നെയാണ് അല്ലാഹുവിന്റെ വചനങ്ങൾ ചെവികൊടുത്ത് ശ്രദ്ധിച്ചുകേ ൾക്കുന്നവൻ. അവനതുകൊണ്ട് ശരിയായ വഴി പ്രാപിക്കും. അവന്റെ ഹൃദയം. (മനസ്സാ ന്നിധ്യമുള്ളവൻ) അതായത് മനസ്സുകൊണ്ട് ഹാജരായവൻ, അവനും സന്മാർഗവും സദുപ ദേശവും ഉദ്ബോധനവും ഫലപ്പെടും. എന്നാൽ വചനങ്ങൾക്ക് ചെവികൊടുക്കാതെ തിരി ഞ്ഞുകളയുന്നവൻ; അവനൊന്നും പ്രയോജ നപ്പെടുകയില്ല. അവനൊന്നും സ്വീകാര്യമല്ല. ഇത്തരം ആളുകൾക്ക് സന്മാർഗം ലഭിക്കാൻ അല്ലാഹുവിന്റെ യുക്തി താൽപര്യപ്പെടുന്നില്ല.

38. അല്ലാഹുവിന്റെ മഹത്തായ കഴിവിനെക്കുറി ച്ചും നടപ്പിലാക്കപ്പെടുന്ന ഉദ്ദേശ്യത്തെക്കുറിച്ചും അവൻ അറിയുന്നു. മഹത്തായ സൃഷ്ടികൾ ഉണ്ടാകുന്നത് ഈ രണ്ട് കാര്യത്തിലൂടെ യാണ്. (ആകാശങ്ങളും ഭൂമിയും അവയ്ക്കിട യിലുള്ളതും നാം ആറ് ദിവസങ്ങളിലായി സൃഷ്ടിച്ചിരിക്കുന്നു). ആദ്യദിനം ഞായറാഴ്ച യാണ്. അവസാനത്തെത് വെള്ളിയാഴ്ചയും. ക്ഷീണമോ കുഴക്കോ അശക്തിയോ ഒട്ടുമി ല്ലാതെ, അതിനെ അതിന്റെ വലുപ്പത്തിലും മഹത്ത്വത്തിലും ഉണ്ടാക്കി. അവന് ഏറ്റവും നന്നായി മരിച്ചവരെ ജീവിപ്പിക്കാനും കഴിയും.

39,40.(അവർ പറയുന്നതിന്റെ പേരിൽ നീ ക്ഷമിച്ചു കൊള്ളുക). നീ കൊണ്ടുവന്നതിനെ കളവാ ക്കുന്നവരും ആക്ഷേപിക്കുന്നവരും. നീ അവരെ വിട്ടൊഴിവാകുക. നിന്റെ രക്ഷിതാവിനെ അനുസരിക്കുകയും പകലിന്റെ തുടക്കത്തി ലും അവസാനത്തിലും രാത്രി സമയങ്ങളിലും നമസ്കാരശേഷവും അവനെ പ്രകീർത്തി ക്കുക. തീർച്ചയായും അല്ലാഹുവിനെ സ്മരിക്കു ന്നത് മനസ്സുകൾക്ക് ആശ്വാസം നൽകുകയും ക്ഷമക്ക് സൗകര്യമുണ്ടാക്കുകയും ചെയ്യും.

41. അതായത് (ശ്രദ്ധിച്ചുകേൾക്കുക) നിന്റെ ഹൃദ യത്താൽ. (വിളിച്ച് പറയുന്നവൻ വിളിച്ചുപറ യുന്ന ദിവസത്തെപ്പറ്റി) അത് ഇസ്റാഫീൽ എന്ന മലക്കാണ്. അതായത് കാഹളത്തിൽ ഊതുന്ന സമയം. (അടുത്ത ഒരു സ്ഥലത്ത് നിന്ന്) ഭൂമിയിൽനിന്ന്.

42. (ആ ഘോരശബ്ദം അവർ കേൾക്കുന്ന ദിവസം) എല്ലാ സൃഷ്ടികളും അത് കേൾക്കും. (ഘോരശബ്ദം) വിറപ്പിക്കുന്നതും ഭീകരവു മായ. (യഥാർഥമായും) സംശയമോ ശങ്കയോ ഇല്ലാത്ത. (അതത്രെ പുറപ്പാടിന്റെ ദിവസം) ക്വബ്റുകളിൽനിന്ന്. എല്ലാറ്റിനും കഴിവുള്ള വൻ തനിച്ചാകുന്നു.

43,44. അതാണ് അല്ലാഹു പറയുന്നത്: (തീർച്ചയാ യും നാം ജീവിപ്പിക്കുകയും മരിപ്പിക്കുക യും ചെയ്യുന്നു. നമ്മുടെ അടുത്തേക്ക് തന്നെയാണ് തിരിച്ചെത്തലും. അവരെവിട്ട് ഭൂമി പിള ർന്ന് മാറുന്ന ദിവസം) മരിച്ചവരെവിട്ട്. (അതിവേഗം) ഉയിർത്തെഴുന്നേൽപിന്റെ സ്ഥലത്തേക്ക് വിളിക്കുന്നവന് ഉത്തരം നൽകാൻ അവൻ ധൃതിയിൽ ചെല്ലും. (അത് നമ്മെ സംബന്ധി ച്ചിടത്തോളം എളുപ്പമുള്ള ഒരു ഒരുമിച്ചുകൂട്ടലാ കുന്നു) അല്ലാഹുവിന് അത് വളരെ എളുപ്പം. അവനതിൽ ക്ഷീണമോ അധ്വാനമോ ഇല്ല.

45. (അവർ പറഞ്ഞുകൊണ്ടിരിക്കുന്നതിനെപ്പറ്റി നാം നല്ലവണ്ണം അറിയുന്നവനാകുന്നു). നിന്നെ ദുഃഖിപ്പിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്ന വാക്കുകൾ നിന്നോട് പറയുന്നത് നാം അറി യുന്നുവെങ്കിൽ നിനക്ക് എന്ത് ചെയ് തുതര ണമെന്നും നിന്റെ കാര്യങ്ങൾ എങ്ങനെ ലഘൂ കരിക്കണമെന്നും നിന്റെ ശത്രുക്കൾക്കെതിരെ എങ്ങനെ സഹായിക്കണമെന്നും അവനറിയാം. അതിനാൽ നിന്റെ ഹൃദയം സന്തോഷിക്ക ട്ടെ. നിന്റെ മനസ്സ് ശക്തിയാവട്ടെ. നിന്നോട് നാം കരുണ കാണിക്കും; നിന്റെ മനസ്സിനോട് വാത്സല്യവും. അല്ലാഹുവിന്റെ വാക്ക് പുല രുന്നത് കാത്തിരുന്നാൽ മാത്രം മതി നീ. (നീ അവരുടെ മേൽ സ്വേച്ഛാധികാരം ചെലു ത്തേണ്ടവനല്ല). അതായത് അവരുടെമേൽ അധികാരം ചെലുത്തേണ്ടവനല്ല.



# ഹുനൈൻ യുദ്ധം

ഹുസൈൻ സലഫി
: +971 50 634 6963

**മുഹമ്മദ് നബി 59**

ഹിജ്റ എട്ടാം വർഷം മക്ക ഇസ്‌ലാമിന് കീഴിൽ വന്നു. മക്ക വിജയിച്ചടക്കിയതോടുകൂടി ധാരാളം ആളുകൾ ഇസ്‌ലാമിലേക്ക് വരാൻ തുടങ്ങി. അങ്ങനെ വിഗ്രഹ മതത്തിന്റെ പതാക നിലം പതിക്കുകയും ചെയ്തു. എന്നാൽ ഹവാസിൻ, സക്വീഫ് ഗോത്രക്കാർ അവരുടെ പഴയ മതത്തിൽതന്നെ നിലയുറപ്പിക്കുകയായിരുന്നു. ഈ രണ്ട് ഗോത്രവും പ്രബല ഗോത്രങ്ങളുമായിരുന്നു. അവർ അവരുടെ വിശ്വാസത്തിൽ തന്നെ നിലകൊണ്ടു എന്ന് മാത്രമല്ല, അവരുടെ ദുരഭിമാനവും ഇസ്‌ലാമിനോടും പ്രവാചകനോടുമുള്ള അവരുടെ രോഷവും ദിനംപ്രതി വർധിച്ചുവന്നു.

ത്വാഇഫും ഹുനയ്‌നും ഉൾപ്പെടുന്ന പ്രദേശത്തായിരുന്നു അവരുടെ വാസകേന്ദ്രം. മുസ്‌ലിംകൾ മക്ക ജയിച്ചടക്കി, ഇനി മുഹമ്മദ് നമുക്കെതിരിലായിരിക്കും പട നയിക്കുക എന്ന് അവർ സ്വയം കണക്കുകൂട്ടി. അതിനാൽ മുഹമ്മദ് നമുക്കെതിരിൽ തിരിയുന്നതിന് മുമ്പായി അവരോട് സൈനിക നീക്കം നടത്തണം എന്നാണ് അവർ തീരുമാനിച്ചത്. അതിനായി അവർ ആസൂത്രണങ്ങൾ നടത്തി. ഈ രണ്ട് ഗോത്രക്കാർ ഇങ്ങനെ ഒരു പടയൊരുക്കം നടത്തുന്നുണ്ട് എന്നറിഞ്ഞ ഗത്‌വ്ഫാൻ ഗോത്രം പോലെയുള്ള ചില ഗോത്രങ്ങൾ അവരോട് സഹകരണം അറിയിക്കുകയും ചെയ്തു.

ഹവാസിൻ ഗോത്രം മുസ്‌ലിംകൾക്കെതിരിൽ പതിവില്ലാത്തവിധം ശക്തമായ ഒരു പടയൊരുക്കത്തിന് തയ്യാറെടുത്തു. സാധാരണ സ്വീകരിക്കാറുണ്ടായിരുന്ന തന്ത്രങ്ങളായിരുന്നില്ല അവർ ഈ പടയൊരുക്കത്തിന് സ്വീകരിച്ചിരുന്നത്. എല്ലാവരെയും യുദ്ധത്തിന് കൊണ്ടുവരികയായിരുന്നു അവരുടെ തന്ത്രം. പുരുഷന്മാരുടെ കൂടെ അവരുടെ സ്ത്രീകളെയും കുട്ടികളെയും; ആട്, മാട്, ഒട്ടകങ്ങൾ, കുതിരകൾ എന്നിവയെയുമെല്ലാം

അവർ അണിനിരത്തി. പടനായകനായ മാലിക് ഇബ്ന ഔഫ് ആണ് ഈ തന്ത്രം സ്വീകരിച്ചത്. (അദ്ദേഹം പിൽകാലത്ത് ഇസ്‌ലാം സ്വീകരിക്കുകയുണ്ടായിട്ടുണ്ട്). സ്ത്രീകളും കുട്ടികളും സ്വത്തുമെല്ലാം യുദ്ധരംഗത്ത് കൊണ്ടുവരപ്പെട്ടാൽ ആരും യുദ്ധക്കളത്തിൽനിന്ന് പേടിച്ച് ഓടുകയില്ല, മരണംവരെ പോരാടാൻ ഇത് കാരണമാകും എന്നതായിരുന്നു ഈ നീക്കത്തിന്റെ രഹസ്യം. അതിനാൽ തങ്ങൾക്ക് മുസ്‌ലിംകളെ പരാജയപ്പെടുത്താനാകുമെന്ന് അവർ കണക്കുകൂട്ടി.

ആ പട്ടാളത്തിൽ ദുറയ്ദ് എന്ന് പേരുള്ള ഒരാൾ ഉണ്ടായിരുന്നു. അദ്ദേഹം ഈ നീക്കത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചു. അയാൾ പറഞ്ഞു: 'മാലിക്, യുദ്ധം ശക്തിയാകുമ്പോൾ ഓടുന്നവർ ഓടും. ഈ തന്ത്രമൊന്നും ആ സമയത്ത് വിലപ്പോകില്ല. അതിനാൽ നല്ല കരുത്തുറ്റ സേനയെയും കൊണ്ട് പോയാൽ മതി.'

എന്നാൽ മാലികിന്റെ തീരുമാനമാണ് സ്വീകരിക്കപ്പെട്ടത്. ഇരുപതിനായിരത്തോളം പടയാളികളുള്ള വൻ സൈന്യവുമായി അവർ മുസ്‌ലിംകൾക്കെതിരിൽ പുറപ്പെട്ടു.

നബി(സ്വ)ക്ക് വിവരം ലഭിച്ചു. ശവ്വാൽ ആദ്യവാരത്തിൽ നബി(സ്വ) മക്കയിൽനിന്നും പുറപ്പെട്ടു. മക്ക ജയിച്ചടക്കിയത് റമദാനിലായിരുന്നല്ലോ. അതിന് ശേഷം ഏതാനും ദിവസങ്ങൾ മാത്രമാണ് നബി(സ്വ)യും സ്വഹാബിമാരും അവിടെ തങ്ങിയത്.

നബി(സ്വ) ഒരു പ്രദേശത്ത് തങ്ങുകയും പിന്നീട് അവിടെനിന്നും പുറപ്പെടുകയും ചെയ്യുമ്പോൾ അവിടെ ഒരു പ്രതിനിധിയെ നിശ്ചയിക്കാറുണ്ടായിരുന്നു. പതിവുപോലെ നബി(സ്വ) മക്കയിൽ ഇതാബ് ഇബ്ന ഉസയ്ദി(റ)നെ തന്റെ പ്രതിനിധിയായി നിശ്ചയിച്ചു. എന്നിട്ട് നബി(സ്വ) തന്റെ സേനയുമായി പുറപ്പെട്ടു. പതിവിന് വിപരീതമായി പന്ത്രണ്ടായിരം പേരുള്ള വലിയ സൈന്യം തന്നെയായിരുന്നു നബി(സ്വ)ക്കും ഉണ്ടായിരുന്നത്. മക്കയിലേക്ക് മദീനയിൽനിന്ന് പുറപ്പെടുന്ന വേളയിൽതന്നെ നബി(സ്വ)യുടെ കൂടെ പതിനായിരത്തോളം ആളുകളുണ്ടായിരുന്നല്ലോ. അവർക്ക് പുറമെ, മക്ക ജയിച്ചടക്കിയതിന് ശേഷം ധാരാളം ആളുകൾ ഇസ്‌ലാമിലേക്ക് വന്നിരുന്നു. ആ പുതുമുസ്‌ലിംകളും അവർക്കു പുറമെ ഇസ്‌ലാം സ്വീകരിച്ചിട്ടില്ലാത്തവരും എന്നാൽ മുസ്‌ലിംകളോട് നല്ല സഹകരണം കാണിക്കുകയും ചെയ്തിരുന്ന കുറച്ച് അമുസ്‌ലിംകളും അടങ്ങുന്നതായിരുന്നു നബി(സ്വ)യുടെ സൈന്യം.

ഹുനയ്ൻ എന്ന പ്രദേശത്ത് വെച്ചാണ് മുസ്‌ലിംകളും മുശ്‌രിക്കുകളും പരസ്പരം ഏറ്റുമുട്ടിയത്. മക്കയുടെയും ത്വാഇഫിന്റെയും ഇടക്കുള്ള പ്രദേശമാണ് ഹുനയ്ൻ. മക്കയിൽനിന്ന് ത്വാഇഫിലേക്ക് ഏകദേശം തൊണ്ണൂറ് കിലോമീറ്ററാണ് ദൂരം.

ശത്രുസേനയുടെ നീക്കങ്ങൾ അറിയാനായി നബി(സ്വ) ഒരു പട്ടാളക്കാരനെ നിയോഗിച്ചു. ഈ പട്ടാളക്കാരൻ അവരുടെ കേന്ദ്രങ്ങളിൽ എത്തി. അവരുടെ ഓരോ നീക്കവും അദ്ദേഹം മനസ്സിലാക്കുകയും നബി(സ്വ)യുടെ അടുക്കൽ തിരിച്ചുവരികയും അദ്ദേഹം ആ വിവരങ്ങൾ നബി(സ്വ)യോട് പങ്കുവെക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: 'പ്രവാചകരേ, അവർ വമ്പിച്ച പട്ടാളമാണ്. ഇതുവരെ ഉണ്ടായതിൽ വെച്ച് ഏറ്റവും വലിയ സൈന്യമാണ് അവർ. പുരുഷന്മാരും സ്ത്രീകളും കുട്ടികളും ആട്, മാട്, ഒട്ടകങ്ങൾ, കുതിരകൾ എന്നിവയും അവരുടെ മറ്റു സമ്പത്തുമെല്ലാമായി അവർ സജ്ജരായിരിക്കുകയാണ്.'

നബി(സ്വ) പേടിച്ചില്ല. അവിടുന്ന് ഇപ്രകാരം പ്രതികരിച്ചു: 'അല്ലാഹു

**ത്വാഇഫും ഹുനയ്നും ഉൾപ്പെടുന്ന പ്രദേശത്തായിരുന്നു അവരുടെ വാസകേന്ദ്രം. മുസ്‌ലിംകൾ മക്ക ജയിച്ചടക്കി, ഇനി മുഹമ്മദ് നമുക്കെതിരിലായിരിക്കും പട നയിക്കുക എന്ന് അവർ സ്വയം കണക്കുകൂട്ടി. അതിനാൽ മുഹമ്മദ് നമുക്കെതിരിൽ തിരിയുന്നതിന് മുമ്പായി അവരോട് സൈനിക നീക്കം നടത്തണം എന്നാണ് അവർ തീരുമാനിച്ചത്. അതിനായി അവർ ആസൂത്രണങ്ങൾ നടത്തി. ഈ രണ്ട് ഗോത്രക്കാർ ഇങ്ങനെ ഒരു പടയൊരുക്കം നടത്തുന്നുണ്ട് എന്നറിഞ്ഞ ഗത്വ്ഫാൻ ഗോത്രം പോലെയുള്ള ചില ഗോത്രങ്ങൾ അവരോട് സഹകരണം അറിയിക്കുകയും ചെയ്തു.**

ഉദ്ദേശിച്ചാൽ നാളെ മുസ്‌ലിംകളുടെ യുദ്ധാർജിത സ്വത്താണ് അത്.'

നബി(സ്വ) മക്കയിൽനിന്നും ഹുനയ്നിലേക്കുള്ള യാത്രക്കിടയിൽ ചില സംഭവങ്ങൾ ഉണ്ടായി. ഈ സൈന്യത്തിൽ വിശ്വാസം ഉറക്കാത്ത പുതുമുസ്‌ലിംകളും ഉണ്ടല്ലോ. ഇസ്‌ലാമിനെക്കുറിച്ച് അധികമൊന്നും പഠിച്ചിട്ടില്ലാത്തവരാണ് അവർ.

അബൂ വാക്വിദ് അല്ലയ്സിയി(റ)ൽനിന്ന് നിവേദനം: ''അല്ലാഹുവിന്റെ റസൂൽ(സ്വ) ഹുനയ്നിലേക്ക് പുറപ്പെടുമ്പോൾ 'ദാതു അൻവാത്വ്' എന്ന് പറയപ്പെടുന്ന മുശ്‌രിക്കുകളുടെ ഒരു വൃക്ഷത്തിന് സമീപത്തുകൂടെ നടക്കുകയുണ്ടായി. അവർ (മുശ്‌രിക്കുകൾ) അതിൽ അവരുടെ വാളുകൾ തൂക്കിയിടുമായിരുന്നു. അപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അവർക്ക് ഒരു ദാതു അൻവാത്വ് ഉള്ളതുപോലെ ഞങ്ങൾക്കും ഒരു ദാതുഅൻവാത്വ് നിശ്ചയിക്കുവിൻ.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'അല്ലാഹു എത്ര പരിശുദ്ധൻ! അവർക്ക് ആരാധ്യർ ഉള്ളതുപോലെ ഞങ്ങൾക്കും ഒരു ആരാധ്യ വസ്തുവിനെ നിശ്ചയിക്കൂ' (എന്ന്) മൂസാനബി(അ)യുടെ ജനത (അദ്ദേഹത്തോട്) പറഞ്ഞത് പോലെയുണ്ടല്ലോ ഇത്. എന്റെ ആത്മാവ് ആരുടെ കൈയിലാണോ, അവനെക്കൊണ്ടു സത്യം, നിങ്ങൾ നിങ്ങളുടെ മുമ്പുള്ളവരുടെ ചര്യകളിൽ പ്രവേശിക്കുകതന്നെ ചെയ്യുന്നതാണ്'' (തുർമുദി).

മുശ്‌രിക്കുകൾ യുദ്ധത്തിന് പോകുന്ന സമയത്ത് ബറകത്ത് പ്രതീക്ഷിച്ച് ഒരു മരത്തിൽ അവരുടെ ആയുധങ്ങൾ തൂക്കിയിടാറുണ്ടായിരുന്നു. ആ മരത്തിൽ തൂക്കിയിടുന്നത് അനുഗ്രഹമാണെന്നാണ് അവർ വിശ്വസിച്ചിരുന്നത്. ആ മരത്തിൽ തങ്ങളുടെ വാൾ അൽപനേരമെങ്കിലും തൂക്കിയാൽ യുദ്ധത്തിൽ പരാജയം സംഭവിക്കില്ല എന്നായിരുന്നു അവർ വിശ്വസിച്ചിരുന്നത്.

അല്ലാഹു ബറകത്ത് നിശ്ചയിച്ചിട്ടില്ലാത്ത ഒന്നിൽനിന്ന് ബറകത്ത് പ്രതീക്ഷിക്കുവാനോ, അല്ലാഹു പുണ്യം നൽകിയിട്ടില്ലാത്ത ഒന്നിൽനിന്ന് പുണ്യം പ്രതീക്ഷിക്കുവാനോ പാടില്ല. അത് അതിനെ ഇലാഹാക്കലാണ് അഥവാ അതിനെ ആരാധ്യവസ്തുവായി കാണലാണ്.

മൂസാനബി(അ)യുടെ ജനത പല ദൃഷ്ടാന്തങ്ങളും അല്ലാഹു തങ്ങൾക്ക് നൽകിയ അത്ഭുതകരമായ സഹായങ്ങളും കണ്ടും അനുഭവിച്ചും ജീവിച്ചവരായിരുന്നു. അങ്ങനെയുള്ള ആ ജനതയെയും കൂട്ടി മൂസാ (അ) കടൽ കടന്ന് പോകുമ്പോൾ വിഗ്രഹങ്ങളുടെ മുമ്പിൽ ഭജനമിരിക്കുകയും അവയെ ആരാധിക്കുകയും ചെയ്യുന്ന ഒരു വിഭാഗത്തെ കാണുകയുണ്ടായി. ആ സമയത്ത് അവർ മൂസാനബി(അ)യോട് ചോദിച്ചു: 'മൂസാ, അവർക്ക് ഈ ദൈവങ്ങൾ ഉള്ളത് പോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നിശ്ചയിക്കുമോ?' അവർ ചോദിച്ചത് ഒരു സ്രഷ്ടാവിനെയോ കാര്യങ്ങൾ എല്ലാം നിയന്ത്രിക്കുന്ന ഒരു നിയന്താവിനെയോ ആയിരുന്നില്ല. മറിച്ച് അല്ലാഹുവിലേക്ക് അവരെ അടുപ്പിക്കുന്ന ചില രൂപങ്ങളെയും വിഗ്രഹങ്ങളെയും ആയിരുന്നു. ഇമാം റാസി(റ) പറയുന്നു:

''തീർച്ചയായും അവർ മൂസാ(അ)യിൽനിന്ന് ആവശ്യപ്പെട്ടത് അല്ലാഹുവിലേക്ക് അവയെ ആരാധിക്കുന്നതിലൂടെ അടുപ്പം ലഭിക്കുന്നവരാകാൻ വേണ്ടി ചില വിഗ്രഹങ്ങളെയും രൂപങ്ങളെയും അവർക്ക് നിർണയിക്കാനായിരുന്നു'' (തഫ്സീറുൽ കബീർ).

അല്ലാഹുവിന് പുറമെ വേറൊരു ഇലാഹ് ഉണ്ട് എന്ന് വിശ്വസിച്ചാലും, അല്ലാഹുവിലേക്ക് അടുപ്പിക്കുന്നതിന് വേണ്ടി ഏത് രൂപങ്ങളെ ആരാധിച്ചാലും അത് കുഫ്‌റാണ്. കാരണം, അങ്ങേയറ്റത്തെ അനുഗ്രഹവും ആദരവും അല്ലാഹുവിൽനിന്നാണ് നമുക്ക് ലഭിക്കുന്നത്.

**അബൂ വാക്വിദ് അല്ലയ്സിയി(റ)ൽനിന്ന് നിവേദനം: ''അല്ലാഹുവിന്റെ റസൂൽ(സ്വ) ഹുനയ്നിലേക്ക് പുറപ്പെടുമ്പോൾ 'ദാതു അൻവാത്വ്' എന്ന് പറയപ്പെടുന്ന മുശ്‌രിക്കുകളുടെ ഒരു വൃക്ഷത്തിന് സമീപത്തുകൂടെ നടക്കുകയുണ്ടായി. അവർ (മുശ്‌രിക്കുകൾ) അതിൽ അവരുടെ വാളുകൾ തൂക്കിയിടുമായിരുന്നു. അപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അവർക്ക് ഒരു ദാതു അൻവാത്വ് ഉള്ളതുപോലെ ഞങ്ങൾക്കും ഒരു ദാതു അൻവാത്വ് നിശ്ചയിക്കുവിൻ.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'അല്ലാഹു എത്ര പരിശുദ്ധൻ! അവർക്ക് ആരാധ്യർ ഉള്ളതുപോലെ ഞങ്ങൾക്കും ഒരു ആരാധ്യ വസ്തുവിനെ നിശ്ചയിക്കൂ' (എന്ന്) മൂസാനബി(അ)യുടെ ജനത (അദ്ദേഹത്തോട്) പറഞ്ഞത് പോലെയുണ്ടല്ലോ ഇത്. എന്റെ ആത്മാവ് ആരുടെ കൈയിലാണോ, അവനെക്കൊണ്ടു സത്യം, നിങ്ങൾ നിങ്ങളുടെ മുമ്പുള്ളവരുടെ ചര്യകളിൽ പ്രവേശിക്കുകതന്നെ ചെയ്യുന്നതാണ്'' (തുർമുദി).**



അതിനാൽ അവനെത്തന്നെയായിരിക്കണം നാം ആരാധിക്കേണ്ടത്. അതല്ലാത്ത വഴി കുഫ്റിന്റെ (അവിശ്വാസത്തിന്റെ) വഴിയാകുന്നു.

മുശ്രിക്കുകളുടെയും പിഴച്ചുപോയിട്ടുള്ള ഇതര കക്ഷികളുടെയും ആചാര നടപടികൾ മുസ്‌ലിംകൾ അനുകരിച്ചുകൂടാ. എന്നാൽ ഈ സമുദായത്തിൽ പലരും മുൻസമുദായക്കാരായ ജൂത-നസ്വാറാക്കളുടെ മാർഗം ചാണിനുചാണായി പിന്തുടരുന്നതാണെന്ന് നബി(സ്വ) നമുക്ക് താക്കീതു നൽകിയിട്ടുണ്ട്.

അല്ലാഹു ബറകത്ത് നിശ്ചയിച്ചിട്ടുള്ളതിൽ മാത്രമെ ബറകത്ത് കാണാവൂ. അല്ലാഹു ബറകത്ത് നൽകിയിട്ടില്ലാത്തതിൽനിന്ന് നാം അത് പ്രതീക്ഷിച്ചു കൂടാ. അങ്ങനെ ഒരാളിലോ ഒരു വസ്തുവിലോ സ്വയം ബറകത്ത് നിശ്ചയിക്കുന്നതും പ്രതീക്ഷിക്കുന്നതും ശിർക്കാണ്. കാരണം, അല്ലാഹുവിന്റെ അധികാരത്തിലാണ് അതിലൂടെ ഇടപെടാൻ ശ്രമിക്കുന്നത്. ബറകത്ത് എന്നത് അഭൗതിക മാർഗത്തിലൂടെ ലഭിക്കുന്ന അനുഗ്രഹമാണ്.

ഏതായിരുന്നാലും ഈ യാത്രയിൽ തന്റെ അനുചരന്മാരിൽനിന്നും പ്രകടമായ ഈ വിശ്വാസത്തെ നബി(സ്വ) തിരുത്തി.

തങ്ങളുടെ സൈന്യത്തിന്റെ അംഗസംഖ്യയുടെ ആധിക്യം മുസ്‌ലിംകളിൽ ചിലരെ ആശ്ചര്യപ്പെടുത്തി. തങ്ങൾക്ക് വിജയം ഉറപ്പുതന്നെ, ഒരു ശക്തിക്കും പരാജയപ്പെടുത്താൻ സാധിക്കില്ല എന്ന് അവർ കണക്കുകൂട്ടുകയും അതിന്റെ പേരിൽ ഉള്ളിൽ അൽപം അഹങ്കാരം കടന്നുകൂടുകയും ചെയ്തു. ഈ ചിന്ത ഒരിക്കലും വരാൻ പാടില്ലായിരുന്നു. അതിനെ അല്ലാഹു ക്വുർആനിൽ പരാമർശിക്കുന്നത് കാണുക:

''ഹുനയ്ൻ (യുദ്ധ) ദിവസവും (അവൻ സഹായിച്ചു). അതായത് നിങ്ങളുടെ എണ്ണപ്പെരുപ്പം നിങ്ങളെ ആഹ്ളാദം കൊള്ളിച്ച സന്ദർഭത്തിൽ'' (ക്വുർആൻ 9:25).

എന്നാൽ നേതാവായ മുഹമ്മദ് നബി(സ്വ)യുടെ മനസ്സിൽ ഒരിക്കൽ പോലും ഈ ചിന്ത കടന്നുകൂടിയില്ല. ആൾബലമോ ആയുധബലമോ മാത്രം ഉള്ളതുകൊണ്ട് വിജയം ലഭിച്ചുകൊള്ളണമെന്നില്ലല്ലോ. ആത്യന്തികമായി അല്ലാഹുവിന്റെ സഹായമാണ് വേണ്ടത്. അതിനാൽ തന്നെ

**മൂസാനബി(അ)യുടെ ജനത പല ദൃഷ്ടാന്തങ്ങളും അല്ലാഹു തങ്ങൾക്ക് നൽകിയ അത്ഭുതകരമായ സഹായങ്ങളും കണ്ടും അനുഭവിച്ചും ജീവിച്ചവരായിരുന്നു. അങ്ങനെയുള്ള ആ ജനതയെയും കൂട്ടി മൂസാ(അ) കടൽ കടന്ന് പോകുമ്പോൾ വിഗ്രഹങ്ങളുടെ മുമ്പിൽ ഭജനമിരിക്കുകയും അവയെ ആരാധിക്കുകയും ചെയ്യുന്ന ഒരു വിഭാഗത്തെ കാണുകയുണ്ടായി. ആ സമയത്ത് അവർ മൂസാനബി(അ)യോട് ചോദിച്ചു: 'മൂസാ, അവർക്ക് ഈ ദൈവങ്ങൾ ഉള്ളത് പോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നിശ്ചയിക്കുമോ?' അവർ ചോദിച്ചത് ഒരു സ്രഷ്ടാവിനെയോ കാര്യങ്ങൾ എല്ലാം നിയന്ത്രിക്കുന്ന ഒരു നിയന്താവിനെയോ ആയിരുന്നില്ല. മറിച്ച് അല്ലാഹുവിലേക്ക് അവരെ അടുപ്പിക്കുന്ന ചില രൂപങ്ങളെയും വിഗ്രഹങ്ങളെയും ആയിരുന്നു.**



നബി(സ്വ) തന്റെ അനുയായികളെ ഉപദേശിക്കുകയും ഇപ്രകാരം പ്രാർഥിക്കുകയും ചെയ്തു: 'അല്ലാഹുവേ, നിന്നിൽ ഞാൻ ഏൽപിക്കുന്നു, നിന്നെക്കൊണ്ട് ഞാൻ ആക്രമിക്കുന്നു, നിന്നെക്കൊണ്ട് ഞാൻ പോരാടുന്നു.'

മുസ്‌ലിംകളുടെ മുന്നണി സൈന്യം മുന്നോട്ടു നീങ്ങിയപ്പോഴേക്കും ശത്രുക്കളുടെ വമ്പിച്ച ഒരു സൈന്യം അവരെ എതിരിട്ടു. ആക്രമണം നടത്തി. പെട്ടെന്നുണ്ടായ ഈ ആക്രമണത്തിൽ പരിഭ്രാന്തരായ മുസ്‌ലിംകൾ പിന്തിരിഞ്ഞ് ഓടാൻ തുടങ്ങി. അതോടെ സൈന്യത്തിന്റെ താളം തെറ്റുകയും ചെയ്തു. ഭൂരിഭാഗം പേരും രംഗം വിട്ട് ഓടിപ്പോകുകയുണ്ടായി എന്നാണ് ചരിത്രം പറയുന്നത്. എന്നാൽ നേതാവായ മുഹമ്മദ് നബി (സ്വ) പതറിയില്ല. അബൂബക്ർ(റ)നെ പോലെയുള്ള പ്രഗത്ഭരായ സ്വഹാബിമാർ നബി(സ്വ)യുടെ കൂടെ ഉറച്ചുനിന്നു. ഒരിക്കലും കണ്ടിട്ടില്ലാത്ത വിധത്തിലുള്ള അസാമാന്യ ധീരതയായിരുന്നു നബി(സ്വ) അവിടെ കാണിച്ചിരുന്നത്. നബി(സ്വ) ഇപ്രകാരം വിളിച്ചു പറയുകയും ചെയ്യുന്നുണ്ടായിരുന്നു:

''ഓ, മുസ്‌ലിം സമൂഹമേ, ഞാൻ അല്ലാഹുവിന്റെ ദൂതനാകുന്നു, നിങ്ങൾ എന്നിലേക്ക് വരുവീൻ, ഞാൻ അല്ലാഹവിന്റെ ദൂതനാകുന്നു, ഞാൻ അബ്ദുല്ലയുടെ മകൻ മുഹമ്മദാകുന്നു, ഞാൻ പ്രവാചകനാകുന്നു, (അത്) കളവല്ല, ഞാൻ അബ്ദുൽ മുത്ത്വലിബിന്റെ മകനാകുന്നു.''

നബി(സ്വ)യുടെ വിളി കേട്ടവരിൽ ചിലർ തിരിച്ചുവന്നു. പലരും പരിഭ്രമവും അങ്കലാപ്പും നിമിത്തം ഓടി രക്ഷപ്പെടാൻ ശ്രമിച്ചുനോക്കുകയായിരുന്നു. അവരുടെ പരിഭ്രമവും ഭയവും നിമിത്തം ഓടി രക്ഷപ്പെടാൻ പോലും ഇടമില്ലാത്ത വിധത്തിൽ ഭൂമി അവർക്ക് കുടുസ്സായത് പോലെ അവർക്ക് അനുഭവപ്പെട്ടു. ക്വുർആൻ ആ രംഗം ഇപ്രകാരമാണ് ഉണർത്തുന്നത്:

''തീർച്ചയായും ധാരാളം (യുദ്ധ) രംഗങ്ങളിൽ അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുണ്ട്. ഹുനയ്ൻ(യുദ്ധ) ദിവസത്തിലും (സഹായിച്ചു). അതായത് നിങ്ങളുടെ എണ്ണപ്പെരുപ്പം നിങ്ങളെ ആഹ്ലാദം കൊള്ളിക്കുകയും, എന്നാൽ അത് നിങ്ങൾക്ക് യാതൊരു പ്രയോജനവും ഉണ്ടാക്കാതിരിക്കുകയും, ഭൂമി വിശാലമായിട്ടും നിങ്ങൾക്ക് ഇടുങ്ങിയതാവുകയും, അനന്തരം നിങ്ങൾ പിന്തിരിഞ്ഞോടുകയും ചെയ്ത സന്ദർഭം. പിന്നീട് അല്ലാഹു അവന്റെ ദൂതന്നും സത്യവിശ്വാസികൾക്കും അവന്റെ പക്കൽനിന്നുള്ള മനസ്സമാധാനം ഇറക്കിക്കൊടുക്കുകയും, നിങ്ങൾ കാണാത്ത ചില സൈന്യങ്ങളെ ഇറക്കുകയും, സത്യനിഷേധികളെ അവൻ ശിക്ഷിക്കുകയും ചെയ്തു. അതത്രെ സത്യനിഷേധികൾക്കുള്ള പ്രതിഫലം'' (ക്വുർആൻ 9:15,26).

നബി(സ്വ)യുടെ പിതൃവ്യൻ അബ്ബാസ്(റ) വലിയ ശബ്ദത്തിന്റെ ഉടമയായിരുന്നു. അദ്ദേഹത്തോട് നബി(സ്വ) യുദ്ധരംഗം വിട്ട് ഓടുന്നവരോട് തിരികെ വരാനായി ഉച്ചത്തിൽ വിളിച്ചു പറയാൻ കൽപിച്ചു.

''തീർച്ചയായും ധാരാളം (യുദ്ധ) രംഗങ്ങളിൽ അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുണ്ട്. ഹുനയ്ൻ(യുദ്ധ) ദിവസത്തിലും (സഹായിച്ചു). അതായത് നിങ്ങളുടെ എണ്ണപ്പെരുപ്പം നിങ്ങളെ ആഹ്ലാദം കൊള്ളിക്കുകയും, എന്നാൽ അത് നിങ്ങൾക്ക് യാതൊരു പ്രയോജനവും ഉണ്ടാക്കാതിരിക്കുകയും, ഭൂമി വിശാലമായിട്ടും നിങ്ങൾക്ക് ഇടുങ്ങിയതാവുകയും, അനന്തരം നിങ്ങൾ പിന്തിരിഞ്ഞോടുകയും ചെയ്ത സന്ദർഭം. പിന്നീട് അല്ലാഹു അവന്റെ ദൂതന്നും സത്യവിശ്വാസികൾക്കും അവന്റെ പക്കൽനിന്നുള്ള മനസ്സമാധാനം ഇറക്കിക്കൊടുക്കുകയും, നിങ്ങൾ കാണാത്ത ചില സൈന്യങ്ങളെ ഇറക്കുകയും, സത്യനിഷേധികളെ അവൻ ശിക്ഷിക്കുകയും ചെയ്തു. അതത്രെ സത്യനിഷേധികൾക്കുള്ള പ്രതിഫലം''
(ക്വുർആൻ 9:15,26).

അബ്ബാസ്(റ) അപ്രകാരം ചെയ്തു. അതോടുകൂടി എല്ലാവരും ഓട്ടം നിർത്തി. ഒരു അത്ഭുതം എന്നതുപോലെ എല്ലാവരുടെയും മനസ്സ് മാറുന്നു. അവരുടെ ഭയം നീങ്ങുന്നു. എല്ലാവരും തിരികെ വന്നു. അല്ലാഹു അവന്റെ റസൂലിന്റെ മേലും വിശ്വാസികളുടെ മേലും അവന്റെ സമാധാനം ഇറക്കി എന്ന് പറഞ്ഞത് അതിനെ സംബന്ധിച്ചാകുന്നു. അങ്ങനെ അവർ നബി(സ്വ)യുടെ ചുറ്റിനും നിന്നു. മാത്രവുമല്ല, അല്ലാഹു അവർക്ക് കാണാൻ കഴിയാത്ത അവന്റെ സൈന്യത്തെയും ഇറക്കി. നമുക്ക് കാണാൻ കഴിയാത്തവരാണല്ലോ മലക്കുകളും ജിന്നുകളും. എന്നാൽ ഇവിടെ ഉദ്ദേശിക്കുന്നത് മലക്കുകളെയാണ്.

മലക്കുകളും ജിന്നുകളും നമ്മിൽ ഇടപെടുന്നുണ്ട് എന്നത് ക്വുർആൻ തന്നെ പലയിടങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. മലക്കുകളും ജിന്നുകളും അഭൗതികരാണെന്നും അവർ മുഖേന നമുക്ക് വല്ലതും സംഭവിക്കും എന്ന് വിശ്വസിക്കുന്നത് അഭൗതിക മാർഗത്തിലൂടെ അല്ലാഹുവിന് മാത്രമെ നമുക്ക് ഗുണവും ദോഷവും വരുത്താൻ സാധിക്കുകയുള്ളൂ എന്ന തൗഹീദിന്റെ വിശ്വാസത്തിന് എതിരാണെന്നും വിശ്വസിക്കുന്ന ചിലരുണ്ട്. യഥാർഥത്തിൽ അവർ അഭൗതികം, അദൃശ്യം, മറഞ്ഞ വഴി എന്നെല്ലാം തൗഹീദിന്റെ നിർവചനം പറയുന്നിടത്ത് പരാമർശിക്കുന്നതിനെ മനസ്സിലാക്കുന്നതിൽ വീഴ്ച പറ്റിയവരാണ്.

ക്വുർആനിലെ അവസാനത്തെ അധ്യായത്തിന്റെ അർഥം കാണുക: ''പറയുക: മനുഷ്യരുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു. മനുഷ്യരുടെ രാജാവിനോട്. മനുഷ്യരുടെ ദൈവത്തോട്. ദുർബോധനം നടത്തി പിൻമാറിക്കളയുന്നവരെക്കൊണ്ടുള്ള കെടുതിയിൽ നിന്ന്. മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനം നടത്തുന്നവർ. മനുഷ്യരിലും ജിന്നുകളിലും പെട്ടവർ'' (114:1-6).

മനുഷ്യരിലും ജിന്നുകളിലും പെട്ടവർ മനുഷ്യഹൃദയങ്ങളിൽ ദുർമന്ത്രണം നടത്തുന്നു എന്ന് ഇതിൽ പറയുന്നുണ്ട്. മനുഷ്യർ വഴിപിഴപ്പിക്കുന്നത് ഒരു പക്ഷേ നമുക്ക് കണ്ടും കേട്ടും മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ജിന്നുകൾ പിഴപ്പിക്കുന്നതോ? അത് നാം കാണുന്നുണ്ടോ? ജിന്നുകൾ അഭൗതിക സൃഷ്ടികളാണ് എന്ന് വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം അവർ നമ്മിൽ ഇടപെടില്ല. ഇടപെടും എന്ന് വിശ്വസിക്കുന്നത് അഭൗതിക മാർഗത്തിൽ അല്ലാഹുവിന് മാത്രമെ നമ്മിൽ ഇടപെടാൻ സാധിക്കൂ എന്ന അടിസ്ഥാന തത്ത്വത്തിന് എതിരാകുന്നു. അപ്പോൾ ഇവിടെ നാം ഒരു കാര്യം ചിന്തിക്കേണ്ടതുണ്ട്. ജിന്നുകൾ നമ്മിൽ ദുർമന്ത്രം നടത്തുമെന്ന് ക്വുർആൻ പറയുന്നു. ശിർക്കിന് ഒരിക്കലും ക്വുർആനിൽ തെളിവ് കാണില്ലല്ലോ. ജിന്നുകൾ നമ്മിൽ ഇടപെടുമെന്ന് വിശ്വസിക്കുന്നത് ശിർക്കാണെങ്കിൽ ക്വുർആനിൽ തെറ്റ് വന്നോ? ഇല്ല! അഭൗതിക മാർഗത്തിലൂടെ അല്ലാഹുവിന് മാത്രമെ ഗുണവും ദോഷവും വരുത്താൻ സാധിക്കൂ എന്ന തൗഹീദിന്റെ നിർവചനം മനസ്സിലാക്കുന്നിടത്ത് ഇവർക്ക് പാളിച്ച സംഭവിച്ചിരിക്കുന്നു.

വിഷയത്തിലേക്കു വരാം. മുസ്‌ലിം സൈന്യത്തിന് ഒരു പുത്തൻ ഉണർവ് ലഭിച്ചു. എല്ലാവരും ഉറച്ചു നിന്നു. ശത്രുക്കൾക്കെതിരിൽ അവർ പോരാട്ടം തുടർന്നു. യുദ്ധ രംഗത്തിന്റെ ഗതിതന്നെ മാറി. യുദ്ധ ഭൂമി ചൂടുപിടിച്ചു. അനുചരന്മാരോട് ശക്തമായി പോരാടാൻ നബി(സ്വ) ആഹ്വാനം ചെയ്തു. നബി(സ്വ) ചരൽ വാരി ശത്രുക്കളുടെ നേരെ എറിഞ്ഞു. ഒരു അത്ഭുതം സംഭവിച്ചു. ശത്രുക്കളുടെ കണ്ണുകളിൽ മണ്ണ് നിറയുന്നു. സാധാരണ ഒരു പിടി മണ്ണ് വാരി എറിഞ്ഞാൽ എത്ര ദൂരം അത് എത്തും? എത്ര പേരെ അത് ബാധിക്കും? ഇവിടെ നബി(സ്വ) ഇപ്രകാരം ചെയ്ത സന്ദർഭത്തിൽ ശത്രുക്കളുടെ എല്ലാവരുടെയും കണ്ണുകളിൽ മണ്ണ് നിറയുന്ന അവസ്ഥയുണ്ടായി. ഇത് മനുഷ്യർക്ക് ചെയ്യാൻ കഴിയുന്ന കാര്യമല്ല. എറിയുക എന്നതേ ഒരാൾക്ക് ചെയ്യാൻ കഴിയൂ. അതാണ് നബി(സ്വ) ചെയ്തത്. ശത്രുക്കളുടെ എല്ലാവരുടെയും കണ്ണുകളിൽ അത് എത്തിച്ചത് അല്ലാഹുവാണ്. അത് അല്ലാഹുവിന്റെ മാത്രം കഴിവിൽ പെട്ടതാണ്. സൃഷ്ടികൾക്ക് ആർക്കും ചെയ്യാൻ കഴിയാത്തതും അല്ലാഹുവിന് മാത്രം ചെയ്യാൻ കഴിയുന്നതുമായ ഒരു കാര്യം (മുഅ്ജിസത്ത്) അല്ലാഹു നബി(സ്വ)യിലൂടെ പ്രകടമാക്കുകയായിരുന്നു.

നബി(സ്വ) ശത്രുക്കൾക്ക് നേരെ ചരൽക്കല്ലുകൾ എറിയുമ്പോൾ അവിടുന്ന് ഇപ്രകാരം പറയുന്നുമുണ്ടായിരുന്നു: 'കഅ്ബയുടെ നാഥൻ തന്നെയാണെ സത്യം, അവർ തോറ്റോടുക തന്നെ ചെയ്യുന്നതാണ്... കഅ്ബയുടെ നാഥൻ തന്നെയാണ സത്യം, അവർ തോറ്റോടുക തന്നെ ചെയ്യുന്നതാണ്.'

നബി(സ്വ) പറഞ്ഞത് പോലെ തന്നെ സംഭവിച്ചു. ശത്രുക്കൾ എല്ലാവരും ഓടി രക്ഷപ്പെട്ടു. ദുറയ്ദ് നേരത്തെ പറഞ്ഞതുപോലെ തന്നെയായി കാര്യം. ആരും തങ്ങളുടെ ഭാര്യമാരെയോ മക്കളെയോ സമ്പത്തിനെയോ ശ്രദ്ധിച്ചതേയില്ല. സ്വയം രക്ഷ മാത്രമാണ് ആ സമയം അവർ തേടിയത്.

നൂറു കണക്കിന് ആളുകൾ ശത്രുക്കളുടെ ഭാഗത്തുനിന്നും ഈ യുദ്ധത്തിൽ വധിക്കപ്പെടുകയുണ്ടായി. എന്നാൽ മുസ്‌ലിംകളിൽനിന്ന് വെറും നാലു പേർ മാത്രമാണ് രക്തസാക്ഷികളായത്. എന്നാൽ ആദ്യ ഘട്ടത്തിൽ യുദ്ധത്തിൽനിന്ന് പിന്തിരിഞ്ഞോടുന്ന വേളയിൽ വീണിട്ടും അമ്പ് കൊണ്ടിട്ടുമെല്ലാമായി ധാരാളം സ്വഹാബിമാർക്ക് പരിക്കു പറ്റിയിരുന്നു. (തുടരും)



ലേഖനം

# ക്വുർആൻ പഠനവും മുൻഗാമികളും

പി. എൻ അബ്ദുല്ലത്തീഫ് മദനി
: +965 9962 6763

> വിശുദ്ധ ക്വുർആൻ മാനവതയുടെ മാർഗദർശക ഗ്രന്ഥമാണ്. അല്ലാഹു അന്തിമദൂതരിലൂടെ അവതരിപ്പിച്ച അവസാന വേദഗ്രന്ഥം. അത് മനഷ്യന്റെ ഇഹപര വിജയത്തിനു നിദാനമാണ്. ക്വുർആൻ പാരായണം ചെയ്യുകയും അതിന്റെ ആശയങ്ങൾ പഠിക്കുകയും അതിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തുകയും ചെയ്യുവാൻ എല്ലാവരും ബാധ്യസ്ഥരാണ്. സത്യവിശ്വാസം ഉൾക്കൊണ്ടവർ അതുമായുള്ള ബന്ധം തുടർന്നുകൊണ്ടേയിരിക്കണം. സച്ചരിതരായ മുൻഗാമികൾ ക്വുർആൻ പഠിക്കുവാൻ കാണിച്ചിരുന്ന താൽപര്യം നമ്മെ വിസ്മയിപ്പിക്കും.

വിശുദ്ധ ക്വുർആൻ മാനവതയുടെ മാർഗദർശക ഗ്രന്ഥമാണ്. അല്ലാഹു അന്തിമദൂതരിലൂടെ അവതരിപ്പിച്ച അവസാന വേദഗ്രന്ഥം. അത് മനഷ്യന്റെ ഇഹപര വിജയത്തിന്ന നിദാനമാണ്. ക്വുർആൻ പാരായണം ചെയ്യുകയും അതിന്റെ ആശയങ്ങൾ പഠിക്കുകയും അതിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തുകയും ചെയ്യുവാൻ എല്ലാവരും ബാധ്യസ്ഥരാണ്. സത്യവിശ്വാസം ഉൾക്കൊണ്ടവർ അതുമായുള്ള ബന്ധം തുടർന്നുകൊണ്ടേയിരിക്കണം. സച്ചരിതരായ മുൻഗാമികൾ ക്വുർആൻ പഠിക്കുവാൻ കാണിച്ചിരുന്ന താൽപര്യം നമ്മെ വിസ്മയിപ്പിക്കും.

സ്വഹാബിമാരും താബിഉകളുമായ ഏതാനും മഹത്തുക്കൾ ക്വുർആനിനെക്കുറിച്ച് പറഞ്ഞ ചില വചനങ്ങളാണ് താഴെ കൊടുക്കുന്നത്:

''എന്റെ പഠനം ക്വുർആനിൽ പരിമിതപ്പെടുത്തിയിരുന്നുവെങ്കിൽ...!'' (സുഫ്‌യാനുസ്സൗരി).

''ക്വുർആനിന്റെ ആശയങ്ങൾ ഗ്രഹിക്കുന്നതിന്ന് വേണ്ടിയല്ലാത്ത കാര്യങ്ങളിൽ ഞാൻ പാഴാക്കിക്കളഞ്ഞ ധാരാളം സമയത്തിന്റെ പേരിൽ ഞാൻ ഖേദിക്കുന്നു'' (ശൈഖുൽ ഇസ്‌ലാം ഇബ്നുതീമിയ).''

''അല്ലാഹു നിങ്ങൾക്കേറ്റവും പ്രിയപ്പെട്ടവനാകുന്നതുവരെ നിങ്ങൾ ഉന്നതിയിലെത്തില്ല. വല്ലവനും ക്വുർആനിനെ സ്‌നേഹിച്ചാൽ അവൻ അല്ലാഹുവിനെ സ്‌നേഹിച്ചു. നിങ്ങളോടു പറയുന്നതിനെ ശരിയാംവണ്ണം ഗ്രഹിക്കുക'' (സുഫ്‌യാൻ ബിൻ ഉയയ്ന).

''നിങ്ങൾ ക്വുർആൻ പാരായണം ചെയ്യുക. കെട്ടിത്തൂക്കിയ മുസ്ഹഫുകളാവരുത് നിങ്ങളുടെ ആകർഷിക്കുന്നത്. ക്വുർആനിന്റെ ഭരണിയായ ഹൃദയത്തെ അല്ലാഹു ശിക്ഷിക്കുകയില്ല'' (അബൂഉമാമ അൽ ബാഹിലി).

''നിങ്ങൾ ജ്ഞാനം തേടുന്നുവോ; ക്വുർആൻ എടുക്കുക. കാരണം പൂർവികരുടെയും പിൽക്കാലക്കാരുടെയും വിജ്ഞാനം അതിലുണ്ട്'' (ഇബ്‌നു മസ്ഊദ്).

''ക്വുർആൻ പാരായണം ചെയ്യപ്പെടുന്ന വീട് വീട്ടുകാർക്ക് വിശാലമായിരിക്കും. അവിടെ നന്മകൾ കൂടും. അവിടെ മലക്കുകൾ സന്നിഹിതരാവുകയും പിശാചുക്കൾ പുറത്തു പോവുകയും ചെയ്യും. അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യപ്പെടാത്ത വീട്ടിൽ വീട്ടുകാർക്ക് ഇടുക്കം അനുഭവപ്പെടും. നന്മകൾ കുറയുകയും മലക്കുകൾ പുറത്തുപോവുകയും പിശാചുക്കൾ കടന്നുവരികയും ചെയ്യും'' (അബൂഹുറയ്‌റ).

''എന്നെ അല്ലാഹു ഉന്നതിയിലെത്തിച്ചത് ക്വുർആൻ കൊണ്ടാണ്'' (അൽഅഅ്മശ്). ''ക്വുർആനിനു മീതെ ഒരു ഐശ്വര്യമില്ല, ക്വുർആനിന് ശേഷം ഒരു ദാരിദ്ര്യവുമില്ല'' (ഹസനുൽ ബസ്വരി).

ദിയാഉൽ മക്‌വ്ദിസി അറിവ് അന്വേഷിച്ചുകൊണ്ടുള്ള യാത്രക്കൊരുങ്ങിയപ്പോൾ ഇബ്‌റാഹീം അൽ മക്‌വ്ദിസി അദ്ദേഹത്തിന് കൊടുത്ത ഉപദേശം: 'നീ ഉപേക്ഷകൂടാതെ ധാരാളം ക്വുർആൻ പാരായണം ചെയ്യുക. നീ ക്വുർആൻ പാരായണം ചെയ്യുന്നതിന്നനുസരിച്ചാണ് നിന്റെ ദൗത്യം എളുപ്പമാവുക.'

ദിയാഉൽ മക്‌വ്ദിസി പറയുന്നു: 'ഞാനതു പരീക്ഷിച്ചുനോക്കി. ഞാൻ കൂടുതൽ ക്വുർആൻ പാരായണം ചെയ്യുമ്പോൾ കൂടുതൽ ഹദീസുകൾ കേൾക്കാനും എഴുതിയെടുക്കാനും കഴിയുന്നു. പാരായണം കുറഞ്ഞാൽ പഠിക്കാൻ പ്രയാസം നേരിടുന്നു.'

''നിങ്ങൾക്കു മുമ്പുള്ളവർ ക്വുർആനിനെ അല്ലാഹുവിന്റെ സന്ദേശമായിക്കണ്ടു. രാവുകളിൽ അത് വിചിന്തനം ചെയ്തും പകൽ അത് പരിശോധിച്ചും അവർ സമയം ചെലവിട്ടു'' (അൽഹസൻ ബിൻ അലി).

''ഹൃദയം ശുദ്ധമാണെങ്കിൽ ക്വുർആൻ പാരായണത്തിൽ മതിവരില്ല'' (ഉസ്മാനുബ്‌നു അഫ്ഫാൻ). ''നിങ്ങൾ കവിത പാടുമ്പോലെ ക്വുർആൻ പാരായണം ചെയ്യരുത്. ചീത്ത കാരക്ക ചൊരിയുന്നത് പോലെ വിതറുകയും അരുത്. അതിന്റെ അത്ഭുതങ്ങൾക്കു മുമ്പിൽ ചിന്താനിമഗ്നരാവുക. അതുകൊണ്ടു ഹൃദയത്തെ ചലിപ്പിക്കുക. ഹൃദയത്തെ ഉത്തേജിപ്പിക്കുക. അവസാനത്തെ സൂറത്തിൽ ഓടിയെത്തലാവരുത് നിങ്ങളുടെ ലക്ഷ്യം'' (ഇബ്‌നു മസ്ഊദ്).

ഒരാൾ ഉബയ്യുബിൻ കഅ്ബിനോട് പറഞ്ഞു: 'എനിക്ക് ഉപദേശം തരണം.' അദ്ദേഹം പറഞ്ഞു: 'നീ അല്ലാഹുവിന്റെ ഗ്രന്ഥത്തെ ഇമാമാക്കുക. അതിനെ വിധികർത്താവായി തൃപ്തിപ്പെടുക. അതാണ് നിങ്ങൾക്ക് ദൂതൻ വിട്ടേച്ചുപോയത്. അതു ശുപാർശകനാണ്. അനുസരിക്കപ്പെടേണ്ടതും സംശയിക്കപ്പെടാത്ത സാക്ഷിയുമാണത്. അതിൽ നിങ്ങളുടെയും പൂർവികരുടെയും ചരിത്രമുണ്ട്. നിങ്ങൾക്കും ശേഷം വരുന്നവർക്കുമാവശ്യമായ ഉൽബോധനവും വിധിയും വൃത്താന്തവുമാണത്.'

''ക്വുർആൻ വിജ്ഞാന കുതുകികളുടെ പൂന്തോട്ടമാണ്. അവർക്ക് ആ തോട്ടത്തിൽ എവിടെ ചെന്നാലും ഉല്ലാസമായിരിക്കും'' (മുഹമ്മദ് ബിൻ വാസിഅ്). ''നിങ്ങൾ ക്വുർആൻ മുറുകെപ്പിടിക്കുക. അത് ബുദ്ധിയുടെ ഗ്രാഹ്യതയാണ്. ജ്ഞാനത്തിന്റെ പ്രകാശവും ഉറവിടവുമാണ്; അവസാന ദൈവികഗ്രന്ഥവും'' (കഅ്ബുൽ അഹ്ബാർ).

''മൂന്നു കാര്യങ്ങളിൽ നിങ്ങൾ ജീവിത മാധുര്യം തിരക്കുക; നമസ്‌കാരത്തിൽ, ക്വുർആനിൽ, ദൈവസ്മരണയിൽ. നിങ്ങൾ മാധുര്യം കണ്ടെത്തിയാൽ സന്തോഷത്തോടെ മുന്നോട്ടുപോവുക. മാധുര്യം കാണാനായില്ലെങ്കിൽ ഉറപ്പിക്കുക, തന്റെ കവാടം പൂട്ടിക്കിടക്കുകയാണ്'' (ഹസനുൽബസ്വരി).

**ദിയാഉൽ മക്‌വ്ദിസി അറിവ് അന്വേഷിച്ചുകൊണ്ടുള്ള യാത്രക്കൊരുങ്ങിയപ്പോൾ ഇബ്‌റാഹീം അൽ മക്‌വ്ദിസി അദ്ദേഹത്തിന് കൊടുത്ത ഉപദേശം: 'നീ ഉപേക്ഷ കൂടാതെ ധാരാളം ക്വുർആൻ പാരായണം ചെയ്യുക. നീ ക്വുർആൻ പാരായണം ചെയ്യുന്നതിന്നനുസരിച്ചാണ് നിന്റെ ദൗത്യം എളുപ്പമാവുക.' ദിയാഉൽ മക്‌വ്ദിസി പറയുന്നു: 'ഞാനതു പരീക്ഷിച്ചുനോക്കി. ഞാൻ കൂടുതൽ ക്വുർആൻ പാരായണം ചെയ്യുമ്പോൾ കൂടുതൽ ഹദീസുകൾ കേൾക്കാനും എഴുതിയെടുക്കാനും കഴിയുന്നു. പാരായണം കുറഞ്ഞാൽ പഠിക്കാൻ പ്രയാസം നേരിടുന്നു.'**

''അതുകൊണ്ടു നിങ്ങളുടെ ഹൃദയത്തെ ജീവസ്സുറ്റതാക്കുക, അതുകൊണ്ടു നിങ്ങളുടെ ഭവനങ്ങളെ സജീവമാക്കുക-അഥവാ ക്വുർആൻകൊണ്ട്'' (ക്വതാദ).

''ഹൃദയങ്ങൾ എന്നത് ആവനാഴികളാണ്. അവയെ ക്വുർആൻകൊണ്ട് നിറക്കുക. മറ്റൊന്നും നിറക്കാതിരിക്കുക'' (ഇബ്‌നുമസ്ഊദ്).

''നിങ്ങൾ ക്വുർആൻ മുറുകെ പിടിക്കുക. അത് പഠിക്കുകയും നിങ്ങളുടെ മക്കളെ പഠിപ്പിക്കുകയും ചെയ്യുക. കാരണം ആ ക്വുർആനിനെക്കുറിച്ചു നിങ്ങൾ ചോദ്യം ചെയ്യപ്പെടും. അതുമുഖേന നിങ്ങൾക്കു പ്രതിഫലവും കിട്ടും. ചിന്തിക്കുന്നവർക്ക് ഉപദേശകനായി ക്വുർആൻ മതി'' (അബ്ദുല്ലാഹ് ബിൻ ഉമർ).

''നീയാവട്ടെ മറ്റുള്ളവരാവട്ടെ, അല്ലാഹുവിനോട് എത്ര സ്‌നേഹമുള്ളവനാണെന്നറിയാൻ തന്റെ ഹൃദയത്തിൽ ക്വുർആനിനോട് എത്ര സ്‌നേഹമുണ്ടെന്നു പരിശോധിച്ചാൽ മതി'' (ഇബ്‌നുൽ ക്വയ്യിം).



# ആരോഗ്യസംരക്ഷണം വിശ്വാസിയുടെ ബാധ്യത

ഡോ. യാസ്മിൻ എം. അബ്ബാസ്
ആമയൂർ
9400288772

ഇസ്‌ലാം മനുഷ്യന്റെ ഇഹപര ജീവിത വിജയത്തിനാവശ്യമായ മുഴുവൻ കാര്യങ്ങളും പഠിപ്പിക്കുന്ന മതമാണ്. ആരാധനകൾ, സ്വഭാവഗുണങ്ങൾ, പെരുമാറ്റ മര്യാദകൾ, വിശ്വാസകാര്യങ്ങൾ... എന്നിങ്ങനെ എല്ലാ കാര്യങ്ങളിലും ഇസ്‌ലാം മനുഷ്യന് മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ട്. മനുഷ്യന്റെ ആരോഗ്യ പരിപാലന രംഗത്തും ഇസ്‌ലാം കൃത്യമായ മാർഗനിർദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ ഈ രംഗത്ത് നമ്മുടെ സമൂഹത്തിന് കൃത്യമായ ശ്രദ്ധ നഷ്ടപ്പെട്ടുപോകുന്നു എന്ന് നമുക്ക് നിലവിലെ സാഹചര്യങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നു.

### രോഗപ്രതിരോധം

കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ലോകാരോഗ്യ സംഘടന പുറപ്പെടുവിച്ച മാർഗനിർദേശങ്ങളിൽ ഒട്ടേറെ കാര്യങ്ങൾ ഇസ്‌ലാം പണ്ടുമുതൽക്കേ നിഷ്‌കർഷിച്ചതാണ്. സാമൂഹ്യ അകലം പാലിക്കൽ, കൈ കഴുകൽ തുടങ്ങിയവ അവയിൽ പ്രധാനപ്പെട്ടവയാണ്.

### ജീവിതശൈലി രോഗങ്ങൾ

സാംക്രമിക രോഗങ്ങൾക്കെതിരെ നാം കൈക്കൊള്ളുന്ന ശ്രദ്ധയുടെ ഒരൽപം പോലും ജീവിതശൈലിയുടെ കാര്യത്തിൽ നാം കാണിക്കുന്നില്ല എന്നതാണ് വാസ്തവം. ആധുനിക കാലഘട്ടത്തിലെ കണക്കുകൾ അനുസരിച്ച് ജീവിതശൈലി രോഗങ്ങൾ എന്ന ഒറ്റ തലക്കെട്ടിനുള്ളിൽ മനുഷ്യജീവിതത്തെ 4 ചുമരിനുള്ളിലെ കിടക്കയിൽ പരിമിതപ്പെടുത്തുന്നതും അതുമല്ലെങ്കിൽ പെട്ടെന്നുതന്നെ മരണത്തിലേക്ക് നയിക്കുന്നതുമായ അസുഖങ്ങളുടെ കണക്കുകൾ എത്രയോവലുതാണ്. കരൾ രോഗങ്ങൾ, വൃക്കരോഗങ്ങൾ, ഹൃദയ സംബന്ധമായ രോഗങ്ങൾ എല്ലാം ഇതിന്റെ ഉദാഹരണങ്ങളാണ്. ഈ കണക്കുകളെല്ലാം ഇത്രത്തോളം ഭയപ്പെടുത്തുന്നതായിട്ട് പോലും നമ്മൾ ജീവിതശൈലി രോഗങ്ങൾക്കെതിരെയുള്ള കാര്യങ്ങൾക്കായി മുൻകൈ എടുക്കാറുണ്ടോ എന്ന് നാം ചിന്തിക്കണം.


### നബി(സ്വ)യുടെ ജീവിതശൈലി

ആരാധനാരംഗത്ത് നാം പുലർത്തുന്ന കണിശത പലപ്പോഴും നബി(സ)യുടെ ജീവിതശൈലിയുടെ കാര്യത്തിൽ ശ്രദ്ധിക്കാതെ പോകുന്നുണ്ടോ എന്ന് നമുക്ക് സംശയിക്കേണ്ടിയിരിക്കുന്നു. ആരോഗ്യത്തെ ഇഹലോകത്തെ ഏറ്റവും വലിയ അനുഗ്രഹങ്ങളുടെ കൂട്ടത്തിൽ നബി(സ) എണ്ണിയതായി നമുക്ക് കാണാം. ആരോഗ്യത്തിനുവേണ്ടി വേണ്ടി പ്രാർഥിക്കുവാനും ആരോഗ്യപരമായ ജീവിതശൈലി കൊണ്ടുനടക്കുവാനും നബി(സ) നിർദേശിച്ചിട്ടുണ്ട്. നബി(സ്വ)യുടെ ഉറക്കവും ഭക്ഷണവും അധ്വാനവുമെല്ലാം നമുക്ക് അക്കാര്യത്തിൽ മാതൃകാപരമാണ്. നബി(സ്വ) നേരത്തെ ഉറങ്ങുകയും നേരത്തെ ഉണരുകയും ചെയ്തിരുന്നു. ഉറങ്ങുമ്പോൾ വലതു വശത്തേക്ക് ചെരിഞ്ഞുകിടക്കുകയും ചെയ്തിരുന്നു. ഈ പറഞ്ഞ കാര്യങ്ങൾ എല്ലാംതന്നെ ആരോഗ്യത്തിന് വളരെയധികം നല്ലതാണെന്ന് ആധുനിക ശാസ്ത്രം പറയുന്നു.

### ഭക്ഷണം ഏറ്റവും വലിയ വില്ലൻ!

നബി(സ്വ) പറഞ്ഞിട്ടുള്ളത് ഒരാൾക്ക് നടുനിവർത്താൻ രണ്ടോമൂന്നോ ഉരുള ഭക്ഷണം മതി എന്നാണ്. മൂന്നിലൊന്ന് ഭക്ഷണത്തിനും മൂന്നിലൊന്ന് വെള്ളത്തിനും മൂന്നിലൊന്ന് വായുവിനും...! നമ്മുടെ ആമാശയത്തെ മൂന്നായി തിരിച്ചാൽ അതിന്റെ ഒരു ഭാഗം നിറയ്ക്കാൻ എത്ര കുറച്ചുമാത്രം മതിയെന്ന് നമുക്കറിയാം. എന്നാൽ നമ്മൾ കഴിക്കുന്നതോ?

ഒരു കാര്യത്തിലും അമിതത്വം പാടില്ല എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. എന്നാൽ ഭക്ഷണകാര്യത്തിൽ അമിതത്വം കാണിക്കുന്നതിൽ ആർക്കും മടിയില്ല. ആരാധന കർമങ്ങൾ എത്രത്തോളം പ്രാധാന്യത്തോടെ നിറവേറ്റുന്നുവോ അതുപോലെ നബി(സ) പഠിപ്പിച്ച ആരോഗ്യ സംരക്ഷണ മാർഗങ്ങളും പാലിക്കേണ്ടതുണ്ട്. കൂടെ പ്രാർഥനയും അനിവാര്യമാണ്. അല്ലാഹു പറയുന്നു: “നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല” (ക്വുർആൻ 7:31). ■




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക: 9207525244

WhatsApp: 9207525244

WISDOM BOOKS

PUBLISHING || DISTRIBUTION

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244

ഹുസൈൻ സലഫിയുടെ
**'പ്രകാശം പരത്തിയ പ്രവാചകന്മാർ'**
എന്ന പുസ്തക പരമ്പരയിലെ 670 രൂപ വിലവരുന്ന
4 പുസ്തകങ്ങൾ
ഇപ്പോൾ വെറും 500 രൂപക്ക്...!!!

ഈ ഓഫർ
ഡിസംബർ 5 മുതൽ
ജനുവരി 15 വരെ

yono SBI | SBI Payments

MERCHANT NAME: WISDOM ISLAMIC ORGANIZATION
UPI ID: WISDOMISLAMICCLT@SBI

SCAN & PAY

BHIM SBI Pay
BHIM UPI

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 FEBRUARY 12

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

